**2008 ജൂലൈ– ആഗസ്റ്റ്**
1183 കർക്കിടകം - ചിങ്ങം
1429 ജമാദുൽ ആഖിർ- റജബ്
1387 വഫാ - ഉഹൂർ
പുസ്തകം 8 ലക്കം 4

വില 10 രൂപ

بسم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود


# സത്യമിത്രം

ദ്വൈമാസിക
**ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം**

## വി ഷ യ വി വ രം

ആമുഖം
പാക്കിസ്ഥാൻ വീണ്ടും നേതൃത്വശൂന്യതയിലേക്കോ? **4**

**യുഗനാദം**



അങ്ങനെയുള്ള ഒരുവനത്രെ എന്റെ ദൈവം, അവനിൽ നിങ്ങൾ വിശ്വസിക്കുകയും അവനെ നിങ്ങളുടെ മുമ്പിൽ പ്രതിഷ്ഠിക്കുകയും വേണം. നിങ്ങളുടെ മനോക്ഷേത്രത്തിൽ സർവ്വോപരിയായി ദൈവം വാഴട്ടെ. സ്വാർത്ഥങ്ങളേക്കാളും സ്വാശ്വാസങ്ങളേക്കാളും എന്നുവേണ്ടാ, നിങ്ങളുടെ എല്ലാ ബന്ധങ്ങളേക്കാളും നിങ്ങൾക്കു പ്രിയമേറിയത് അവനായിരിക്കട്ടെ. യാതൊരു കൊടുങ്കാറ്റും നിങ്ങളെ കുലുക്കിക്കളയാത്തവണ്ണം അവന്റെ പാതയിൽ നിങ്ങൾ സ്ഥൈര്യമുള്ളവരായിരിപ്പിൻ. ലോകം അതിന്റെ ഉപകരണങ്ങളിൽ നമ്പുന്നു; അല്ലാതെ അതിന്റെ ആ പ്രേമവസ്തുക്കളേക്കാൾ അത് ദൈവത്തെ മതിക്കുന്നില്ല. എന്നാൽ, നിങ്ങൾ ദൈവത്തിൽ മാത്രം ആശ്രയിക്കുകയും സ്വർഗ്ഗത്തിൽ അവന്റെ ഇഷ്ടജനങ്ങളോടുകൂടെ എണ്ണപ്പെടുവാൻ വേണ്ടി നിങ്ങൾ അവനെ സർവ്വോപരിയായി ഗണിക്കുകയും ചെയ്യുവിൻ.

ദൈവസ്നേഹം പ്രാപിക്കുവിൻ........................................ **5**

**വിശുദ്ധഖുർആൻ**
സൂറത്തുൽ ബഖറ. അർത്ഥം, വ്യാഖ്യാനം.................... **6**

**ഖുത്വ്ബ**
അല്ലാഹുവിന്റെ യഥാർത്ഥ ആരാധകനായിത്തീരുക
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (ഖലീഫത്തുൽ മസീഹ്) **10**

**ലേഖനം**
അഹ്മദിയ്യാ ഖിലാഫത്ത്:
വിഘടിതരുടെ പാലായനം........................................ **14**
എ. അമ്മീൻ

സൃഷ്ടിസേവനം ഇസ്‌ലാമിക പാഠങ്ങൾ.................... **23**
മഹ്മൂദ് കൽക്കുളം

സ്വന്തം ആളുകളാൽ കാഫിറാക്കപ്പെട്ട
മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി.................... **26**
എ.ക്യു. മഹ്ദി

തിരുമനസ്സിന്റെ തിരുമുമ്പിൽ
നാലാം ഖലീഫയുടെ ഓർമ്മകൾ.................... **31**
അഡ്വ. ടി.നിസാർ അഹ്മദ്, കണ്ണൂർ

ചരിത്രം ഉറങ്ങിക്കിടക്കുന്ന സലാല .................... **35**
ശർമീന ആരിഫ്, കൂടാളി

ശബാബിന് ഒരു ജവാബ് .................... **37**
യാസർ അറഫാത്ത്

ദൈവികസഹായത്തിന്റെ അത്ഭുതദൃശ്യങ്ങൾ
സമ്മാനിച്ച 42-ാമത് യു.കെ. സമ്മേളനം
സമാപിച്ചു ........................................................ **38**

പീപിയുടെ ജൽപനങ്ങൾ .................... **40**
മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ

**കവിത**
അനുഗൃഹീത ഖിലാഫത്ത് .................... **42**
അബൂ അയ്മൻ

*എഡിറ്റർ ഇൻ ചാർജ്:*
എം. നാസിർ അഹ്മദ്

*മാനേജർ:*
എം. മുഹമ്മദ് സലിം

**SATHYAMITHRAM**
**ANSARULLAH PUBLICATION**

Printed and Published by Majlis Ansarullah State Committee, Kerala
at BRB Offset Printers & Publishers, Thavakkara, Kannur- 17.
Ph: 0497- 2761010, 2761020

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

ആമുഖം

# പാക്കിസ്ഥാൻ വീണ്ടും നേതൃത്വശൂന്യതയിലേക്കോ?

**ഒ**ൻപത് വർഷത്തെ പട്ടാളഭരണത്തിനുശേഷം നിലവിൽവന്ന പാക്കിസ്ഥാനിലെ ജനാധിപത്യ സർക്കാരിന്റെ ഭാവി അനിശ്ചിതത്വത്തിലായിരിക്കുന്നു. നവാസ് ശരീഫിന്റെ ഭരണത്തെ അട്ടിമറിച്ച് പട്ടാള ഭരണം നടപ്പിലാക്കിയ മുഷറഫ്, തിരഞ്ഞെടുപ്പെന്ന വാഗ്ദാനങ്ങൾ നിരന്തരം ലംഘിക്കുകയായിരുന്നു. ഒടുവിൽ സമ്മർദ്ദമേറിയപ്പോൾ തിരഞ്ഞെടുപ്പിന് ജനറൽ തയ്യാറാവുകയാണുണ്ടായത്. ഇതിനിടെ പാക്കിസ്ഥാനിലേക്ക് തിരിച്ചുവന്ന ശെരീഫിനെ നിലംതൊടുന്നതിന് മുമ്പ് തിരിച്ചയച്ച ജനറലിന് ഒടുവിൽ കോടതി ഇടപെടലിലൂടെ നിലപാട് മാറ്റേണ്ടിവന്നു.

അങ്ങനെ അവിടെ ഒരിക്കൽകൂടി തിരഞ്ഞെടുപ്പിന് കളമൊരുങ്ങി. ശരീഫും ബേനസീറും ഇണങ്ങിയും പിണങ്ങിയും നീങ്ങിയ തിരഞ്ഞെടുപ്പ് പ്രചാരണത്തിനൊടുവിൽ ബേനസീർ കൊല്ലപ്പെട്ടതോടെ മുഷറഫിന് എതിരായി ജനം വിധിയെഴുതി. അതിനുമുമ്പുതന്നെ പട്ടാളവേഷമഴിച്ച് സിവിലിയൻ പ്രസിഡണ്ടായി ഇരുപ്പ് ഉറപ്പിച്ചിരുന്നു. മുഷറഫിനാൽ പിരിച്ചുവിടപ്പെട്ട ന്യായാധിപന്മാരെ തിരിച്ചെടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ധാരണയിലെത്തിയാണ് പി.പി.പി. അധികാരത്തിലേറിയത്. പുതിയഭരണം നിലവിൽ വന്നെങ്കിലും ജനങ്ങളുടെ ആശങ്കകൾ അകന്നിരുന്നില്ല. ഇതെത്രകണ്ടു എന്ന നിസ്സംഗതയാണ് സാധാരണജനങ്ങൾ പ്രകടിപ്പിച്ചത്.

പാക്കിസ്ഥാൻ എന്ന രാഷ്ട്രം പിറന്ന് അല്പവർഷങ്ങൾക്കകംതന്നെ അതൊരു അസ്ഥിര ഭരണകൂടങ്ങളുടെ നാടായി മാറിക്കഴിഞ്ഞിരുന്നു. പട്ടാള അട്ടിമറികൾ ഏറെകണ്ട ആ രാജ്യത്ത് നേതൃത്വശൂന്യത രൂപപ്പെടാൻ തുടങ്ങിയത് സുൾഫിക്കർ അലിഭൂട്ടോയുടെ ഭരണകാലം തൊട്ടാണ്. സുൾഫിക്കറിനെ ആ നിലയിൽ എത്തിച്ചതിന്റെ പൂർണ്ണ ഉത്തരവാദിത്വം അവിടുത്തെ മതമൗലികവാദികളായ മുല്ലമാരുടേതാണ്. ഈ മുല്ലായിസത്തെ പ്രോത്സാഹിപ്പിച്ചതിന് പിന്നിൽ പ്രവർത്തിച്ചത് മൗദൂദികളും. കാലഘട്ടത്തിലെ നബിയുടെ അനുയായികളെ മർദ്ദിക്കാൻ തുടങ്ങിയപ്പോൾ ദൈവം ആ നാടിനെ അരക്ഷിതാവസ്ഥയിലാക്കുകയായിരുന്നു. സുൾഫിക്കറിനെ അട്ടിമറിച്ച് ഭരണം പിടിച്ച ജനറൽ സിയായും മുല്ലായിസത്തിന്റെ കളിപ്പാവയായി മാറി. കരിനിയമങ്ങൾ ഒന്നിനു പിറകെ മറ്റൊന്നായി നടപ്പിൽ വരുത്തിയ ഈ ജനറൽ പാക്കിസ്ഥാനിലെ സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കുകയായിരുന്നു. പ്രത്യേകിച്ചും അഹ്മദികളുടേത്. അയാൾ ദൈവികശിക്ഷയ്ക്ക് ഇരയായപ്പോൾ ബേനസീർ അധികാരത്തിൽ വന്നു. ഇതിൽ ജനം ആശ്വസിച്ചെങ്കിലും അടിസ്ഥാനപരമായ മാറ്റം കൊണ്ടുവരാത്തതിനാൽ അവിടത്തെ അവസ്ഥ ദുസ്സഹം തന്നെയായി തുടർന്നു. പിന്നീട് നവാസും തുടർന്ന് മുഷറഫും വന്നെങ്കിലും സ്ഥിതി മാറിയില്ല.

ഇസ്‌ലാമിക രാഷ്ട്രമെന്ന് സ്വയം അഭിമാനിച്ച ഈ രാജ്യത്തിനകത്ത് ഈ കാലയളവിന്നിടയിൽ നിരവധി പ്രശ്നങ്ങൾ തലപൊക്കി. പൊതുജനങ്ങൾ ഈ പ്രശ്നങ്ങളിൽപെട്ട് നട്ടംതിരിയുകയായിരുന്നു. കുതിച്ചുയർന്ന പണപ്പെരുപ്പം, ഭക്ഷ്യക്ഷാമം, ജലക്ഷാമം, നിയമലംഘനങ്ങ

പേജ് - 9 - ൽ



# ദൈവസ്നേഹം പ്രാപിക്കുവിൻ

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)

**എ**ന്നെ അനുഗമിക്കുന്നതിനു ഒന്നാമതായിട്ട് സർവ്വചരാചര സ്രഷ്ടാവും, സർവ്വവല്ലഭനും, അനാദ്യന്തനും, നിത്യനും, തൻദിവ്യഗുണങ്ങളിൽ മാറ്റമില്ലാത്ത സമ്പൂർണ്ണനും, പുത്രനല്ലാത്തവനും, പുത്രനില്ലാത്തവനും, പരുക്കേൽക്കുക, ക്രൂശിക്കപ്പെടുക, മരണം പ്രാപിക്കുക എന്നീ ബാധകങ്ങൾക്കു വശഗതനാകാത്ത നിർമ്മലനുമായി സ്ഥിതിചെയ്യുന്ന ഏകദൈവത്തിൽ വിശ്വസിക്കേണ്ടതാണ്. അവൻ അകലെയാണുള്ളതെങ്കിലും വളരെ അരികത്തായും, അരികത്താണുള്ളതെങ്കിലും വളരെ അകലത്തായും സ്ഥിതി ചെയ്യുന്നു. അവൻ ഏകനാണെന്നിരിക്കിലും അവന്റെ വെളിച്ചപ്പാടുകൾ അനേകമാകുന്നു. തന്നെത്താൻ പുതുക്കുന്നവർക്കു അവൻ ഒരു പുതുദൈവവും അവരുമായുള്ള തന്റെ പെരുമാറ്റങ്ങൾക്കു പുതിയവനുമാകുന്നു. താന്താങ്ങളുടെ രൂപത്തെ ഭേദിപ്പിക്കുന്നത്കണ്ട് ദൈവത്തിലും ഒരു രൂപഭേദം അവർക്ക് ഗോചരീഭവിക്കുന്നു. എന്നാൽ, ദൈവമല്ല ഭേദിക്കുന്നത്! കാരണം, അവൻ ഭേദിക്കാത്തവനും തന്റെ ദിവ്യഗുണങ്ങളിൽ സർവ്വഥാ പരിപൂർണ്ണനുമത്രെ. അത് ഒരു മനുഷ്യൻ തന്റെ മനസ്സിനെ നവീകരിച്ച് തന്നിൽ ഒരു പരിവർത്തനം വരുത്തുമ്പോൾ അവന് പ്രത്യക്ഷമാകുന്ന ഒരു നവമായ ദൈവാനുഭൂതി മാത്രമാകുന്നു. ഒരുവൻ സ്വന്തം നിലയിൽനിന്ന് ഉയരുന്തോറും അവന് ഓരോ വിശിഷ്ടതരം ദൈവമാഹാത്മ്യവും വെളിപ്പെടുന്നു. അവൻ തന്നിൽ ഒരു അസാധാരണമായ രൂപാന്തരം വരുത്തുന്നതോടുകൂടെ സർവ്വശക്തനായ ദൈവം തന്റെ അസാധാരണമായ മഹത്വത്തെ അവന് വെളിപ്പെടുത്തിക്കാണിക്കുന്നു. അടയാളങ്ങളുടേയും അത്ഭുതദൃഷ്ടാന്തങ്ങളുടേയും അടിസ്ഥാന തത്വം ഇതുതന്നെയാണ്.

അങ്ങനെയുള്ള ഒരുവനത്രെ എന്റെ ദൈവം, അവനിൽ നിങ്ങൾ വിശ്വസിക്കുകയും അവനെ നിങ്ങളുടെ മുമ്പിൽ പ്രതിഷ്ഠിക്കുകയും വേണം. നിങ്ങളുടെ മനോക്ഷേത്രത്തിൽ സർവ്വോപരിയായി ദൈവം വാഴട്ടെ. സ്വാർത്ഥങ്ങളേക്കാളും സ്വശ്വാസങ്ങളേക്കാളും എന്നുവേണ്ടാ, നിങ്ങളുടെ എല്ലാ ബന്ധങ്ങളേക്കാളും നിങ്ങൾക്കു പ്രിയമേറിയത് അവനായിരിക്കട്ടെ. യാതൊരു കൊടുങ്കാറ്റും നിങ്ങളെ കുലുക്കിക്കളയാത്തവണ്ണം അവന്റെ പാതയിൽ നിങ്ങൾ ധൈര്യമുള്ളവരായിരിപ്പിൻ. ലോകം അതിന്റെ ഉപകരണങ്ങളിൽ നമ്പുന്നു; അല്ലാതെ അതിന്റെ ആ പ്രേമവസ്തുക്കളേക്കാൾ അത് ദൈവത്തെ മതിക്കുന്നില്ല. എന്നാൽ, നിങ്ങൾ ദൈവത്തിൽ മാത്രം ആശ്രയിക്കുകയും സ്വർഗ്ഗത്തിൽ അവന്റെ ഇഷ്ടജനങ്ങളോടുകൂടെ എണ്ണപ്പെടുവാൻ വേണ്ടി നിങ്ങൾ അവനെ സർവ്വോപരിയായി ഗണിക്കുകയും ചെയ്യുവിൻ. പുരാതനകാലം മുതൽക്കെ ദൈവം തന്റെ കാരുണ്യപ്രകടനങ്ങളെ പ്രദർശിപ്പിച്ചുകൊണ്ടേയിരിക്കുന്നു. എന്നാൽ, നിങ്ങൾ അവനുമായി ഏകോപിക്കുകയും അവന്റെ ധർമ്മശാസനകളെ എല്ലാം നിർവ്വഹിക്കുകയും ചെയ്തല്ലാതെ നിങ്ങൾക്ക് അവന്റെ കരുണാമൃതം പാനം ചെയ്യാൻ കഴിയുകയില്ല. അവന്റെ അഭീഷ്ടം നിങ്ങളുടെ അഭീഷ്ടമായും അവന്റെ ആവശ്യങ്ങൾ നിങ്ങളുടെ ആവശ്യങ്ങളായുമിരിക്കണം. നിങ്ങളുടെ ദുർഘടകാലങ്ങളിൽ നിങ്ങൾ അവന് വിശ്വസ്തരായിരിക്കുകയും നിങ്ങളുടെ നിലവിളിക്ക് അവൻ ഉത്തരം തന്നാലും തന്നില്ലെങ്കിലും അവന്റെ പടിവാതിൽക്കൽതന്നെ കിടന്നുകൊള്ളുകയും ചെയ്യുവിൻ. അങ്ങനെ എല്ലാ പ്രകാരത്തിലും അവന്റെ ആഭിമതം നിവർത്തിക്കുവിൻ. അപ്രകാരം നിങ്ങൾ അവനിൽ ആശ്രയിച്ചെന്നു വന്നാൽ വളരെക്കാലമായി ലോകത്തിൽനിന്ന് തന്റെ തിരുമുഖത്തെ മറച്ചുവെച്ചിരുന്ന ആ ചിരഞ്ജീവിയായി ദൈവംതാനെ നിങ്ങളിൽ പ്രത്യക്ഷനാകും. ഈ നിയമങ്ങളെ അനുസരിക്കുന്നതിന് യാതൊരുവിധമായ അന്യായവും ബോധിപ്പിക്കാതെ ദൈവികതീർപ്പിനു വഴിപ്പെട്ട അവന്റെ ഇഷ്ടത്തെ നിർവഹിക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുന്നതിനും കഴിവുള്ളവർ നിങ്ങളിൽ ആരെങ്കിലുമുണ്ടോ? വിപത്തുകൾ നാലുപാടുനിന്നും നിങ്ങളെ പിടികൂടുമ്പോൾ അവനിൽ നിങ്ങളുടെ വിശ്വാസം വർദ്ധിച്ചുവരേണം (റൂഹാനീഖസായീൻ). ●

**വിശുദ്ധ ഖുർആൻ**

# സൂറത്തുൽ ബഖറ

***(മദീനയിൽ അവതരിച്ച അദ്ധ്യായം)***

## അർത്ഥം, വ്യാഖ്യാനം

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ
عَلَى الَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴿١٨٣﴾

**184. "വിശ്വസിച്ചവരെ! നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി."**

### പദാർത്ഥം

يَا أَيُّهَا الَّذِينَ آمَنُوا വിശ്വസിച്ചവരെ كُتِبَ നിർബന്ധമാക്കപ്പെട്ടിരിക്കുന്നു عَلَيْكُمُ നിങ്ങൾക്ക് الصِّيَامُ നോമ്പ്, വ്രതം كَمَا ഏതുപോലെ كُتِبَ നിർബന്ധമാക്കപ്പെട്ടിരിക്കുന്നു عَلَى الَّذِينَ അക്കൂട്ടരിൽ مِن قَبْلِكُمْ നിങ്ങൾക്ക് മുമ്പുള്ള لَعَلَّكُمْ നിങ്ങൾ ആയിത്തീരാൻ تَتَّقُونَ നിങ്ങൾ ഭയഭക്തിയുള്ളവരാകുന്നു.

### വ്യാഖ്യാനം

ഈ സൂക്തത്തിൽ വിശ്വാസികൾക്ക് വ്രതാനുഷ്ഠാനം നിർബന്ധമാക്കിയിട്ടുണ്ടെന്ന് പ്രസ്താവിച്ചിരിക്കുന്നു. വ്രതാനുഷ്ഠാനം എല്ലാ മതങ്ങളിലും കണ്ടുവരുന്നുണ്ട്. ആത്മീയ ഉന്നമനത്തിനുള്ള ഒരു മാർഗ്ഗമായാണ് എല്ലാ മതങ്ങളും അതിനെ കണ്ടുവരുന്നത്. ഇസ്‌ലാം വ്രതാനുഷ്ഠാനത്തിന്റെ ഏതൊരു രീതിയാണോ സമർപ്പിച്ചിരിക്കുന്നത് അത് മറ്റു മതങ്ങളുടെ വ്രതാനുഷ്ഠാനങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. ഇസ്‌ലാമിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വ്രതം ഒരു മാസം തുടർച്ചയായി എടുക്കേണ്ടതാണ്. പ്രായപൂർത്തിയെത്തിയ ബുദ്ധിസ്ഥിരതയുള്ള എല്ലാവർക്കും അത് നിർബന്ധമാണ്. എന്നാൽ ആരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ, അല്ലെങ്കിൽ വാർദ്ധക്യം കാരണം ക്ഷീണിതനാണെങ്കിൽ അവർക്കുള്ള നിർദ്ദേശം മറ്റൊന്നാണ്. രോഗിയും യാത്രക്കാരനും മറ്റു ദിവസങ്ങളിൽ നോമ്പ് നോറ്റു വീട്ടുകയും ജീവിതത്തിൽ നോമ്പ് നോറ്റുവീട്ടാൻ കഴിയാത്തവരാണെങ്കിൽ നോമ്പിനു പകരം കഴിയുമെങ്കിൽ ഫിദ്‌യ നൽകേണ്ടതുമാണ്.

വിവിധയിനം വ്രതാനുഷ്ഠാനരീതി ഇന്നും കണ്ടുവരുന്നുണ്ട്. ചിലർ സൂര്യാസ്തമയത്തിന് ശേഷം ഒരു പ്രാവശ്യം മാത്രം ഭക്ഷണം കഴിച്ച് പിന്നീട് അത്താഴമൊന്നും കഴിക്കാതെ അടുത്തദിവസം സൂര്യാസ്തമയം വരെ വ്രതമനുഷ്ഠിക്കുന്നു. ഇതിന് 'വിസ്വാൽ' എന്നാണ് പറയുക. ചിലർ മൂന്നും നാലും ദിവസം ഭക്ഷിക്കാതെ വ്രതമനുഷ്ഠിക്കുന്നു. കട്ടിയുള്ള ഭക്ഷണം കഴിക്കാതെ ലളിതമായ ഭക്ഷണം കഴിക്കാൻ അനുവദിച്ചിരുന്ന വ്രതാനുഷ്ഠാന സമ്പ്രദായവും നിലവിലുണ്ട്. ഹിന്ദുക്കളുടെ വ്രതാനുഷ്ഠാനത്തിൽ തീയിൽ വേവിച്ച ഒന്നും കഴിക്കാൻ പാടില്ല. എന്നാൽ, പഴവർഗ്ഗങ്ങൾ ആവശ്യാനുസരണം കഴിക്കാൻ അവർക്ക് അനുവാദമുണ്ട്. ഇതുപോലെ ക്രിസ്ത്യാനികളിൽ റോമൻ കത്തോലിക്ക വിഭാഗത്തിൽ പെട്ടവരുടെ ഒരു വ്രതാനുഷ്ഠാനരീതി മാംസമല്ലാത്ത എന്തും കഴിക്കാം എന്നതാണ്. ചുരുക്കത്തിൽ വ്രതാനുഷ്ഠാനം എല്ലാ സമുദായങ്ങളിലും വ്യത്യസ്തരീതിയിൽ ഇന്നും നിലനില്ക്കുന്നുണ്ട്. അവർക്ക് വ്രതം നിർബന്ധമായിരുന്നു എന്ന് ഇതിൽനിന്നും വ്യക്തമാണ്. വിശുദ്ധഖുർആനിൽ 'മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടതുപോലെ' എന്ന് പറഞ്ഞതിന്റെ അർത്ഥം അവരുടെ അതേരീതിയിലുള്ള വ്രതം നിങ്ങൾക്കും നിർബന്ധമാക്കിയിരിക്കുന്നു എന്നല്ല, മറിച്ച് അവർക്കും നോമ്പ്

നിർബന്ധമായിരുന്നു, നിങ്ങൾക്കും നിർബന്ധമാണെന്നാണ്.

ഇസ്‌ലാമിന്റെ വ്രതാനുഷ്ഠാനരീതി മുമ്പുപറഞ്ഞ രീതികളിൽനിന്നെല്ലാം വ്യത്യസ്തമാണ്. വെള്ള കീറുന്ന സമയം മുതൽ സൂര്യാസ്തമയ സമയംവരെ ഒന്നും ഭക്ഷിക്കാനോ കുടിക്കാനോ പാടില്ല. സ്ത്രീകളുമായുള്ള സംസർഗ്ഗം പാടില്ല. വെള്ള കീറുന്നതിന് അല്പം മുമ്പ് ഭക്ഷണം കഴിക്കേണ്ടതാണ്. സൂര്യൻ അസ്തമിച്ചുകഴിഞ്ഞാൽ വ്രതം അവസാനിപ്പിക്കേണ്ടതുമാണ്. സന്ധ്യാസമയത്ത് മാത്രം ഭക്ഷണം കഴിച്ച് പിന്നീട് അത്താഴമൊന്നും കഴിക്കാതെ വ്രതമെടുക്കുന്ന രീതി ഇസ്‌ലാം ഇഷ്ടപ്പെടുന്നില്ല.

വ്രതാനുഷ്ഠാനം കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്. ഇതുസംബന്ധമായി വിശുദ്ധഖുർആൻ പറയുന്നു. "***ലഅല്ലക്കും തത്തകൂൻ***" നിങ്ങൾ സൂക്ഷ്മത കൈവരിക്കുന്നതിനുവേണ്ടി.

വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടതുകൊണ്ടുള്ള നേട്ടങ്ങളിൽ ഒന്ന് മുസ്‌ലിംകൾക്ക് മറ്റു സമൂഹങ്ങളുടെ ആക്ഷേപത്തിൽനിന്നും രക്ഷപ്പെടാൻ സാധിക്കുന്നു എന്നാണ്. കാരണം മറ്റു മതാനുയായികൾ ആത്മീയ ഉന്നമനത്തിനുള്ള ഒരു നിദാനമായി വ്രതാനുഷ്ഠാനത്തെ കാണുമ്പോൾ ഇസ്‌ലാമിൽ ഇത് നിർബന്ധമായിരുന്നില്ലെങ്കിൽ അവർ തീർച്ചയായും ഇസ്‌ലാമിന്റെ ആത്മീയതയെക്കുറിച്ചുള്ള വാദത്തെ പരിഹസിക്കുമായിരുന്നു. വ്രതാനുഷ്ഠാനമില്ലാത്ത മതത്തിൽ ആത്മീയത എങ്ങനെയുണ്ടാവാനാണെന്ന് അവർ ചോദിക്കുമായിരുന്നു.

രണ്ടാമത്തെ നേട്ടം വ്രതാനുഷ്ഠാനംമൂലം അല്ലാഹു നോമ്പുകാരന്റെ സംരക്ഷകനായിത്തീരുന്നു എന്നതാണ്. ഇതികാഅ് എന്ന വാക്കിന്നർത്ഥം പരിചയാക്കുക, മോക്ഷത്തിനുള്ള മാർഗ്ഗം സ്വീകരിക്കുക എന്നെല്ലാമാണ്. വ്രതാനുഷ്ഠാനംമൂലം എല്ലാ വിപത്തുകളിൽനിന്നും രക്ഷപ്പെടുന്നതിന്നായി അല്ലാഹുവിനെ കവചമാക്കിവെക്കുക എന്നതാണ്. വ്രതാനുഷ്ഠാനം മൂലം ആത്മീയമായ വിപത്തുകളിൽനിന്ന് രക്ഷപ്പെടുന്നതോടൊപ്പം തന്നെ ശാരീരിക അസ്വസ്ഥതകളിൽ നിന്നും നിങ്ങൾക്ക് രക്ഷപ്പെടാൻ സാധിക്കുന്നു. വ്രതാനുഷ്ഠാനംമൂലം ആരോഗ്യസംരക്ഷണം നടക്കുന്നു എന്ന് ആധുനിക കണ്ടുപിടിത്തങ്ങൾ തെളിയിച്ചിട്ടുള്ളതാണ്. ആത്മീയഉന്നതി അനുഭവത്തിലൂടെ തെളിയിക്കപ്പെട്ടതുമാണ്. അതുകൊണ്ടാണ് അല്ലാഹു തുടർന്നുള്ള വചനത്തിൽ പ്രാർത്ഥനാസ്വീകാര്യതയെക്കുറിച്ച് എടുത്തുപറയുന്നത്. ചുരുക്കത്തിൽ വ്രതാനുഷ്ഠാനം മനുഷ്യന് ഭൗതികവും ആത്മീയവുമായ എല്ലാവിധ വിപത്തുകളിൽനിന്നും രക്ഷപ്പെടാനുള്ള ഒരു കവചമാണ്.

മനുഷ്യൻ അല്ലാഹുവിന്‌വേണ്ടി കഷ്ടപ്പാടുകൾ സഹിക്കുമ്പോൾ അല്ലാഹു അവന്റെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുന്നു. ഇതും നോമ്പുകൊണ്ടുള്ള ഒരു നേട്ടമാണ്. കൂടാതെ നോമ്പുകാരന് വിശപ്പിന്റെയും ദാഹത്തിന്റേയും കാഠിന്യം അറിയാൻ സാധിക്കുകയും സമൂഹത്തിലെ വിശപ്പും ദാഹവും അനുഭവിക്കുന്നവരുടെ വേദന അവന് മനസ്സിലാക്കാൻ സാധിക്കുകയും ചെയ്യുന്നു. അങ്ങനെ അവൻ കഷ്ടതയനുഭവിക്കുന്നവരുടെ കഷ്ടതകൾ അകറ്റാൻ ശ്രമിക്കുകയും ചെയ്യുന്നു. തിരുനബി(സ) റമദാൻ മാസത്തിൽ കൂടുതലായി ദാനധർമ്മങ്ങൾ ചെയ്യാൻ വേണ്ടി കൽപിച്ചിരിക്കുന്നു. ശക്തമായ കാറ്റ് വീശുന്നതുപോലെയാണ് തിരുനബി(സ) റമദാൻ മാസത്തിൽ ദാനധർമ്മങ്ങൾ ചെയ്യാറുണ്ടായിരുന്നത്. ഈ സാമൂഹിക സേവനം നിമിത്തം സമൂഹത്തിൽ ശാന്തിയും സമാധാനവും സ്ഥാപിക്കപ്പെടുന്നു. സ്വന്തം വസ്തുക്കൾ മറ്റുള്ളവരുടെ ഉന്നമനത്തിനായി വിനിയോഗിക്കുന്ന സമൂഹം എന്നും വിജയിക്കുന്നതാണ്. ഇങ്ങനെ മറ്റുള്ളവർക്കായി സ്വന്തം വസ്തുക്കൾ ചിലവഴിക്കുവാനുള്ള ശീലം വ്രതാനുഷ്ഠാനത്തിലൂടെ മനുഷ്യന് കൈവരുന്നു.

റമദാനിൽ ഒരു വിശ്വാസി തന്റെ അർഹതപ്പെട്ട അവകാശങ്ങൾപോലും ദൈവപ്രീതിക്കായി ത്യജിക്കുന്ന ശീലം ഉണ്ടാക്കുന്നു. വിശന്നിട്ടും അല്ലാഹുവിന്റെ കല്പനയെ മാനിച്ച് അവൻ ഭക്ഷണം കഴിക്കുന്നില്ല. ഇതുപോലെതന്നെ മറ്റു പല കാര്യങ്ങളും അവന് അനുവദനീയമായിട്ടും ദൈവത്തിന്റെ കല്പനയെ നടപ്പിൽവരുത്താൻ അവൻ ഉപേക്ഷിക്കുന്നു. സ്വന്തം അവകാശങ്ങൾപോലും ത്യജിക്കുന്ന ഒരു വ്യക്തി പിന്നെ മറ്റുള്ളവരുടെ അവകാശങ്ങൾ എങ്ങനെ അപഹരിക്കും? മാത്രമല്ല ഒരുമാസം സ്വന്തം അവകാശംപോലും ത്യജിക്കാൻ പരിശീലിച്ച ഒരു വ്യക്തി സാമൂഹ്യനന്മയ്ക്കായി ബാക്കി പതിനൊന്ന് മാസങ്ങളും തന്റെ അവകാശങ്ങൾ ത്യജിക്കാൻ തയ്യാറാകുന്നു. ഇതുമുഖേന സമൂഹത്തിൽ പല പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നു.

أَيَّامًا مَّعْدُودَاتٍ ۚ فَمَن كَانَ مِنكُم مَّرِيضًا أَوْ عَلَىٰ
سَفَرٍ فَعِدَّةٌ مِّنْ أَيَّامٍ أُخَرَ ۚ وَعَلَى الَّذِينَ يُطِيقُونَهُ
فِدْيَةٌ طَعَامُ مِسْكِينٍ ۖ فَمَن تَطَوَّعَ خَيْرًا فَهُوَ خَيْرٌ
لَّهُ ۚ وَأَن تَصُومُوا خَيْرٌ لَّكُمْ ۖ إِن كُنتُمْ تَعْلَمُونَ ﴿١٨٤﴾

**185. "(ഈ വ്രതാനുഷ്ഠാനം) ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ എണ്ണം**

**പൂർത്തീകരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്തം നല്കുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം (പ്രായശ്ചിത്തമായി) നല്കേണ്ടതാണ്. ഇനി ആരെങ്കിലും പൂർണ്ണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അത് അയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ (കാര്യം) ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് ഗുണകരമത്രെ.''**

---

### പദാർത്ഥം

أَيَّامًا ദിവസങ്ങൾ مَّعْدُودَٰتٍ എണ്ണപ്പെട്ട فَمَن كَانَ مِنكُم

നിങ്ങളിൽനിന്നാരെങ്കിലും مَّرِيضًا രോഗി أَوْ عَلَىٰ سَفَرٍ

അല്ലെങ്കിൽ യാത്രയിൽ فَعِدَّةٌ എണ്ണം പൂർത്തിയാ

ക്കട്ടെ مِّنْ أَيَّامٍ ദിവസങ്ങളിൽ أُخَرَ മറ്റു وَعَلَى الَّذِينَ അവരിൽ

يُطِيقُونَهُ അവർക്ക് കഴിവുണ്ടെങ്കിൽ فِدْيَةٌ

പ്രായശ്ചിത്തം طَعَامُ ഭക്ഷണം مِسْكِينٍ അഗതികൾക്ക്

ആർ تَطَوَّعَ പൂർണ്ണമായി അനുസരണം പുലർത്തി

ക്കൊണ്ട് خَيْرٌ നന്മ فَهُوَ അത് لَّهُ خَيْرًا അവന് ഗുണ

കരമായിരിക്കും وَأَن تَصُومُوا നിങ്ങൾ വ്രതമനുഷ്ഠിക്കു

കയാണെങ്കിൽ خَيْرٌ لَّكُمْ നിങ്ങൾക്ക് ഗുണകരമായിരി

ക്കും إِن كُنتُمْ تَعْلَمُونَ നിങ്ങൾ അറിയുന്നവരാണെങ്കിൽ

---

### വ്യാഖ്യാനം

ഈ വചനത്തിൽ വ്രതാനുഷ്ഠാനം പ്രത്യേക ദിവസങ്ങളിലാണ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നതെന്നും ആ ദിവസങ്ങളിൽ വല്ലവരും രോഗിയോ യാത്രയിലോ ആണെങ്കിൽ മറ്റൊരു ദിവസം എണ്ണം പൂർത്തിയാക്കണമെന്നും പറയുന്നു. ചിലർ പറയാറുള്ളത് ഇവിടെ റമദാൻ മാസത്തിലെ നോമ്പിനെക്കുറിച്ചല്ല പറയുന്നത് എന്നാണ്. എന്നാൽ, അവരുടെ വാദം എണ്ണപ്പെട്ട ദിവസങ്ങൾ എന്ന വചനത്തിലൂടെയും രോഗിയും യാത്രക്കാരനും മറ്റു ദിവസങ്ങളിൽ എണ്ണം പൂർത്തിയാക്കണം എന്ന വചനത്തിലൂടെയും തെറ്റാണെന്ന് തെളിയുന്നു.

വ്രതാനുഷ്ഠാനത്തെക്കുറിച്ച് മുസ്ലിംകളുടെ ഇടയിൽ വ്യത്യസ്ത നിലപാടുകൾ നമുക്ക് കാണാൻ സാധിക്കുന്നതാണ്. ചിലർ കഴിയുന്നതും വ്രതാനുഷ്ഠാനത്തിൽനിന്ന് വിട്ടുനില്ക്കാൻ ശ്രമിക്കുന്നു. ഞങ്ങൾ ക്ഷീണിച്ചുപോയെന്നും രോഗം വരാൻ സാധ്യതയുണ്ടെന്നും മറ്റും പറഞ്ഞ് വ്രതാനുഷ്ഠാനത്തിൽനിന്ന് ഒഴിഞ്ഞുമാറുന്നു. എന്നാൽ, മറ്റു ചിലർ രോഗിയായാലും യാത്രയിലാണെങ്കിലും നോമ്പെടുക്കുന്നു. ചെറിയ കുട്ടികളോടും ഗർഭിണികളോടും മുലയൂട്ടുന്ന അമ്മമാരോടും നിർബന്ധിച്ച് നോമ്പെടുപ്പിക്കുന്നു. ഈ രണ്ട് രീതിയും ശരിയല്ല.

ക്ഷീണിച്ചുപോകുമെന്ന കാരണത്താൽ നോമ്പുപേക്ഷിക്കാൻ ശരീഅത്ത് ഒരിക്കലും അനുവാദം തരുന്നില്ല. വ്രതമനുഷ്ഠിക്കുമ്പോൾ ക്ഷീണം വരും, പ്രയാസങ്ങൾ വരും. ഇതെല്ലാം സഹിക്കാനും സഹനം കൈക്കൊണ്ട് അവ നേരിടാനുമുള്ള ഒരു പരിശീലനമാണ് നോമ്പ്. അതുപോലെ രോഗം വന്നേക്കും എന്ന സംശയംകൊണ്ട് ഒരിക്കലും നോമ്പുപേക്ഷിക്കാൻ പാടില്ല. വ്രതമനുഷ്ഠിക്കുന്നതുകൊണ്ട് അപകടമാണെന്നും നോമ്പെടുക്കാൻ പാടില്ലെന്നും ഒരു ഡോക്ടർ നിർദ്ദേശിക്കുകയാണെങ്കിൽ നോമ്പ് ഉപേക്ഷിക്കാവുന്നതാണ്. അല്ലാതെ ചെറിയ ചെറിയ രോഗങ്ങളുടെ പേരിൽ നോമ്പുപേക്ഷിക്കരുത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) പറയുന്നു: ''ചിലർ എപ്പോഴും ബലഹീനരായിരിക്കും. അവർ ആ പേരും പറഞ്ഞ് നോമ്പുപേക്ഷിക്കരുത്. എനിക്ക് രണ്ടര, മൂന്ന് വയസ്സുള്ളപ്പോൾ തുടങ്ങിയതാണ് വരട്ട് ചുമ. അന്നുമുതൽ എന്റെ ആരോഗ്യം മോശമാണ്. അതുകൊണ്ട് ഇങ്ങനെയുള്ള അനാരോഗ്യങ്ങൾ പറഞ്ഞ് നോമ്പിൽനിന്ന് വിട്ടുനിൽക്കുകയാണെങ്കിൽ അവർക്ക് ജീവിതത്തിലൊരിക്കലും നോമ്പെടുക്കാൻ കഴിയില്ല.

"ചെറുപ്രായത്തിലുള്ള കുട്ടികളെ നോമ്പെടുക്കുന്നതിൽനിന്നും ശരീഅത്ത് തടയുന്നു. എന്നാൽ, പ്രായപൂർത്തിയെത്തിയതിനുമുമ്പേ ഇടയ്ക്കിടയ്ക്ക് നോമ്പെടുപ്പിച്ച് അവരെ പരിശീലിപ്പിക്കേണ്ടതാണ്. എനിക്ക് 12, 13 വയസ്സുള്ളപ്പോഴാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നോമ്പെടുക്കാൻ അനുവാദം തന്നത്. ചിലർ അഞ്ചും ആറും വയസ്സുള്ള കുട്ടികളെ നോമ്പെടുപ്പിച്ച് ഞങ്ങൾ വലിയ പുണ്യമാണ് ചെയ്യുന്നതെന്ന് കരുതുന്നു. ഇത് ഒരു പുണ്യമല്ല. മറിച്ച് അക്രമമാണ്. കുട്ടികളുടെ ഈ പ്രായം വളരാനുള്ളതാണ്. അതുകൊണ്ട് പ്രായപൂർത്തിയെത്തുന്നതിന് കുറച്ചുവർഷങ്ങൾക്കു മുമ്പേ നോമ്പെടുത്ത് ശീലിക്കേണ്ടതാണ്. പ്രായപൂർത്തി എത്തിക്കഴിഞ്ഞാൽ പൂർണ്ണമായും നോമ്പെടുക്കേണ്ടതാണ്......... എന്റെ അഭിപ്രായത്തിൽ പ്രായപൂർത്തിയെത്തുന്ന സമയം 18 വയസ്സാണ്. ചില കുട്ടികൾ പൊതുവെ വളരെ ബലഹീനരായിരിക്കും. അങ്ങനെയുള്ള കുട്ടികൾക്ക് ഒരുപക്ഷേ, പ്രായപൂർത്തി എത്തുന്ന സമയം 21 വയസ്സുവരെയായേക്കാം.

എന്നാൽ ഇതിന് വിപരീതമായി ചില കുട്ടികൾ ആരോഗ്യവാന്മാരായിരിക്കും. അവരുടെ പ്രായപൂർത്തി സമയം 15 വയസ്സായിരിക്കും. അതുകൊണ്ട് 18 വയസ്സാണ് പ്രായപൂർത്തി എത്തുന്ന പ്രായം എന്ന എന്റെ വാക്കിനെ പിടിച്ച് 18 വയസ്സുവരെ നോമ്പെടുക്കാതിരിക്കുകയാണെങ്കിൽ അവർ എന്നോടോ അല്ലാഹുവിനോടോ അല്ല അക്രമം ചെയ്യുന്നത് മറിച്ച്, തന്നോടു തന്നെയാണെന്ന് മനസ്സിലാക്കേണ്ടതാണ്. അതേപോലെ ചെറുപ്രായത്തിലുള്ള ഒരു കുട്ടി പൂർണ്ണമായും നോമ്പെടുക്കാത്ത കാരണംകൊണ്ട് ആരെങ്കിലും അവനെ ആക്ഷേപിക്കുകയാണെങ്കിൽ അവരും തങ്ങളുടെ ആത്മാവിനോട് അക്രമം ചെയ്യുകയാണ് ചെയ്യുന്നത്.

'***ഫിദിയത്തുൻ തആമു മിസ്ക്കീൻ***' എന്നതിന്റെ ഒരു വിവക്ഷ ആരോഗ്യം പൂർണ്ണമായും ക്ഷയിച്ചുപോയവർക്ക് പിന്നീട് നോമ്പെടുത്ത് വീട്ടാൻ സാധ്യമല്ല. അവർ അവരുടെ നോമ്പിന് പകരമായി ഫിദ്‌യ നൽകാൻ കഴിയുമെങ്കിൽ ഒരു അഗതിക്ക് ഭക്ഷണം നല്കേണ്ടതാണ് എന്നാണ്. ഇതിന്റെ മറ്റൊരർത്ഥം എനിക്ക് അല്ലാഹു മനസ്സിലാക്കിത്തന്നിട്ടുണ്ട്. ഇവിടെ പറഞ്ഞ '***യുത്വീഖൂനഹു***' എന്നതിലെ 'ഹൂ' എന്ന അവ്യയം നോമ്പിനെ സൂചിപ്പിക്കുന്നു. അതായത് ശക്തമായ രോഗമോ കഠിനമായ യാത്രയോ കാരണം റമദാൻ മാസത്തിൽ നോമ്പനുഷ്ഠിക്കാൻ കഴിയാത്തവർ മറ്റൊരു ദിവസം എണ്ണം പൂർത്തിയാക്കുക എന്ന കല്പനപ്രകാരം നോമ്പ് നോറ്റുവീട്ടേണ്ടതാണ്. എന്നാൽ, മറ്റു ചിലർ ചില്ലറ രോഗം കാരണമോ ചെറിയ യാത്ര കാരണമോ റമദാനിലെ നോമ്പ് ഉപേക്ഷിക്കുന്നുവെന്നിരിക്കട്ടെ അവർ മറ്റു ദിവസങ്ങളിൽ നോമ്പ് നോറ്റുവീട്ടുന്നതിനോടൊപ്പം കഴിവുണ്ടെങ്കിൽ ഫിദ്‌യയും നല്കേണ്ടതാണ്. കാരണം അവൻ റമദാനിൽ നോമ്പ് ഉപേക്ഷിക്കാൻ എടുത്ത തീരുമാനം ശരിയായിക്കൊള്ളണമെന്നില്ല. അവൻ സ്വയം രോഗിയായിക്കരുതുന്നുവെങ്കിലും അല്ലാഹുവിന്റെ പക്കൽ നോമ്പ് ഉപേക്ഷിക്കേണ്ട രോഗി ആയിക്കൊള്ളണമെന്നില്ല. അതുപോലെ യാത്രക്കാരൻ താൻ യാത്രക്കാരനാണെന്ന് കരുതി നോമ്പ് ഉപേക്ഷിച്ചുവെങ്കിലും അല്ലാഹുവിന്റെ പക്കൽ അവന്റെ യാത്ര ഒരു യാത്രയായി പരിഗണിക്കപ്പെടില്ലായിരിക്കാം. ചുരുക്കത്തിൽ സ്വയം തീരുമാനമെടുക്കുന്നതിൽ തെറ്റുകൾ വന്നേക്കാം. അതുകൊണ്ട് രോഗികളും യാത്രക്കാരും അവർ മറ്റു ദിവസങ്ങളിൽ നോമ്പ് നോറ്റുവീട്ടാൻ കഴിവുള്ളവരാണെങ്കിൽ നോമ്പ് ഏതായാലും നോറ്റുവീട്ടുകതന്നെ വേണം. അതോടൊപ്പം വിട്ടുപോയ നോമ്പിന് പ്രായശ്ചിത്തം നല്കുകയും വേണം. തന്റെ തീരുമാനത്തിൽ വല്ല വീഴ്ചയും വന്നിട്ടുണ്ടെങ്കിൽ അതിന് ഈ ഫിദ്‌യ ഒരു പരിഹാരമായിത്തീരുന്നതാണ്.(അവലംബം: തഫ്സീർ കബീർ, വിവ: നാസിർ അഹ്മദ്).

●

പേജ്- 4 -ൽനിന്ന്

ളുടെയും കുറ്റകൃത്യങ്ങളുടേയും വർദ്ധന, മതതീവ്രവാദം, ചാവേർ ആക്രമണങ്ങൾ, വീഡിയോഷോപ്പുകൾ കത്തിക്കൽ തുടങ്ങി തട്ടിക്കൊണ്ടുപോകൽ, ബാങ്ക് കവർച്ചവരെ അവിടെ ജനങ്ങളുടെ ജീവിതം തികച്ചും ദുരിതപൂർണ്ണമാക്കി. അതുകൊണ്ടുതന്നെ ജനങ്ങൾ നിരാശരായിരുന്നു. അവർക്ക് തെരഞ്ഞെടുപ്പിലോ ജനാധിപത്യപ്രക്രിയയിലോ താല്പര്യം നഷ്ടപ്പെട്ടു.

ഇപ്പോൾ ഭരണമുന്നണിയിലെ വിള്ളൽ ആ രാജ്യത്തെ വീണ്ടും പൊട്ടിത്തെറിയുടെ വക്കിൽ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നു. വീണ്ടുമൊരു തിരഞ്ഞെടുപ്പ് അനിവാര്യമാക്കുമോ അതോ മറ്റൊരു വിപ്ലവത്തിന് കളമൊരുങ്ങുമോ എന്ന് കാത്തിരുന്നുതന്നെ കാണാം. ഏതായാലും ഒരു കാര്യമുറപ്പിക്കാം. ആര് ഭരണത്തിൽ വന്നാലും അവിടുത്തെ പ്രശ്നം അവസാനിക്കില്ല. അതവസാനിക്കണമെങ്കിൽ വാഗ്ദത്ത മസീഹിന്റെ അനുയായികൾക്കെതിരായുള്ള കരിനിയമങ്ങൾ മാറ്റേണ്ടിയിരിക്കുന്നു. അതാണ് ചരിത്രം. പ്രവാചകന്റെ അനുയായികളെ മർദ്ദിക്കുന്നത് ശീലമാക്കിയ ഒരു ഭരണാധികാരിയും രക്ഷപ്പെട്ടിട്ടില്ല. തങ്ങൾക്കു ലഭിച്ച ഭരണാധികാരം ഒരു സൂക്ഷിപ്പുമുതലാണെന്ന് മനസ്സിലാക്കാതെ അക്രമമാർഗ്ഗത്തിലൂടെ മുന്നോട്ട് പോകുമ്പോൾ അവരെ തടയാൻ ദൈവം പല വഴികളും പ്രയോഗിക്കും. മറ്റൊരു മർദ്ദകവർഗ്ഗത്തെ ഇവർക്കെതിരിൽ കൊണ്ടുവന്നേക്കാനും ഇടയുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ അടുത്തിടെ ഈ കാര്യം സൂചിപ്പിച്ചിട്ടുമുണ്ട് എന്ന കാര്യവും ഇവർ മറക്കുന്നു. ഏതായാലും പാക്ക്ജനത അസന്തുഷ്ടരാണ്. അവർ ശാശ്വതമായ ഒരു സംവിധാനത്തെയാണ് കാത്തിരിക്കുന്നത്. ഒപ്പം ഒരു പുതിയ നേതൃത്വത്തേയും. അത് തീർച്ചയായും അഹ്മദിയ്യാ പ്രസ്ഥാനത്തിലൂടെയും ഖലീഫയിലൂടെയും മാത്രമേ സാധ്യമാവുകയുള്ളൂ.

●

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

# അല്ലാഹുവിന്റെ യഥാർത്ഥ ആരാധകനായിത്തീരുക

إِنَّ اللَّهَ يَأْمُرُكُمْ أَنْ تُؤَدُّوا الْأَمَانَاتِ إِلَىٰ
أَهْلِهَا وَإِذَا حَكَمْتُمْ بَيْنَ النَّاسِ أَنْ
تَحْكُمُوا بِالْعَدْلِ ۚ إِنَّ اللَّهَ نِعِمَّا يَعِظُكُمْ
بِهِ ۗ إِنَّ اللَّهَ كَانَ سَمِيعًا بَصِيرًا ﴿٥٩﴾

"നിശ്ചയമായും അല്ലാഹു, 'അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏല്പിക്കണമെന്ന് നിങ്ങളോട് കല്പിക്കുന്നു; ജനങ്ങൾക്കിടയിൽ നിങ്ങൾ വിധി കല്പിക്കുമ്പോൾ നീതിപൂർവ്വം നിങ്ങൾ വിധി കല്പിക്കണം. അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നതെന്തോ അത് ഏറ്റവും ഉത്തമമായതാകുന്നു. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും നല്ല പോലെ കാണുന്നവനുമാകുന്നു.'

ഇവിടെ ഒരു സത്യവിശ്വാസിയുടെ നീതിയുടെ തേട്ടമനുസരിച്ചുള്ള നിലവാരം, സ്ഥാപിതമാകുന്നത് അല്ലാഹുവിനോടുള്ള കടമ നിറവേറ്റപ്പെടുമ്പോഴാണെന്ന് എപ്പോഴും ഓർമ്മിക്കേണ്ടതുണ്ട്. അല്ലാഹുവിനോടുള്ള കടമ നിറവേറ്റപ്പെടുന്നതെങ്ങനെയെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: "വിശ്വസ്തനായ അല്ലാഹു നമുക്ക് നല്കിയതെന്തോ അത് അവന് തിരിച്ചുകൊടുക്കുമ്പോഴാണ് നാം സത്യസന്ധരായ ദാസരായിത്തീരുന്നത്. അല്ലെങ്കിൽ തിരിച്ചുകൊടുക്കാൻ സന്നദ്ധരാകുമ്പോഴാണ്". മറ്റൊരിടത്ത് ആ മഹാത്മാവ് പറഞ്ഞു: "ഈ കടമ യഥാർത്ഥമായ നിലയിൽ നിറവേറ്റിയത് നബി(സ)യാണ്." ആ മഹാത്മാവ് തുടരുന്നു: "അമാനത്ത് എന്നതു കൊണ്ടുള്ള ഉദ്ദേശ്യം പരിപൂർണ്ണനായ മനുഷ്യന്റെ ആ സകലശക്തികളും ബുദ്ധിയും, അറിവും, ഹൃദയവും, ജീവനും, ഇന്ദ്രിയങ്ങളും, ഭയവും, സ്നേഹവും ആദരവും സൗന്ദര്യവും ആത്മീയവും ഭൗതികവുമായ എല്ലാ വിധ അനുഗ്രഹങ്ങളുമാണ്. അത് അല്ലാഹു പരിപൂർണ്ണമനുഷ്യന് നല്കാറുള്ളതാണ്. പിന്നീട് പരിപൂർണ്ണനായ മനുഷ്യൻ, '***ഇന്നല്ലാഹ യഅ്മുറുക്കും അൻതുഅദ്ദുൽ അമാനാത്തി ഇലാ അഹ്‌ലിഹാ***' എന്ന ഖുർആനിക വചനമനുസരിച്ച് ആ എല്ലാ അമാനത്തുകളേയും അല്ലാഹുവിന് തിരിച്ചുനല്കുന്നു.'' അതായത് അവനിൽ വിലയം പ്രാപിച്ച് അവന്റെ വഴിയിൽ അർപ്പണം ചെയ്യുന്നു. ആ മഹാത്മാവ് പറയുന്നു: ''ഈ തേജോവിലാസം ഉന്നതവും പരിപൂർണ്ണവും തികവുറ്റതുമായ നിലയിൽ നമ്മുടെ നേതാവും നമ്മുടെ രക്ഷകനും നമ്മുടെ മാർഗ്ഗദർശകനും നിരക്ഷരനായ നബിയും സത്യവാനും സത്യസാക്ഷിതനുമായ മുഹമ്മദ് മുസ്തഫാ(സ)യിൽ ഉണ്ടായിരുന്നു.'' അതിനാൽ, ഇതാണ് നബി(സ) സ്ഥാപിച്ച ആ നീതിയുടെ അത്യുന്നതമായ നിലവാരം. ഈ മാതൃക സ്ഥാപിച്ചുകൊണ്ട്, നമ്മളോടും നമ്മുടെ ഓരോരുത്തരുടേയും കഴിവനുസരിച്ച്, ഈ കടമ നിറവേറ്റാൻ പറഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, നബി(സ) തിരുമേനിയുടെ ജീവിത മാതൃക പാലിക്കാൻ അല്ലാഹുവിൽനിന്ന് നമുക്കുള്ള കല്പനയാണിത്. ആ പരിപൂർണ്ണമായ മാതൃകയെ പിൻപറ്റാൻ ശ്രമിക്കേണ്ടതാണ്. ''അല്ലാഹു നമുക്ക് നല്കിയിട്ടുള്ളതിനെ തിരിച്ചുകൊടുക്കുമ്പോഴാണ് അല്ലെങ്കിൽ തിരിച്ചുകൊടുക്കാൻ ശ്രമിക്കുമ്പോഴാണ് നമ്മൾ സത്യസന്ധരായ ദാസരായിത്തീരുക'' എന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിരിക്കുന്നു. അതായത് നബി(സ) തിരുമേനി സ്ഥാപിച്ച ജീവിതമാതൃകയിലൂടെ നടക്കുന്നതിനായി എപ്പോഴും നാം സന്നദ്ധരായിരിക്കണം. നബി (സ) മാത്രമാണ് 'അല്ലാഹു നല്കിയത് അവന് തിരിച്ചുകൊടുക്കുക' എന്ന കടമ ശരിയായനിലയിൽ നിറവേറ്റിയത്. ഇതിനായി ശ്രമിക്കേണ്ടതും ഒരു സത്യവിശ്വാസിയുടെ നിർബന്ധകടമയാണ്. ഇതുതന്നെയാണ് സത്യവിശ്വാസിയാണെന്നതിനുള്ള അടയാളവും. ഈ ചിന്താഗതിയുണ്ടാകുമ്പോൾ, നീതിയുടെ തേട്ടം എന്താണോ അത് പൂർത്തിയാകുന്നു. അഅ്റാഫ് എന്ന അധ്യായത്തിൽ '***അമറ റബ്ബീ ബിൽഖിസ്തി***' (എന്റെ റബ്ബ് നീതി പാലിക്കാൻ കല്പിച്ചിരിക്കുന്നു) എന്ന് പറഞ്ഞുകൊണ്ട് ഏതൊരു നീതിപാലിക്കാനാണോ കല്പിച്ചിട്ടുള്ളത്, അത് രണ്ടു രീതിയിലാണ് നടപ്പിൽ വരുന്നത്. ഒന്ന് അല്ലാഹുവിനോടുള്ള കടമ നിറവേറ്റിക്കൊണ്ട്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി ഉപയോഗിക്കുമ്പോഴും അവൻ

നല്കിയിരിക്കുന്ന അമാനത്തുകളെ- സൂക്ഷിപ്പുമുതലുകളെ അതിനോടുള്ള കടമ നിറവേറ്റി തിരിച്ചുകൊടുക്കുമ്പോഴുമാണ്. മറ്റേത്, ജനങ്ങളുടെയിടയിൽ നീതി സ്ഥാപിക്കുമ്പോഴാണ് അത് നിറവേറ്റപ്പെടുന്നത്. ഈ രണ്ടു കാര്യങ്ങളും നിർവഹിക്കുന്നതിനുള്ള ശ്രമം അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടാണുണ്ടാകുന്നത് എന്ന് അവൻ പറഞ്ഞിരിക്കുന്നു. അതിൽ വിജയം ലഭിക്കേണ്ടതും അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടാണ്. അതിനാൽ പള്ളിയിൽ വരുമ്പോൾ, നിങ്ങളുടെ ശ്രദ്ധ അല്ലാഹുവിലേക്ക് മാത്രം ശരിയാക്കിവയ്ക്കുക. നമസ്കാരത്തിനായി നില്ക്കുമ്പോൾ, അവനെ മാത്രം വിളിക്കുക. അവനിൽനിന്ന് അനുഗ്രഹം തേടുക; തന്നോടും സമസൃഷ്ടികളോടുമുള്ള കടമ നിറവേറ്റാൻ അല്ലാഹു നമുക്ക് കഴിവ് നല്കുന്നതിനും, മറ്റുള്ള ആരുടെയും അവകാശം പിടിച്ചെടുക്കാൻ ഇടവരാതെ നീതി പാലനത്തിന്റെ തേട്ടം എന്താണോ അത് പൂർത്തിയാക്കാനും തൗഫീഖ് ലഭിക്കുന്നതിനു വേണ്ടിയാണിത്.

ഈ രീതിയിൽ ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്നവരും സമസൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നവരും അല്ലാഹുവിന്റെ സ്നേഹം ആകർഷിച്ചെടുക്കുന്നവരായിരിക്കും. കാരണം, ഈ ആത്മാർത്ഥമായ ആരാധനയാണ് അല്ലാഹു സ്വീകരിക്കുന്നത്. അല്ലാഹു ബസ്വീറുമാണ്. ബാഹ്യമായ വസ്തുക്കൾ മാത്രമല്ല കണ്ടുകൊണ്ടിരിക്കുന്നത്. മറിച്ച്, അവന്റെ ദൃഷ്ടി അഗാധമാണ്. ഹൃദയങ്ങളുടെ ഉള്ളിലുള്ളതും അവൻ കണ്ടുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ പാതാളംവരെ അവനറിയാം. 'ഞാനിതെല്ലാം ചെയ്യുന്നു, അതുകൊണ്ട് നീ സ്വീകരിച്ചാലും' എന്ന് അല്ലാഹുവിനോട് പറയാൻ മനുഷ്യന് സാധ്യമല്ല. കാരണം താൻ ബസ്വീറാണെന്ന് അല്ലാഹു പറയുന്നു. "നിങ്ങളുടെ ഹൃദയത്തിലുള്ളതും ഞാൻ കണ്ടുകൊണ്ടിരിക്കുന്നു. നിങ്ങൾ എന്തുദ്ദേശ്യത്താലാണ് അമാനത്തുകൾ തിരിച്ചു നല്കിയതെന്നും എനിക്കുവേണ്ടി മാത്രമാണോ നിങ്ങൾ നമസ്കരിച്ചതെന്നും ഞാൻ നോക്കുന്നുണ്ട്. എന്റെ കല്പനയിലൂടെ നടന്നുകൊണ്ട് നീതിയുടെ തേട്ടമെന്താണോ അത് പൂർത്തിയാക്കാൻ നിങ്ങൾ ശ്രമിക്കുന്നുണ്ടോ എന്നും ഞാൻ നോക്കുന്നുണ്ട്."

നമസ്കാരത്തിൽ നില്ക്കുമ്പോൾ അല്ലാഹുവിനെക്കുറിച്ചുള്ള എന്തു ചിത്രമാണ് മുന്നിൽ വരേണ്ടതെന്ന് ഒരിക്കൽ ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചോദിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, "വലിയൊരു കാര്യമാണിത്. വിശുദ്ധഖുർആനിൽ ***ഉദ്ഊഹു മുഖ്ലിസ്വീന ലഹുദ്ദീൻ*** എന്നെഴുതിയിരിക്കുന്നു. ആത്മാർത്ഥതയോടുകൂടി അല്ലാഹുവിനെ സ്മരിക്കേണ്ടതാണ്. അവന്റെ ഔദാര്യങ്ങളെക്കുറിച്ച് ധാരാളം പഠിക്കേണ്ടതുമാണ്." അതായത് മനുഷ്യനുമേൽ അല്ലാഹു ചെയ്തിട്ടുള്ള ഔദാര്യങ്ങൾ എപ്പോഴും കണക്കിലെടുക്കേണ്ടതാണ്.

ഈ രീതിയിൽ നമസ്കാരത്തിൽ ശ്രദ്ധയുണ്ടാകണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയിരിക്കുന്നു. ഇതിന്റെ ഉന്നതമായ ഉദാഹരണം നബി(സ) തിരുമേനിയിൽ നമുക്ക് കാണാൻ കഴിയുന്നു. സമ്പൂർണ്ണമായ ജീവിതമാതൃക അതാണ്. അല്ലാഹുവിൽ ആ മഹാത്മാവ് വിലയം പ്രാപിച്ചു. എത്രമാത്രം ഉന്നതമായ നിലയിലെന്നുവെച്ചാൽ അല്ലാഹു വിളംബരം ചെയ്യിച്ചു, ***ഖുൽ ഇന്നസ്സ്വലാത്തീ വനുസുക്കീ വ മഹ്‌യായ വ മമാത്തി ലില്ലാഹി റബ്ബിൽ ആലമീൻ***. നീ പറയുക, എന്റെ നമസ്കാരവും എന്റെ പരിത്യാഗവും എന്റെ ജീവിതവും എന്റെ മരണവും അല്ലാഹുവിനാകുന്നു. അവൻ സകലലോകത്തിന്റേയും പരിപാലകനാണ്. ഇതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അവരോട് പറയുക, എന്റെ ആരാധനയും എന്റെ പരിത്യാഗവും എന്റെ ജീവിതവും എന്റെ മരണവും അല്ലാഹുവിന്റെ വഴിയിലാണ്. അതായത് അതിനെ പെട്ടെന്ന് വെളിപ്പെടുത്തുന്നതിനും, അവന്റെ ദാസന്മാർക്ക് സൗഖ്യം നല്കുന്നതിനും വേണ്ടിയാണിത്; എന്റെ മരണംകൊണ്ട് അവർക്ക് ജീവിതം ലഭിക്കാൻ. ഈ മരണം കൊണ്ടുള്ള ഉദ്ദേശ്യമെന്താണ്? ഇത് വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: ഈ വചനത്തിന്റെ ഉദ്ദേശ്യം, നബി (സ) തിരുമേനി യഥാർത്ഥത്തിൽ സഹാനുഭൂതി കാണിച്ചും കഠിനാധ്വാനം ചെയ്തും മനുഷ്യകുലത്തിന്റെ മോചനത്തിനായി ജീവൻ സമർപ്പണം ചെയ്യുകയും പ്രാർത്ഥനയോടും, പ്രബോധനത്തോടും കൂടി അവരുടെ അക്രമവും ദ്രോഹവും സഹിക്കുകയും അനുയോജ്യവും യുക്തിപരവുമായ പ്രവൃത്തിയിലൂടെ തന്റെ ജീവനേയും തന്റെ സുഖത്തേയും ഈ വഴിയിൽ ബലിയർപ്പിക്കുകയും ചെയ്തിരുന്നുവെന്നാണ്."

അല്ലാഹുവിന്റെ ഒരു ദാസൻ, അവന്റെ സ്നേഹത്തിൽ അലിഞ്ഞുചേർന്നുകഴിയുകയോ, അല്ലെങ്കിൽ അതിനായി ശ്രമിക്കുകയോ നബി(സ)യുടെ ഈ ജീവിതമാതൃകയെ കണക്കിലെടുക്കുകയോ ചെയ്താൽ അവൻ അല്ലാഹുവിന്റെ യഥാർത്ഥ ആരാധകനായിത്തീരുന്നു. അവന്റെ സൃഷ്ടികളുടെ സേവനത്തിനായി നീതിപാലനത്തിന്റെ സകല തേട്ടങ്ങളും പൂർത്തിയാക്കുന്നവനായി മാറുന്നു. അല്ലാഹു നബി(സ) തിരുമേനി മുഖേന ഇറക്കിയ ആ യഥാർത്ഥമായ അധ്യാപനംകൊണ്ട് ലോകത്തെ തെളിമയാർന്നതാക്കുക. യഥാർത്ഥമായ നീതി

ലോകത്ത് നടപ്പാക്കാൻ അത് ആവശ്യമാണ്. ഒരാൾ അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിന്റെ എല്ലാ തേട്ടങ്ങളും പൂർത്തിയാക്കുകയും ചെയ്യുകയാണെങ്കിൽ, അവൻ തന്റെ ആത്മാവിന്റെ ഉന്നതമായ പരിശുദ്ധി കരസ്ഥമാക്കുന്നവനാകാതിരിക്കുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. അതിൽ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നവനാകാതിരിക്കുകയുമില്ല. അതുകൊണ്ട് അല്ലാഹുവിന്റെ കല്പനയനുസരിച്ചുള്ള കർമ്മവും നബി(സ)യുടെ ജീവിതമാതൃകയെ പിൻപറ്റിക്കൊണ്ടുള്ള നടത്തവും ഒരു മനുഷ്യനെ, അവൻ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകുമ്പോൾ നിഷ്ക്കളങ്കവും പരിശുദ്ധവുമായ ആത്മാവിന്റെ രൂപത്തിൽ ഹാജരാക്കുന്നു. ഈ സ്ഥാനവും ലക്ഷ്യവും കരസ്ഥമാക്കുന്നതിന് അല്ലാഹു, നഹ്ൽ എന്ന അധ്യായത്തിൽ ഇങ്ങനെ കല്പിക്കുന്നു.

إِنَّ اللَّهَ يَأْمُرُ بِالْعَدْلِ وَالْإِحْسَانِ وَإِيتَاءِ ذِي الْقُرْبَىٰ وَيَنْهَىٰ عَنِ الْفَحْشَاءِ وَالْمُنكَرِ وَالْبَغْيِ ۚ يَعِظُكُمْ لَعَلَّكُمْ تَذَكَّرُونَ ﴿٩١﴾

തീർച്ചയായും അല്ലാഹു നീതി പുലർത്തുന്നതിനും നന്മ ചെയ്യുന്നതിനും അടുത്തബന്ധുക്കൾക്കെന്നപോലെ സഹായം നല്കുന്നതിനും കല്പിക്കുന്നു. നീച പ്രവൃത്തിയേയും നിഷിദ്ധകർമ്മങ്ങളേയും നിയമലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങളുടെ ഗുണത്തിനായി അവൻ നിങ്ങളെ ഉപദേശിക്കുന്നു (16:91).

ഈ വചനത്തിൽ ആ രീതി കൂടുതൽ വ്യക്തമായി അല്ലാഹു പറഞ്ഞിരിക്കുന്നു. ഇതുമുഖേന മനുഷ്യന് അല്ലാഹുവിനോടുള്ള കടമ നിറവേറ്റാനും, നീതി പാലനത്തിന്റെ തേട്ടം എന്താണോ അത് പൂർത്തിയാക്കിക്കൊണ്ട് മനുഷ്യരോടുള്ള കടമ നിറവേറ്റാനും തന്റെ ആത്മാവിനെ ശുദ്ധീകരിക്കാനും സാധിക്കും. ആത്മാർത്ഥതയോടെ അല്ലാഹുവിന്റെ മുമ്പിൽ കുനിയുക എന്നതിന്റെ അർത്ഥമിതാണ്. ഈ ആയത്തിന്റെ ആദ്യഭാഗം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ വചനത്തിന്റെ അർത്ഥം ഇങ്ങനെയാണ്, നിങ്ങൾ നിങ്ങളുടെ സ്രഷ്ടാവിനോട്, അവനെ അനുസരിക്കുന്നതിൽ നീതിയുടെ മാർഗ്ഗം ശ്രദ്ധിക്കുക. അക്രമിയാകരുത്. അവനല്ലാതെ ആരാധനയ്ക്കർഹനായി മറ്റാരുമില്ല. സ്നേഹത്തിന്നർഹനുമാരുമില്ല. സമർപ്പണത്തിന്നർഹനുമാരുമില്ല. കാരണം പ്രത്യേകമായ സ്രഷ്ടത്വവും സ്ഥായിത്വവും പരിപാലനത്വവുംകൊണ്ട് എല്ലാ വസ്തുവും അവന്റേതുതന്നെയാണ്.'' അവൻതന്നെയാണ് നമ്മുടെ സ്രഷ്ടാവ്. പ്രപഞ്ചത്തിന്റെ മുഴുവനും ഇതിൽ വസിക്കുന്ന ഓരോന്നിന്റേയും സ്രഷ്ടാവാണ് അവൻ. അതുകൊണ്ട്, സമർപ്പണത്തിന്നർഹൻ അവൻ തന്നെയാണ്. സ്ഥായിത്വവും അവനുള്ളതാണ്. അവൻ എന്നെന്നും നിലനില്ക്കുന്നവനാണ്. ആദ്യവും അന്ത്യവും ഇല്ലാത്തവനാണ്. എന്തൊന്നാണോ അവൻ സൃഷ്ടിച്ചത്, അതിന് നിശ്ചയിക്കപ്പെട്ട സമയംവരെ അത് നിലനില്ക്കുന്നു. പരിപാലനവും അവന്റേതാണ്. അവൻ തന്നെയാണ് നമ്മൾ ജനിക്കുന്നതിന് മുമ്പേ നമുക്കുവേണ്ടി എല്ലാം ഒരുക്കിവച്ചത്. നമ്മുടെ ജീവിതം സുഗമമാക്കുന്നതിനുള്ള ഏർപ്പാടും ചെയ്തു. എല്ലാ വസ്തുക്കളും അവൻ സംഘടിപ്പിച്ചുതന്നു. സമർപ്പണത്തിന്നർഹമായിട്ട് മറ്റൊരു വസ്തുവുമില്ല. ഇപ്രകാരം നിങ്ങളും ആരാധനയിലും സ്നേഹത്തിലും അവന്റെ പരിപാലനത്തിലും അവനോടൊപ്പം ആരേയും പങ്കാളിയാക്കരുത്. ഇപ്രകാരം നിങ്ങൾ ചെയ്താൽ അത് നീതിയാണ്. അതായിരുന്നു നിങ്ങളുടെ നിർബന്ധകടമയും. അല്ലാഹു എന്റെ റബ്ബാണെന്നും, അല്ലാഹുവിനോടാണ് ഏറ്റവും സ്നേഹമുണ്ടാകേണ്ടതെന്നും, അല്ലാഹുവിനെ കൂടാതെ ആരേയും ആരാധിക്കരുതെന്നും മനസ്സിലാക്കിയാൽ, അല്ലാഹുവിനെക്കുറിച്ചുള്ള നീതി നിങ്ങൾ നടപ്പിലാക്കി എന്നാണർത്ഥം. പിന്നീട് ഇതിൽ അഭിവൃദ്ധിപ്പെട്ടാൽ 'ഇഹ്സാൻ' എന്ന പദവിയിൽ എത്തുന്നു. അതെന്താണെന്നുവച്ചാൽ, നിങ്ങൾ അവന്റെ മഹത്വവും പ്രതാപവും ഒരിക്കലും അസ്തമിക്കാത്ത അവന്റെ സൗന്ദര്യം കണ്ടിരിക്കുന്നു എന്ന നിലയിൽ അവന്റെ മഹത്വങ്ങളെ വിശ്വസിക്കുന്നവരും അവനെ ആരാധിക്കുമ്പോൾ അവനോടുള്ള സ്നേഹത്തിൽ അലിഞ്ഞുചേർന്നവരും ആയിത്തീരുക.''

നീതിയിൽനിന്ന് അഭിവൃദ്ധിപ്പെട്ടാൽ അടുത്തത് പ്രത്യുപകാരത്തിന്റെ പദവിയാണ്. അല്ലാഹുവിന്റെ സകല സവിശേഷഗുണങ്ങളേയും തിരിച്ചറിയാൻ ശ്രമിക്കുക എന്നതാണത്; അതനുസരിച്ച് അവനോടുള്ള സ്നേഹത്തിൽ ലയിക്കുക. അവന്റെ ഔദാര്യങ്ങളുടെ സ്മരണ എപ്പോഴും നിങ്ങളുടെ നാവിൽ ഉണ്ടായിരിക്കണം. ഇതിനുശേഷമുള്ള പദവിയാണ് ***ഈത്തായിദിൽ ഖുർബാ***. നിങ്ങളുടെ ആരാധന, നിങ്ങളുടെ സ്നേഹം നിങ്ങളുടെ അനുസരണം തുടങ്ങിയവയിൽ

നിന്ന് എല്ലാതരം ജാഡകളും കൃത്രിമങ്ങളും അകറ്റി നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരെ സ്മരിക്കുന്നതു പോലെ അവനെ സ്മരിക്കുക. കുഞ്ഞ് അതിന്റെ പ്രിയപ്പെട്ട ഉമ്മയെ സ്നേഹിക്കുന്നതുപോലെ നിങ്ങൾക്ക് അവനോട് സ്നേഹമുണ്ടാകണം. നിസ്വാർത്ഥമായ സ്നേഹമുണ്ടാകണം. ബുദ്ധിമുട്ടിലകപ്പെടുമ്പോൾ, പള്ളിയിൽ വരികയും ദീർഘമായി സുജൂദ് ചെയ്യുകയും മറ്റ് ആരാധനകൾ ആരംഭിക്കുകയും, ഐശ്വര്യവും സമ്പന്നതയും കൈവരുമ്പോൾ അല്ലാഹുവിനെ മറക്കുകയും, നമസ്കാരം മറക്കുകയും ആരാധനാകർമ്മങ്ങൾ മറക്കുകയും ചെയ്യുക എന്നതല്ല അത്.

നീതിയുടെ തേട്ടം എന്താണോ അത് പുറത്തുള്ളവരുമായി പൂർത്തിയാക്കുന്നതിന ആദ്യം സ്വന്തം ആത്മാവിനെ നീതിയുടെ തട്ടിൽ നിറുത്തേണ്ടതായി വരും. ഒരു സത്യവിശ്വാസി ഇതിനുവേണ്ടി ശ്രമിക്കുമ്പോൾ അവന്റെ ശ്രദ്ധ അല്ലാഹുവിലേക്ക് മാത്രം തിരിയുന്നു. പിന്നീട് അല്ലാഹു പറയുന്നത് നികൃഷ്ടകർമ്മങ്ങളിൽനിന്ന് രക്ഷപ്പെടുക എന്നാണ്. അതായത്, അനിഷ്ടകരമായ കാര്യങ്ങളിൽനിന്ന് അകന്നുനില്ക്കുക. മറ്റുള്ളവർക്ക് ദോഷം ചെയ്യുന്ന കാര്യമാണോ അതെന്ന് നോക്കുക. ഉദാഹരണത്തിന് ചിലപ്പോൾ ചിലർക്ക് കളവ് പറയുന്ന ശീലമുണ്ടാകും. അത് മറ്റുള്ളവർക്ക് നഷ്ടമുണ്ടാക്കുന്നതോ സ്വന്തം നേട്ടം ഉണ്ടാക്കുന്നതോ അല്ലെങ്കിൽതന്നെയും ഓരോ കാര്യവും തെറ്റായി സമർപ്പിക്കുന്ന ശീലം വളർത്തുന്നതായിരിക്കും. അല്ലെങ്കിൽ പറയുന്ന കാര്യം വ്യക്തമായിരിക്കുകയില്ല. ചിലർക്ക് ചീത്തവിളിക്കുന്ന ശീലമുണ്ടാകും.

മൂന്നാമത്തെ തിന്മ ഇവിടെ പറഞ്ഞിരിക്കുന്നത് ***ബഗാവത്ത്*** അഥവാ നിയമലംഘനമാണ്. മറ്റുള്ളവരുടെ അവകാശം തട്ടിപ്പറിച്ചെടുക്കലാണ്. സമൂഹത്തിൽ കലഹം സൃഷ്ടിക്കലാണ്. ഒരുവൻ മറ്റൊരുവന്റെ അവകാശം തട്ടിപ്പറിച്ചെടുക്കാൻ തുടങ്ങുമ്പോൾ സമൂഹത്തിൽ കുഴപ്പമുണ്ടാക്കുന്നതിന് കാരണക്കാരനായി ത്തീരുന്നു. അവന് നീതിയുടെ തേട്ടമെന്താണോ അത് പാലിക്കാൻ സാധിക്കുകയില്ല. പള്ളികളിൽ വന്ന് നമസ്കരിക്കാൻ ശ്രമിക്കുമെങ്കിലും അതിൽനിന്ന് അവന് ലഭിക്കേണ്ട ആ ഉദ്ദേശ്യം ലഭിക്കുകയുമില്ല. ഒരു ഭാഗത്ത് താൻ പള്ളി പണിതത് ആത്മാർത്ഥതയോടുകൂടി അല്ലാഹുവിനെ ആരാധിച്ചുകൊണ്ട് നീതിയും ന്യായവും സ്ഥാപിക്കാനാണെന്ന് വാദിക്കുകയും മറുഭാഗത്ത് നിയമലംഘനം നടത്തുകയും ചെയ്യുക എന്നത് സംഭാവ്യമല്ല. അതുകൊണ്ടാണ് ഇത്തരം പ്രവണതകളിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹു പറഞ്ഞിരിക്കുന്ന മാർഗ്ഗമനുസരിച്ച് നടക്കുക എന്നത് നിർബന്ധമാകുന്നത്. അതിനുവേണ്ടുന്ന ഏറ്റവും അടിസ്ഥാനപരമായ കാര്യം ഞാൻ പറഞ്ഞതുപോലെ തന്നിലേക്ക് തന്നെ എത്തിനോക്കി ആത്മപരിശോധന നടത്തിക്കൊണ്ട് സ്വന്തം ആത്മാവിനെ പരിശുദ്ധമാക്കുക എന്നതാണ്. അപ്പോൾ സമൂഹത്തെ വിഷമിപ്പിക്കുന്ന നിസ്സാരമായ തിന്മപോലും അകലുകയും നിയമലംഘനം എന്ന ദോഷത്തിൽനിന്ന് രക്ഷപ്പെടുകയും ചെയ്യും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹുവുമായിട്ടുള്ള ബന്ധം, മനുഷ്യൻ തെറ്റുകൾ ചെയ്തുകൊണ്ടിരിക്കുകയും എന്നിട്ട് വെറുതെ നാവുകൊണ്ട് താൻ അല്ലാഹുവുമായി ബന്ധമുണ്ടാക്കിയിരിക്കുന്നു എന്ന് പറയുകയും ചെയ്യുന്നതുകൊണ്ട് ഉണ്ടാവുകയില്ല. ബയ്അത്തിന്റെ വചനങ്ങൾ ഏറ്റുപറയുകയും ജമാഅത്തിൽ പേരെഴുതിപ്പിക്കുകയും ചെയ്താൽ അത് അല്ലാഹുവുമായിട്ട് ബന്ധം ഉണ്ടായിഎന്നതിന് ഒരു തെളിവുമാവുകയില്ല. അല്ലാഹുവിനോട് ബന്ധം സ്ഥാപിക്കാൻ ഒരു വിലയനത്തിന്റെ ആവശ്യമുണ്ട്. ഇതിൽ നിലകൊള്ളാൻ നാം ആവർത്തിച്ചാവർത്തിച്ച് നമ്മുടെ ജമാഅത്തിനോട് പറയുന്നു." വേറൊരിടത്ത് ആ മഹാത്മാവ് പറയുന്നു. "നിങ്ങളുടെ പ്രവൃത്തി പ്രാർത്ഥനകളിലും പാപപ്പൊറുതി തേടുന്നതിലും ആരാധനകളിലും പരിശുദ്ധിയിലും മുഴുകുക എന്നതായിരിക്കണം. ഇപ്രകാരം അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ചുള്ള (ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിനോട് വാഗ്ദാനം ചെയ്തിട്ടുള്ള) അനുഗ്രഹങ്ങൾക്ക് പാത്രമായിത്തീരാൻ നിങ്ങൾ സ്വയം നിങ്ങളെ അർഹരാക്കിത്തീർക്കുക."

മറ്റൊരു സ്ഥലത്ത് ആ പുണ്യാത്മാവ് പറയുന്നു "സ്വഭാവങ്ങൾ പരിശുദ്ധമാക്കിത്തീർക്കുക എന്നത് നമ്മുടെ ജമാഅത്തിന്റെ അങ്ങേയറ്റം നിർബന്ധമായ കടമയാണ്. അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്." ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയിട്ടുള്ള പാഠം. ഇതുതന്നെയാണ് ആ പുണ്യാത്മാവ് നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നതും.

ആത്മാർത്ഥരായിക്കൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്നവരായിത്തീരാനും നീതിയുടെ തേട്ടം എന്താണെന്ന് മനസ്സിലാക്കിക്കൊണ്ട് അത് പൂർത്തിയാക്കി അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റാനും ആത്മാവിന്റെ പരിശുദ്ധിയിലേക്ക് എപ്പോഴും ശ്രദ്ധിക്കാനും അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. എപ്പോഴും അല്ലാഹുവിനോട്, നമ്മുടെ ആരാധനകളും നമ്മുടെ ത്യാഗങ്ങളും സ്വീകരിക്കാൻ യാചിക്കുന്നവരായി അവൻതന്നെ നമ്മെ മാറ്റുമാറാകട്ടെ. അവൻ നമുക്കിതിന് സൗഭാഗ്യം നല്കി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ. (15.8.2008ലെ ഖുത്ബയിൽനിന്ന്. വിവ: മൗലവി മുഹമ്മദ് ഇസ്മായീൽ)

ലേഖനം

എ. അമീൻ

## അഹ്മദിയ്യാ ഖിലാഫത്ത്:

# വിഘടിതരുടെ പാലായനം

**1914** ൽ ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ ഒന്നാം ഖലീഫ മഹാനായ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ(റ) ചരമം പ്രാപിച്ചപ്പോൾ ആ മഹാത്മാവിന്റെ വേർപാടുണ്ടാക്കിയ വിടവിൽ നേരത്തേ അവസരം കാത്തുകഴിഞ്ഞ ഒരു വിഭാഗം, ഖിലാഫത്തിനെ സംബന്ധിച്ച രൂക്ഷമായ തർക്കങ്ങളുമായി പുറത്തുവരികയുണ്ടായി. ഖിലാഫത്ത് അനിവാര്യമല്ലെന്നും അഹ്മദിയ്യാ ജമാഅത്തിന്റെ കേന്ദ്രസമിതിയായ സദർ അഞ്ചുമൻ അഹ്മദിയ്യക്കാണ് പരമാധികാരമെന്നുമായിരുന്നു അവരുടെ വാദം. എന്നാൽ, വാഗ്ദത്തമസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ഈ കാലഘട്ടത്തിൽ അല്ലാഹു അയച്ച പ്രവാചകനാണെങ്കിൽ, മുഹമ്മദ് നബി(സ) തിരുമേനിയുടെ പ്രവചിതമായ രണ്ടാം പ്രാദുർഭാവത്തിന്റെ സാക്ഷാത്ക്കാരമാണെങ്കിൽ അദ്ദേഹത്തിന്റെ ദൗത്യപൂർത്തീകരണത്തിന് ഖിലാഫത്ത് അവശ്യം ആവശ്യമായിരുന്നു. മുസ്‌ലിം ബഹുജനങ്ങളെ പ്രീതിപ്പെടുത്താൻ, പൊതുമുസ്‌ലിംകളുടെ മുഖ്യധാരയിൽ ഇഴുകിച്ചേരാൻ വെമ്പൽകൊള്ളുകയും വാഗ്ദത്തമസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)യെ പ്രവാചകനായി അംഗീകരിക്കാൻ കൂട്ടാക്കാതിരിക്കുകയും ചെയ്യുന്നവരാണ് ഖിലാഫത്തിന്റെ ആവശ്യകതയെ ചോദ്യംചെയ്യാൻ ധൃഷ്ടരായത്. അവരെ സംബന്ധിച്ചേടത്തോളം തങ്ങളുടെ വിശ്വാസത്തെ മറയത്തെറിഞ്ഞാലും പൊതുമുസ്‌ലിംകളുടെ പ്രീതി മതിയാവും! ഇവർ ഒരിക്കലും വാഗ്ദത്തമസീഹിനെ സ്നേഹിച്ചവരായിരുന്നില്ല. ദൈവം അയച്ച ദൂതനെ കൈകൊള്ളേണ്ടതുപോലെ അദ്ദേഹത്തെ അവർ ഒരിക്കലും കൈക്കൊണ്ടിരുന്നില്ല.

വാഗ്ദത്തമസീഹ്(അ) ഒരിടത്തു പറയുന്നു: എന്റെ സ്നേഹിതൻ ആരാണ്? എന്റെ ബന്ധു ആര്? അത് എന്നെ തിരിച്ചറിയുന്നവൻ തന്നെ. എന്നെ ആരാണ് തിരിച്ചറിയുക? ഞാൻ അയക്കപ്പെട്ടവനാണെന്ന് എന്നിൽ ഉറച്ചവിശ്വാസം പുലർത്തുന്നതാരോ അവൻ മാത്രം! പ്രേഷിതരായിട്ടുള്ളവരെ കൈക്കൊള്ളുന്നതുപോലെ എന്നെ കൈക്കൊള്ളുന്നവനാരോ അവൻതന്നെ. ഈ ലോകത്തിന് എന്നെ കൈക്കൊള്ളാൻ സാദ്ധ്യമല്ല, എന്തെന്നാൽ ഞാൻ ഈ ലോകത്തിൽനിന്നുള്ളവനല്ല. എന്നാൽ, ആരുടെ പ്രകൃതത്തിൽ സ്വർഗ്ഗലോകത്തിന്റെ അംശം നൽകപ്പെട്ടിട്ടുണ്ടോ അവർ എന്നെ കൈക്കൊള്ളുന്നു, കൈക്കൊള്ളുകയും ചെയ്യും. എന്നെ നിരാകരിക്കുന്നവൻ എന്നെ അയച്ചവനെ നിരാകരിക്കുന്നു. എന്നോടു ബന്ധംപുലർത്തുന്നവൻ ഞാൻ ആരിൽ നിന്നുവന്നുവോ അവനുമായി ബന്ധം പുലർത്തുന്നു. എന്റെ കൈയിലൊരു വിളക്കുണ്ട്. എന്റെ അടുക്കൽ വരുന്നവന് നിശ്ചയമായും ആ വെളിച്ചത്തിൽ പങ്കുണ്ടാകും. എന്നാൽ, സംശയവും ദുർഭാവനയും മൂലം ആർ ദൂരെ ഓടിപ്പോകുന്നുവോ അവൻ അന്ധകാരത്തിലേക്ക് എറിയപ്പെടും.'' (ഫത്ഹെ ഇസ്‌ലാം, പേ. 65).

ഒരു ദൈവനിയുക്തനെ കൈക്കൊള്ളേണ്ടവിധം കൈക്കൊള്ളാത്തവരാണ് സംശയവും ദുർഭാവനയും പുലർത്തുകയും പ്രതിലോമപ്രവർത്തനം നടത്തുകയും ചെയ്യുന്നത്. അവരുടെ സംശയവും ദുർഭാവനയും അഗ്നി ഉണങ്ങിയ വൈക്കോലിനെ കരിച്ചുകളയുന്നതുപോലെ അവരുടെ വിശ്വാസത്തെ നശിപ്പിച്ചുകളയുന്നു. അങ്ങനെയുള്ളവർ അവിശ്വാസത്തിന്റെ അന്ധകാരത്തിലേക്ക് എറിയപ്പെടും എന്നാണ് വാഗ്ദത്തമസീഹ്(അ) മുന്നറിയിപ്പു നൽകിയത്. യഥാർത്ഥത്തിൽ ഇതു തന്നെയാണ് ഖിലാഫത്ത് തർക്കവുമായി പുറത്തുവന്നവരുടെ കാര്യത്തിൽ സംഭവിച്ചത്.

വിഘടിതവിഭാഗം ലാഹോർ നഗരം തട്ടകമാക്കിയായിരുന്നു ആവാസമുറപ്പിച്ചത്. ഈ ഗ്രൂപ്പിന്റെ നേതാവായ മൗലവി മുഹമ്മദലി സാഹിബ് പിന്നീട് ഇംഗ്ലീഷിൽ The Split (ഭിന്നിപ്പ്) എന്ന പേരിൽ അവാസ്തവങ്ങളും വളച്ചൊടിച്ച വിവരണങ്ങളും അർദ്ധസത്യങ്ങളും കൂട്ടിയരച്ച് ഒരു പുസ്തകം രചിക്കുകയുണ്ടായി. വിദേശത്തെ അഹ്മദിയ്യാ മിഷനുകൾ നടത്തുന്ന ഇസ്‌ലാമിക പ്രചാരണപ്രവർത്തനങ്ങളെ തുരങ്കംവെക്കുകയും ഇസ്‌ലാമിന്റെ ഒരു സ്വയംസേവകനായി വേഷംകെട്ടുകയും ചെയ്യുകവഴി ഹസ്രത്ത് ഖലീഫത്തുൽമസീഹ് രണ്ടാമനെക്കാൾ വലിയ സ്വാധീനം തനിക്കു കൈവരുമെന്നായിരുന്നു അദ്ദേഹം പ്രതീക്ഷിച്ചത്!

എന്നാൽ, ഒന്നും സംഭവിക്കുകയുണ്ടായില്ല. ഇദ്ദേഹവും സിൽബന്ധികളും പിന്നീട് അഹ്മദിയ്യാ അൻജുമൻ ഇശാഅത്തെ ഇസ്‌ലാം എന്നപേർ സ്വീകരിച്ചു മുഖ്യധാരയിൽ ലയിക്കുകയും ആരുടെ മുമ്പിൽ നല്ലപിള്ളമാരാവാനാണോ വിഘടിതരായി പുറത്തുവന്നത്, ആ മുല്ലമാർ വിഹരിക്കുന്ന പൊതുമുസ്‌ലിംകളുടെ നാഥനില്ലാത്തൊഴുത്തിൽ ഒട്ടുംതാമസിയാതെ തിരോധാനം ചെയ്യുകയും ചെയ്തുവെന്നുമാത്രം! എന്നാൽ, മുല്ലാവൃന്ദം സംശയത്തോടും അവിശ്വാസത്തോടെയുമാണ് ഇന്നും ഇവരെ വീക്ഷിക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിനോടും അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നോടുമുള്ള വിരോധത്തിൽ ഇവർ മറ്റെല്ലാവരെയും കടത്തിവെട്ടാൻ ശ്രമിക്കാറുണ്ടെങ്കിലും മുല്ലമാരുടെ സ്നേഹവൃത്തത്തിൽ അവർക്കിനിയും പ്രവേശനം കിട്ടിയിട്ടില്ല! അഹ്മദിയ്യാ ജമാഅത്തിന്റെ നിലപാട് തുറന്നതും വളച്ചുകെട്ടില്ലാത്തതുമാണെങ്കിൽ, ലാഹോറികളുടേത് ദുർഗ്രഹമാണെന്നാണ് മൗലാനാ അബുൽ ഹസൻ അലി നദ്‌വി തന്റെ ഖാദിയാനിസം എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെട്ടത്.

പ്രശസ്ത ഓറിയന്റലിസ്റ്റ് ചരിത്രകാരനായ എച്ച്. എ. ആർ. ഗിബ്ബ് ഇപ്രകാരം എഴുതുന്നു:

1914ൽ അദ്ദേഹത്തിന്റെ (അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരുടെ) ആദ്യത്തെ ഖലീഫയുടെ അഥവാ പിൻഗാമിയുടെ ചരമത്തിന്നുശേഷം അഹ്മദിയ്യാ പ്രസ്ഥാനം രണ്ടു വിഭാഗങ്ങളായി പിരിഞ്ഞു. മാതൃ സംഘടന അഥവാ ഖാദിയാനി ശാഖ പ്രസ്ഥാനസ്ഥാപകരുടെ പ്രവാചകനാണെന്ന വാദത്തെ ഉയർത്തിപ്പിടിക്കുകയും തുടർന്നും ഖലീഫയെ അംഗീകരിച്ചുപോരുകയും ചെയ്തു. വിഘടിതർ അഥവാ ലാഹോർ കക്ഷിയാകട്ടെ, രണ്ടും ഉപേക്ഷിക്കുകയും ഒരു പുതിയ തലവന്റെ കീഴിൽ ഇസ്‌ലാം പ്രചരിപ്പിക്കാനുള്ള ഒരു സൊസൈറ്റിയായി രൂപപ്പെടുകയുമാണ് ചെയ്തത്. ലാഹോർ വിഭാഗം പിന്നീട് യാഥാസ്ഥിതിക സുന്നിത്തവുമായി രഞ്ജിപ്പിലെത്തിച്ചേർന്നു. എങ്കിലും മുസ്‌ലിം ഉലമാവൃന്ദം അവരെ ഇപ്പോഴും സംശയത്തോടെയാണ് വീക്ഷിക്കുന്നത് . (Muhammadanism t]. 187, 2nd Edition)

**തർക്കം അടിസ്ഥാനവിശ്വാസപ്രമാണങ്ങളിൽ**

മൗലവി മുഹമ്മദലി സാഹിബും കൂട്ടുകാരും മുമ്പ് ഏറ്റുപറഞ്ഞതും വിശ്വസിച്ചതുമായ എല്ലാകാര്യങ്ങളും കുത്തനെ വിഴുങ്ങി, ഒടുവിൽ അഹ്മദിയ്യാ ജമാഅത്തിന്റെ കേന്ദ്രസ്ഥൂപങ്ങളായി നിലകൊള്ളുന്ന സുപ്രധാനമായ രണ്ട് അടിസ്ഥാന വിശ്വാസപ്രശ്നങ്ങളെക്കുറിച്ച്, ഖിലാഫത്ത് വ്യവസ്ഥയുടെ രൂപസംവിധാനം എങ്ങനെയായിരിക്കണമെന്നതിനെയും ഖലീഫയുടെ സ്ഥാനവും പ്രവർത്തനരീതിയും എന്തായിരിക്കണമെന്നതിനെയുംകുറിച്ചു ശക്തമായ നിലയിലുള്ള തർക്കങ്ങളാണ് ഉന്നയിക്കുകയുണ്ടായത്. വസ്തുതകൾ വളച്ചുകെട്ടില്ലാതെ വിശദീകരിക്കുന്നതിനും മൗലവി മുഹമ്മദലി സാഹിബ് നടത്തിയ അടിസ്ഥാനരഹിതവും അധിക്ഷേപാർഹവുമായ ആരോപണങ്ങൾക്കു മറുപടി നൽകാനുമായി അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ, മുസ്‌ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ആയിനയെ സദാഖത്ത് (സത്യത്തിന്റെ ദർപ്പണം) എന്ന പേരിൽ ഉർദുവിൽ ഒരു പുസ്തകം എഴുതുകയും അത് പിന്നീട് ഭിന്നിപ്പിന്റെ യാഥാർത്ഥ്യം (Truth about the split) എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കപ്പെടുകയുമുണ്ടായി.

**മൗലവി മുഹമ്മദലിയുടെ കള്ളപ്രചരണങ്ങൾ**

മൗലവി മുഹമ്മദലി സാഹിബ് നടത്തിയ ഓരോ ആക്ഷേപവും ഖണ്ഡിച്ചു തകർക്കുന്ന അനിഷേധ്യമായ തെളിവുകളും ന്യായവാദങ്ങളും അതിലദ്ദേഹം അവതരിപ്പിച്ചു. ഈ എല്ലാ കാര്യങ്ങളും ആ മഹാത്മാവ് നേരിട്ട് അനുഭവിച്ചറിഞ്ഞ സത്യവസ്തുതകളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിലാണ് വിവരിച്ചിട്ടുള്ളത്. മൗലവി മുഹമ്മദലി സാഹിബും ഖാജാ കമാലുദ്ദീൻ സാഹിബും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ അധികാരത്തെ തുരങ്കംവെക്കാൻ എത്തരത്തിലുള്ള ഗൂഢതന്ത്രങ്ങളാണ് പുറത്തെടുത്തതെന്നു സംശയരഹിതമായി അദ്ദേഹം തെളിയിച്ചു. ഖലീഫത്തുൽ മസീഹിനെ സദർ അഞ്ചുമൻ അഹ്മദിയ്യ എന്ന ജമാഅത്തിന്റെ കേന്ദ്രകമ്മിറ്റിയുടെ ഹിതാനുസരണം വർത്തിക്കുന്ന കേവലമൊരു പാവയായി മാറ്റാനായിരുന്നു ഇവർ ശ്രമിച്ചത്. ഈ ലക്ഷ്യം നേടിയെടുക്കാൻ നിലവാരം കുറഞ്ഞ തന്ത്രങ്ങളാണ് അവർ പുറത്തെടുത്തത്. കള്ളപ്രചാരവേലകളുടെ ഒരു ശൃംഖല തന്നെ ഇതിന്നായി അവർ സൃഷ്ടിച്ചു. തങ്ങളുടെ ഭാഗം അംഗീകരിപ്പിക്കാൻ ദുർബലരായ അഹ്മദികളെ അവർ സമീപിക്കുകയും ലോലമായ വഴികളിലൂടെ അവരുടെ മനസ്സുമാറ്റുകയും ചെയ്തു. അജ്ഞാതമായ ലഘുലേഖകളും വളച്ചൊടിച്ച വസ്തുതകളും പ്രസിദ്ധപ്പെടുത്തുകയും ഭിന്നിപ്പും ആശയക്കുഴപ്പവും സൃഷ്ടിക്കാനുള്ള ഉദ്ദേശ്യത്തോടെ അവ വിപുലമായി പ്രചരിപ്പിക്കുകയും ചെയ്തു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഭിന്നിപ്പിന്റെ യാഥാർത്ഥ്യം' (Truth about the split) എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു:

മൗലവി മുഹമ്മദലി സാഹിബ് തന്റെ വിശദീകരണങ്ങളിലൂടെ സത്യത്തിൽനിന്നു ബോധപൂർവ്വം അകലുകയും ദൈവത്തോടുള്ള ഭയം കൈവെടിയുകയും ചെയ്തിരിക്കുകയാണ്. ഒരു വിശ്വാസപ്രമാണത്തെക്കുറിച്ചുള്ള തെറ്റായ വ്യാഖ്യാനമോ അല്ലെങ്കിൽ തെറ്റായരീതിയിലുള്ള വാദഗതിയോ അതെഴുതിയ ആളുടെ ഭാഗത്തുനിന്നുള്ള തെറ്റിദ്ധാരണകൾ മുഖേന സംഭവി

ച്ചതാകാമെന്നു നമുക്കു കരുതാമായിരുന്നു. എന്നാൽ, ഒന്നോരണ്ടോ തവണയല്ല, മറിച്ചു, ആസൂത്രിതമായ ഉദ്ദേശ്യത്തോടെ ഇതു നിരന്തരമായി ആവർത്തിച്ചുകാണുമ്പോൾ നാമെന്താണു പറയുക? അശ്രദ്ധനായ വായനക്കാരനെ വഞ്ചിക്കാനുള്ള ബോധപൂർവ്വമായ ഗൂഢാലോചന എന്നു വിശേഷിപ്പിക്കാനാണ് അപ്പോൾ നാം നിർബന്ധിതരാവുക (പേജ് 62).

മൗലവി മുഹമ്മദലി സാഹിബ് കുറഞ്ഞത് ഇരുപത്തിനാലു തവണയെങ്കിലും കരുതിക്കൂട്ടിയുള്ള കള്ള മൊഴികൾക്കു തുനിഞ്ഞിട്ടുള്ളതായും മുസ്‌ലിഹ് മൗഊദ് (റ) കൂട്ടിച്ചേർത്തു.

### ഖാജാ കമാലുദ്ദീൻ സാഹിബ് വിമതപ്രവർത്തനങ്ങളുടെ മൂലഹേതു

വാഗ്ദത്തമസീഹിനെകുറിച്ച് സംശയങ്ങൾ പുലർത്തിയ ആദ്യത്തെ വ്യക്തി ഖാജാ കമാലുദ്ദീനായിരുന്നു. അദ്ദേഹമാണ് എല്ലാ വിഘടിതപ്രവർത്തനങ്ങളുടെയും മൂലഹേതുവായി പ്രവർത്തിച്ചത്. മൗലവി മുഹമ്മദലി സാഹിബ് ഏറെക്കഴിഞ്ഞ് ഖാജാസാഹിബിനോടൊപ്പം കൂടിയ അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ മാത്രമായിരുന്നു. അഹ്‌മദിയ്യത്തിൽ പ്രവേശിക്കുന്നതിനുമുമ്പുള്ള അദ്ദേഹത്തിന്റെ ഭൂതകാലം മികച്ചതൊന്നുമായിരുന്നില്ല. ഇസ്‌ലാം അദ്ദേഹത്തിനു മടുത്തിരുന്നു. ഒരവസരത്തിൽ കൃസ്തീയ വിശ്വാസം പുണരാൻപോലും ഗൗരവമായിത്തന്നെ ചിന്തിച്ചിരുന്ന ആളാണദ്ദേഹം. വാഗ്ദത്ത മസീഹ് (അ) മുന്നോട്ടുവച്ച ശക്തിമത്തായ വാദഗതികൾക്കു മറുപടി നൽകാൻ ക്രിസ്ത്യാനികൾക്കാവില്ലെന്ന തിരിച്ചറിവാണ് അദ്ദേഹത്തെ അഹ്‌മദിയ്യാ പ്രസ്ഥാനത്തിലെത്തിച്ചത്. 1897ൽ വാഗ്ദത്ത മസീഹ് (അ) ലാഹോറിലെ സർവ്വമതമഹാസമ്മേളനത്തിൽ വായിക്കാൻവേണ്ടി തയ്യാറാക്കിയ പ്രബന്ധം അദ്ദേഹത്തിനു വായിക്കാൻ കൊടുത്തപ്പോൾ, പ്രതീക്ഷിച്ച നിലവാരം പുലർത്തിയില്ലെന്നായിരുന്നു ഖാജാ കമാലുദ്ദീൻ സാഹിബ് പറഞ്ഞത്. പ്രസ്തുത സമ്മേളനത്തിൽ ആ പ്രബന്ധത്തിന്റെ മഹത്തായ വിജയത്തെക്കുറിച്ചു വാഗ്ദത്ത മസീഹിന്നു ലഭിച്ച ദൈവീകവെളിപാടു വിളംബരപ്പെടുത്തുന്ന നോട്ടീസുകൾ പ്രസിദ്ധപ്പെടുത്താനും പ്രചരിപ്പിക്കാനും അദ്ദേഹത്തോടാവശ്യപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം നിഷേധാത്മകമായിരുന്നു. അതിനെക്കുറിച്ചുള്ള വിവരങ്ങൾ അദ്ദേഹം ബോധപൂർവ്വം മറച്ചുവെക്കുകയും ചെയ്തു. ആളുകളുടെ ദൃഷ്ടി പതിയാത്തരീതിയിൽ വിമുഖതയോടെയും രഹസ്യസ്വഭാവത്തോടെയുമാണ് ആ നോട്ടീസുകൾ അദ്ദേഹം ചുമരുകളിൽ പതിച്ചത്.

1905ൽ ഖാജാ കമാലുദ്ദീന്റെ ദുർബ്ബലമായ വിശ്വാസം തുറന്നുകാട്ടിയ മറ്റൊരു സംഭവമുണ്ടായി. റിവ്യൂ ഓഫ് റിലീജ്യൻസ് മാസികയിൽ വരുന്ന വാഗ്ദത്ത മസീഹിനെ സംബന്ധിച്ച എല്ലാ പരാമർശങ്ങളും കീഴെ അടിക്കുറിപ്പിൽ മാത്രം ഒതുക്കിയാൽ മതിയെന്ന നിർദ്ദേശം അദ്ദേഹം മുന്നോട്ടുവച്ചു. റിവ്യൂവിന് അഹ്‌മദികളല്ലാത്ത വലിയൊരു വൃത്തം വായനക്കാരെ ആകർഷിക്കാൻ ഇതാവശ്യമാണെന്നായിരുന്നു ന്യായം. എന്നാൽ പ്രസ്ഥാനത്തിലെ വിശ്വസ്തരായ അംഗങ്ങളുടെ കടുത്ത എതിർപ്പുമൂലം ഈ ഉദ്യമത്തിൽനിന്നു പിന്തിരിയാൻ അദ്ദേഹം നിർബന്ധിതനായി.

### അബ്ദുൽഹക്കീം ഖാൻ

ഒരുവേള വാഗ്ദത്തമസീഹ്(അ)ന്റെ ശിഷ്യനായിരുന്ന ഡോക്ടർ അബ്ദുൽ ഹക്കീംഖാൻ 1906ൽ വാഗ്ദത്തമസീഹു(അ)മായി അഹ്‌മദിയ്യാ വിശ്വാസവുമായി ബന്ധപ്പെട്ട ഒമ്പത് അടിസ്ഥാനപ്രമാണങ്ങളെക്കുറിച്ച് ദുരുപതിഷ്ടമായ ചോദ്യങ്ങളുന്നയിച്ചു രംഗത്തുവന്നു. ചോദ്യങ്ങളുടെ മർമ്മം, അനഹ്‌മദി ഇമാമുകളുടെ പിന്നിൽനിന്നു നമസ്ക്കരിക്കാൻ അഹ്‌മദികളെ വിലക്കുന്നതെന്തിനാണെന്നായിരുന്നു. വാഗ്ദത്തമസീഹിന്റെ സ്ഥാനത്തെയും ദിവ്യവാദങ്ങളെയും ഈസാനബി(അ)യുടെ മരണത്തെയും കുറിച്ചുള്ള കാര്യങ്ങളും അയാൾ ചർച്ചാവിഷയമാക്കി. മോക്ഷം നേടുന്നതിന് തിരുനബി(സ)യിൽ വിശ്വസിക്കേണ്ടതു നിർബന്ധമല്ലെന്നും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചാൽ മതിയെന്നുമായിരുന്നു ഇയാളുടെ മറ്റൊരു സിദ്ധാന്തം. ഇതിനു ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹ് (അ)ൽനിന്നുള്ള പ്രതികരണം ശ്രീഘ്രമായിരുന്നു. അബ്ദുൽഹക്കീം അർഹിക്കുന്നവിധംതന്നെ ജമാഅത്തിൽനിന്നും പുറംതള്ളപ്പെട്ടു. അപ്രതീക്ഷിതമായ ഈ പ്രതികരണത്തിൽ ഏറ്റവും അമ്പരന്നത് അയാളുടെ സുഹൃത്ത് ഖാജാ കമാലുദ്ദീൻ ആയിരുന്നു. ഇക്കാര്യത്തിൽ വളക്കൂറുള്ള അദ്ദേഹത്തിന്റെ മനസ്സും അബ്ദുൽ ഹക്കീം ഉയർത്തിയ പ്രശ്നങ്ങളോടു യോജിപ്പിലായിരുന്നു. ഈ പ്രശ്നങ്ങൾ തന്നെയാണ് പിന്നീട് ലാഹോർ പാർട്ടിയുടെ രൂപീകരണത്തിലേക്കു നയിച്ച അടിസ്ഥാനങ്ങളായി വർത്തിച്ചത്. തുടക്കത്തിൽ മൗലവി മുഹമ്മദലി പ്രകടമായ രൂപത്തിൽ വിഘടിത നിലപാടിന്റെ അടയാളമൊന്നും കാണിച്ചിരുന്നില്ല. എന്നാൽ ഖാജാ കമാലുദ്ദീൻ അദ്ദേഹത്തിൽ ഒരു ശക്തനായ കൂട്ടുകാരനെ കണ്ടെത്തി. തന്റെ ലക്ഷ്യപൂർത്തീകരണത്തിന് അദ്ദേഹത്തെകൂടി ഉൾപ്പെടുത്താൻ ഖാജാ ഏറെ പണിപ്പെടുകയും ചെയ്തു. വാഗ്ദത്തമസീഹിനെ വിമർശിക്കുന്നേടത്തോളം മൗലവി മുഹമ്മദലി താണിറങ്ങിയതിൽനിന്നുതന്നെ ഇക്കാര്യത്തിൽ ഖാജാ കമാലുദ്ദീന്റെ വിജയം എത്രത്തോളമുണ്ടെന്ന് അളന്നെടുക്കാൻ കഴിയും. (ഇദ്ദേഹത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ഹസ്രത്ത് അഹ്‌മദ് (അ) സമ്പൂർണ്ണ ജീവചരിത്രം (രണ്ടാം വാള്യം) നോക്കുക).

### മൗലവി മുഹമ്മദലിയുടെ പ്രതികാരവാഞ്ജ

പ്രകൃത്യാ പ്രതികാരവാഞ്ജയുള്ള ആളായിരുന്നു മൗലവി മുഹമ്മദലി സാഹിബ്. വാഗ്ദത്തമസീഹിന്റെ ജീവകാലത്തുതന്നെ അദ്ദേഹം അഞ്ചുമൻ കാര്യങ്ങളിൽ ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീനു (റ) മായി ഏറ്റുമുട്ടിയിരുന്നതാണ്. ഈ മോശമായ ബന്ധം അദ്ദേഹം മറക്കാൻ തയാറായിരുന്നില്ലെന്നാണ് മനസ്സിലാവുന്നത്. ഒന്നാം ഖലീഫയുടെ ആറുവർഷക്കാലയളവിലുണ്ടായ കടുത്ത ഏറ്റുമുട്ടലുകൾക്കു പിന്നിലുള്ള ഇന്ധനമായി വർത്തിച്ചത് ഈ വിരോധം തന്നെയായിരുന്നു.

അൽവസിയ്യത്തിലെ നിർദ്ദേശങ്ങളനുസരിച്ചു ഖലീഫയായി ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ (റ) നെ തിരഞ്ഞെടുത്തിരിക്കുന്ന വിവരം പ്രഖ്യാപിക്കുന്ന രേഖയിൽ മൗലവി മുഹമ്മദലിയും സാക്ഷിയായി ഒപ്പിട്ടിരുന്നതാണ്. എങ്കിലും പിന്നീടദ്ദേഹം അതിനെ തള്ളിപ്പറയാൻ മടിച്ചില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഖിലാഫത്ത് എന്നാൽ സദർ അഞ്ചുമൻ അഹ്മദിയ്യ ആണ്. ഖലീഫയുടെ റോൾ ആചാരപരം മാത്രമാണത്രെ. നമസ്ക്കാരങ്ങൾക്കു നേതൃത്വം നൽകുക, പുതുവിശ്വാസികൾക്കു ബൈഅത്തു ചൊല്ലിക്കൊടുക്കുക, നിക്കാഹ് ഖുത്തുബകൾ നിർവ്വഹിക്കുക തുടങ്ങിയവയിൽ ഖലീഫയുടെ ജോലി ഒതുങ്ങുന്നു! ഖിലാഫത്ത് വ്യവസ്ഥയെയും ഖലീഫയുടെ സ്ഥാനത്തെയും സംബന്ധിച്ചു തന്റെ വീക്ഷണങ്ങളോടു യോജിപ്പുള്ള പല സമാനമനസ്ക്കരെയും മൗലവി മുഹമ്മദലി കൂടെക്കൂട്ടി. ഏറ്റവും മികച്ച അവസരവാദിയായ ഖാജാ കമാലുദ്ദീൻ ഈ സന്ദർഭം ശരിക്കും പ്രയോജനപ്പെടുത്തിക്കൊണ്ടു മൗലവി മുഹമ്മദലിയുടെ പിന്നിൽ ആളുകളെ സംഘടിപ്പിക്കാൻ ആവുന്നത്ര ശ്രമിച്ചു. ഇതിന്റെ ഫലമായി പ്രസ്ഥാനത്തിന്നകത്തു രണ്ടു ഗ്രൂപ്പുകൾ രൂപംകൊണ്ടു. ഒന്നു ഖലീഫയ്ക്കു പിന്തുണ നൽകിക്കൊണ്ടും മറ്റൊന്നു സദർ അഞ്ചുമൻ അഹ്മദിയ്യക്കു പിന്നിലുമായിരുന്നു.

### ഭിന്നിപ്പിന്റെ വിത്തുകൾ

ഖലീഫയുടെ അധികാരത്തെ ദുർബ്ബലമാക്കാൻ അഞ്ചുമന്റെ ഓഫീസ് ഉപയോഗിക്കാനാണ് ഖാജാ കമാലുദ്ദീൻ സാഹിബ് തീരുമാനിച്ചത്. ഖലീഫ നൽകുന്ന നിർദ്ദേശങ്ങളെ പ്രസിഡണ്ടിന്റെ നിർദ്ദേശം മാത്രമായി അദ്ദേഹം രേഖപ്പെടുത്തി. ഇങ്ങനെ ഖലീഫ അഹ്മദിയ്യാ ജമാഅത്തിന്റെ നിയമാനുസൃത തലവനല്ലെന്നു വരുത്തിത്തീർക്കലായിരുന്നു ഉദ്ദേശ്യം. എങ്കിലും ഈ കുതന്ത്രങ്ങൾ ഒടുവിൽ പരാജയപ്പെടുകതന്നെ ചെയ്തു. ഹദ്റസത്ത് ഹക്കീം ഫസ്ലുദ്ദീൻ സാഹിബ് വാങ്ങിയ ഒരു വീടിന്റെ കാര്യത്തിലുള്ള ഉത്തരവ് അഞ്ചുമൻ കണ്ടില്ലെന്നു നടിച്ചതോടെയാണ് ഗൂഢാലോചന പുറത്തായത്. ഖലീഫത്തുൽ മസീഹ് അവരെ വിളിച്ചുവരുത്തുകയും ശക്തമായി ശാസിക്കുകയും ചെയ്തു. അനുസരണത്തിലാണ് നന്മയുള്ളത് എന്നും തങ്ങളുടെ പ്രവർത്തനരീതി മാറ്റാത്ത പക്ഷം ദൈവാനുഗ്രഹത്തിൽനിന്നും അകറ്റപ്പെടുമെന്നും അവരെ അദ്ദേഹം ഓർമ്മപ്പെടുത്തി.

അന്നുമുതൽ ജനങ്ങളിൽനിന്നു ഖലീഫയെ ബോധപൂർവ്വം അകറ്റാനുള്ള സൂത്രങ്ങൾ അവർ ആരംഭിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമനെ അപമാനിക്കുകയെന്ന ഉദ്ദേശ്യത്തോടെ പ്രചണ്ഢമായ അപവാദപ്രചരണങ്ങളാണ് അവർ അഴിച്ചുവിട്ടത്. ഏതെങ്കിലും രൂപത്തിൽ ആ മഹാത്മാവിനെ പുറത്താക്കുകയോ ഖലീഫയെന്ന നിലയിൽ രാജിവെപ്പിക്കുകയോ ചെയ്യാനുള്ള ശ്രമങ്ങളുമുണ്ടായി. അവസാനം വിഘടിതരെ പ്രസ്ഥാനത്തിൽനിന്നുതന്നെ പുറത്താക്കുവാൻ ഖലീഫത്തുൽ മസീഹ് ആലോചിക്കുന്നിടംവരെ കാര്യങ്ങളെത്തി. ഒരു പെരുന്നാൾ ദിനത്തിന്റെ ഖുത്ബയിൽ ഈ തീരുമാനം പ്രഖ്യാപിക്കേണ്ടതായിരുന്നുവെങ്കിലും അങ്ങനെ സംഭവിച്ചില്ല. എങ്കിലും വിഘടിതവിഭാഗം തങ്ങളുടെ ബൈഅത്ത് വീണ്ടും പുതുക്കേണ്ടിവന്നു.

അതിന്നിടയിൽ ഖാജാ കമാലുദ്ദീൻ സാഹിബ് രാജ്യത്തുടനീളം സഞ്ചരിച്ചുകൊണ്ട് വിപുലമായ പ്രഭാഷണപരമ്പര ആരംഭിച്ചു. പ്രഗത്ഭനായ വാഗ്മി എന്ന നിലയിൽ അദ്ദേഹം വമ്പിച്ച ജനക്കൂട്ടങ്ങളെ ആകർഷിക്കുകയും ഏറെ പ്രശസ്തനാവുകയും ചെയ്തു. ഈ പര്യടനങ്ങൾമൂലം അനഹ്മദി മുസ്‌ലിംകളുമായി വ്യാപകമായി ഇടപഴകാനുള്ള അവസരം അദ്ദേഹത്തിനു ലഭിച്ചു. ഈ സന്ദർഭത്തിലാണ് അഹ്മദികളല്ലാത്ത മുസ്‌ലിംകളുടെ പിന്നിൽ നമസ്ക്കരിക്കുകയെന്ന പ്രശ്നം വീണ്ടും പൊന്തിവന്നത്. ഇതേക്കുറിച്ച് ചോദിക്കപ്പെട്ടപ്പോഴൊക്കെ ഓരോ അവസരത്തിനൊപ്പിച്ചാണ് അദ്ദേഹം മറുപടി നൽകിയത്. ഇതത്ര ഗൗരവതരമോ കർശനമായി പാലിക്കപ്പെടേണ്ടതോ ആയ ഒരു വിലക്ക് അല്ലെന്ന രീതിയിലായിരുന്നു അദ്ദേഹത്തിന്റെ മറുപടികൾ.

മുസ്‌ലിഹ് മൗഊദ് (റ) തുടർന്നെഴുതുന്നു: ഡോ. അബ്ദുൽഹക്കീം ഖാന്റെ മതപരിത്യാഗകാലത്തുതന്നെ ഖാജാസാഹിബിന്റെ ആശയങ്ങൾ വിഷലിപ്തമായിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. ഇപ്പോഴത് അതിന്റെ ദുഷ്ഫലങ്ങൾ പുറത്തെടുക്കാൻ തുടങ്ങി. ഖാജാസാഹിബ് പേരും പ്രശസ്തിയും അന്വേഷിച്ചു നടക്കുന്നയാളായിരുന്നു. ഇത്തരം വിലക്കുകൾ ആ മാർഗ്ഗത്തിലേക്കുള്ള തടസ്സങ്ങളായാണ് അദ്ദേഹം കണ്ടിരുന്നത്. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള വിലക്കുകളെയെല്ലാം എന്തുവിലകൊടുത്തും തട്ടിമാറ്റണമെന്ന് അദ്ദേഹം ഉറച്ചിരുന്നു (പേ. 257 58)

അനഹ്മദികളുടെ പിന്നിൽനിന്നു നമസ്ക്കരിക്കരുതെന്ന വിലക്ക് നിർബന്ധിതമായ ഒന്നല്ല, താൽക്കാ

ലികം മാത്രമാണെന്നായിരുന്നു ഖാജാ കമാലുദ്ദീൻ സാഹിബ് പ്രചരിപ്പിച്ചത്. ഖാജ വളരെ ലാഘവത്തോടെയാണ് ഈ പ്രശ്നം കൈകാര്യം ചെയ്തത്. എന്നാൽ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമനാകട്ടെ, വാഗ്ദത്തമസീഹിന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽതന്നെ തീർത്തും അസന്ദേയമായ ഒരു നിലപാടാണ് ഇക്കാര്യത്തിൽ കൈക്കൊണ്ടത്. വാഗ്ദത്തമഹ്ദീമസീഹ് (അ) ഇതേക്കുറിച്ച് എന്തായിരുന്നു പറഞ്ഞത്? ആ ദിവ്യാത്മാവ് തന്റെ അനുചരവൃന്ദത്തെ ഇപ്രകാരമാണ് ഓർമ്മിപ്പിച്ചത്:

ഓർത്തുകൊള്ളുക, ഒരു മുകഫ്ഫിറിന്റെയോ (അഥവാ മറ്റൊരാളുടെ മേൽ കുഫ്റ് ആരോപിക്കുന്നവരുടെയോ) ഒരു മുകസ്സിബിന്റെയോ (അഥവാ ഒരു നിഷേധിയുടെയോ) ഒരു മുതർറദ്ദിന്റെയോ (അഥവാ ഒരു സന്ദേഹിയുടെയോ) പിന്നിൽ നമസ്ക്കരിക്കുകയെന്നതു നിങ്ങൾക്കു നിഷിദ്ധമാക്കിയതായും തീർത്തും വിലക്കപ്പെട്ടതായും ദൈവം എന്നെ അറിയിച്ചിരിക്കുന്നു. നിങ്ങളുടെ ഇമാം നിങ്ങളുടെ ഇടയിൽനിന്നുതന്നെയുള്ള ആളായിരിക്കേണ്ടതാണ്. (തുഹ്ഫയെ ഗോൾഡവിയ്യ, കുറിപ്പ് പേ. 18)

**പ്രശസ്തി തേടി ഖാജാ കമാലുദ്ദീൻ**

ഈ വിവാദം കൊടുംപിരികൊള്ളവെ ശ്രദ്ധേയമായ മറ്റൊരു വിവാദവും രൂപപ്പെടുകയായിരുന്നു. അഹ്മദിയ്യാ സന്ദേശത്തിന്റെ പ്രചരണത്തെകുറിച്ചുള്ളതാണത്. ഖാജാ കമാലുദ്ദീൻ വാഗ്ദത്തമസീഹിനേയും അഹ്മദിയ്യത്തിനേയും കുറിച്ചുള്ള പരാമർശങ്ങളെല്ലാം ബോധപൂർവ്വം ഒഴിവാക്കി തന്റെ പ്രഭാഷണകലയിൽ മുന്നേറുകയായിരുന്നു. അനഹ്മദികൾക്കിടയിൽ ഇത് അദ്ദേഹത്തിന്റെ പ്രശസ്തി വർദ്ധിപ്പിച്ചു. അനഹ്മദികളെ പിണക്കാതെയുള്ള ഖാജാ സാഹിബിന്റെ ഈ രീതി വിപുലമായ ജനസഞ്ചയങ്ങളെ ആകർഷിക്കാനുതകുന്നതാണെന്നുകണ്ട അഹ്മദികളും ഇതേ തന്ത്രം ഇഷ്ടപ്പെടാൻ തുടങ്ങി. ഖാജാ കമാലുദ്ദീന്റെ വ്യക്തിപരമായ പ്രശസ്തി അഹ്മദിയ്യാ ജമാഅത്തിന്റെ പ്രശസ്തിയായി തെറ്റിദ്ധരിക്കപ്പെടുന്നതിലേക്കാണ് കാര്യങ്ങൾ ചെന്നെത്തിയത്. ഖാജാ കമാലുദ്ദീന്റെ സൂത്രം അനുകരിക്കുന്നതുകൊണ്ടുള്ള ആപത്ത് കുറച്ചുകഴിഞ്ഞാൽ അഹ്മദികളും അയാളുടെ അതേ സ്വഭാവം പിന്തുടർന്ന് ഒടുവിൽ ജമാഅത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽനിന്നുതന്നെ അകന്നുപോകുമെന്നുള്ള ഒരവസ്ഥയുണ്ടാകുമെന്നുള്ളതാണ്.

അപ്പോൾ അഹ്മദികളുടെ മുമ്പിലുള്ള ഋജുവായ ഒരേയൊരു മാർഗ്ഗം, സദസ്സിന്റെ വലിപ്പമോ ജമാഅത്തിന്നെതിരു നിൽക്കുന്നവരുടെ ശത്രുതയോ നോക്കാതെ വാഗ്ദത്തമസീഹ് (അ) ന്റെ സത്യത്തെ നിർഭയം പ്രഘോഷിക്കുക എന്നുള്ളതാണ്. എന്നാൽ, കാലക്രമേണ മൗലവി മുഹമ്മദലി സാഹിബും ഖജാ കമാലുദ്ദീനു പിന്തുണയുമായി രംഗത്തിറങ്ങുകയാണുണ്ടായത്. പുതിയ തട്ടകത്തിൽ ഊഷ്മളമായ സ്വീകരണമാണ് അദ്ദേഹത്തിനു ലഭിച്ചതു. യഥാർത്ഥത്തിലുള്ള അധികാരമോ ശക്തിയോ ഒന്നുമില്ലെങ്കിലും ബഹുമാനസൂചകമായി അദ്ദേഹത്തെ അവർ ഖലീഫയെന്നോ അമീറെന്നോ പീറെന്നോ മറ്റോഉള്ള പട്ടം അണിയിക്കുകയും ചെയ്തു. അതോടെ അദ്ദേഹം ഖാജാ സാഹിബിന്റെ നയങ്ങളെയും വിശ്വാസങ്ങളെയും സ്വയം പുണരുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന ആളായിമാറുകയായിരുന്നു.

1910 ൽ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഒരു സവിശേഷ സ്വപ്നം കണ്ടു. മഹത്തായ അഞ്ചുമൻ അൻസാറുല്ലാഹ് സംഘടനയുടെ രൂപീകരണത്തിന്നു നിദാനമായി വർത്തിച്ചത് ഈ സ്വപ്നമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഹക്കീം നൂറുദ്ദീൻ(റ)ന്റെ അനുമതിയോടുകൂടിയായിരുന്നു ആ സംഘടന രൂപീകരിച്ചത്. അഹ്മദിയ്യത്തിന്റെ പ്രചാരണവും ഖലീഫത്തുൽ മസീഹിനോടുള്ള നിരുപാധികമായ അനുസരണവുമാണ് അതിന്റെ സുപ്രധാനലക്ഷ്യങ്ങളിലൊന്നായി പ്രഖ്യാപിക്കപ്പെട്ടത്. 1912 ൽ ഖാജാ കമാലുദ്ദീൻ സാഹിബ് ഇംഗ്ലണ്ടിലേക്കുപോയി. അവിടെ വ്യാപാരതാൽപര്യങ്ങളുണ്ടായിരുന്ന സമ്പന്നനായ ഒരഹ്മദിയുടെ ഏജന്റായിട്ടായിരുന്നു യാത്ര. എന്നാൽ, തന്റെ ദൗത്യത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം ഖാജാ സാഹിബ് വെളിപ്പെടുത്തിയിരുന്നില്ല. ഇനിയുള്ള കാലം ഇംഗ്ലണ്ടിൽ ഇസ്ലാമിന്റെ പ്രചാരണത്തിന്നായി സമർപ്പിക്കാൻവേണ്ടി താൻ അഭിഭാഷകവൃത്തി ഉപേക്ഷിക്കുകയായിരുന്നുവെന്നാണ് അദ്ദേഹം പ്രഖ്യാപിച്ചത്. അദ്ദേഹത്തെ ദീനിന്റെ ഒരു രക്തസാക്ഷിയായി കണക്കാക്കിക്കൊണ്ടുള്ള ആവേശത്തോടെയാണ് ആ വാർത്ത സ്വാഗതം ചെയ്യപ്പെട്ടത്. സത്യത്തെ മറച്ചുവെക്കാനുള്ള ഉദ്ദേശ്യത്തോടെ ഖാജാ കമാലുദ്ദീൻ ഒട്ടേറെ നുണപ്രഖ്യാപനങ്ങളും എഴുന്നള്ളിച്ചു. പതിവുപോലെ വാഗ്ദത്തമസീഹിനെയും അഹ്മദിയ്യാ ജമാഅത്തിനെയും കുറിച്ചുള്ള എല്ലാ പരാമർശങ്ങളും അവിടെയും അദ്ദേഹം ഒഴിവാക്കി. എല്ലാം പേരിനും പെരുമക്കും വേണ്ടി മാത്രമായിരുന്നു.

**വിമതൻമാർ മുഖംമൂടി അഴിക്കുന്നു**

1913ൽ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റെ മേൽനോട്ടത്തിൽ ഖാദിയാനിൽനിന്ന് അൽഫസൽ പത്രം പുറത്തിറങ്ങി. ഇതിന്നെതിരിൽ ലാഹോറിൽനിന്നു മൗലവി മുഹമ്മദലി സാഹിബും കൂട്ടുകാരും പൈഗാമെ സുൽഹ് എന്നപേരിൽ മറ്റൊരു പത്രവും പ്രസിദ്ധീകരിക്കുകയുണ്ടായി. തികച്ചും പ്രതിലോമപരമായ ഒരു നീക്കമായിരുന്നു ഇത്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഇതിനെക്കുറിച്ച് എഴുതുന്നു:

പൈഗാമെസുൽ ഹിന്റെ പ്രസിദ്ധീകരണത്തോടെ ജമാഅത്തിന്റെ ശരീരത്തിൽ ഒരു നീണ്ടകാലമായി കുമിഞ്ഞുകൂടിക്കൊണ്ടിരുന്ന വിഷം വെളിപ്പെടുകയും അഹ്മദിയ്യാ ജമാഅത്തിന്റെ സവിശേഷമായ ഭാവങ്ങൾ ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾ മറനീക്കി പുറത്തുവരികയും ചെയ്തു. (പേ.291)

ജമാഅത്തിന്റെ പ്രവർത്തനസംവിധാനവുമായി ബന്ധപ്പെട്ട ആഭ്യന്തരകാര്യങ്ങൾ പരസ്യമായി ചോദ്യം ചെയ്യപ്പെട്ടു. വാഗ്ദത്തമസീഹിനെകുറിച്ചുള്ള ഏതൊരു പരാമർശവും അലൈഹിർറഹ്മാൻ എന്ന വിശേഷണത്തിലൊതുക്കി. അതേസമയം തുർക്കി സുൽത്താനു നൽകിയത് ആഘോഷപൂർവ്വം തന്നെ ഖലീഫത്തുൽ മുസ്‌ലിമീൻ എന്ന സംബോധനയായിരുന്നു! ചുരുക്കത്തിൽ പ്രധാനലക്ഷ്യം അഹ്മദിയ്യത്തിന്റെ സന്ദേശത്തിൽതന്നെ വെള്ളം ചേർക്കലായിരുന്നു. അഹ്മദികളെയും അനഹ്മദികളെയും ഒരു പൊതുസമൂഹമാക്കി കൂട്ടിച്ചേർക്കാനുള്ള ഗൂഢതന്ത്രങ്ങളായിരുന്നു. (പേ. 292)

അതിന്നിടയിൽ ഇംഗ്ലണ്ടിൽ ഖാജാ കമാലുദ്ദീൻ സാഹിബിന്റെ പ്രബോധനപ്രവർത്തനങ്ങൾ അനിതരസാധാരണമായ വിജയം നേടിക്കൊണ്ടിരിക്കുന്നതായി വാർത്തപരന്നു. ലോർഡ് ഹെഡ്‌ലി എന്നുപേരുള്ള ഒരു ഇംഗ്ലീഷ് പ്രഭുവിന്റെ ഇസ്‌ലാമിലേക്കുള്ള പരിവർത്തനം തന്റെ പ്രബോധനപ്രവർത്തനങ്ങളുടെ ഫലമാണെന്നു ഖാജാ കമാലുദ്ദീൻ അവകാശപ്പെട്ടു. സത്യത്തിൽ 40 വർഷങ്ങൾക്കുമുമ്പേതന്നെ മുസ്‌ലിമായിക്കഴിഞ്ഞ ആളായിരുന്നു അദ്ദേഹം. എന്നാൽ ഈ അവകാശവാദം ലാഹോർ ഗ്രൂപ്പിനോടു സഹതാപം കാണിച്ചിരുന്ന അഹ്മദികളെ നന്നായി സ്വാധീനിച്ചു. ഖാജായുടെ സ്ഥാനവും പെരുമയും അതോടെ ഉത്തുംഗതയിലെത്തുകയും ചെയ്തു. ഈ സന്ദർഭത്തിൽ, ഖലീഫയുടെ സ്ഥാനത്തെയും അധികാരത്തെയും ചോദ്യംചെയ്യുന്ന അജ്ഞാതമായ രണ്ടു നോട്ടീസുകൾ ജമാഅത്തംഗങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെടുകയുണ്ടായി. അതിലൊന്നിൽ അൻസാറുല്ലാ സംഘടനയ്ക്ക് ഒരു ഗൂഢലക്ഷ്യമുണ്ടെന്നുള്ള ആരോപണമായിരുന്നു. ഏതെങ്കിലും വ്യക്തിയല്ല, സദർ അഞ്ചുമൻ അഹ്മദിയ്യ ആണ് വാഗ്ദത്തമസീഹിന്റെ യഥാർത്ഥ പ്രതിനിധിയെന്നും അതിലോർമ്മിപ്പിച്ചു. രണ്ടാമത്തേതിൽ നോട്ടീസുകാരുടെ മുഖം മറനീക്കി പുറത്തുകാണിക്കുന്നതായിരുന്നു. യഥാർത്ഥ ഗൂഢാലോചന, ഖലീഫാ സ്ഥാനം അതിന്നർഹനായ മൗലവി മുഹമ്മദലിയ്ക്കു നിഷേധിക്കാനും മിർസാ മഹ്മൂദ് അഹ്മദിനെ ഖലീഫയാക്കി വാഴിക്കാനുമാണത്രെ. വാഗ്ദത്തമസീഹ്(അ)ന്റെ കുടുംബത്തെയും ഇതുപോലെ താറടിച്ചുകാണിക്കാൻ അതിൽ ശ്രമമുണ്ടായി. അജ്ഞാതമായ ഈ രണ്ടു ലഘുലേഖകളിലെയും ഉള്ളടക്കം ലാഹോർ ഗ്രൂപ്പ് തള്ളിപ്പറഞ്ഞുവെങ്കിലും തെളിവുകൾ അവർക്കെതിരായിരുന്നു. അവ ശ്രദ്ധിച്ചുവായിക്കുന്ന ഏതൊരാൾക്കും അതിൽപറഞ്ഞ കാര്യങ്ങൾ ലാഹോർ ഗ്രൂപ്പ് നേതാക്കളുടെ വിശ്വാസങ്ങളെയും താൽപര്യങ്ങളെയും പ്രതിഫലിപ്പിക്കുന്നവയാണെന്നു കാണാൻ പ്രയാസമില്ല. ഇതോടെ ഒരു കാര്യം വ്യക്തമായിക്കഴിഞ്ഞിരുന്നു. ഇരു ലഘുലേഖകളുടെയും പിതൃത്വം ആർക്കായാലും ജമാഅത്തിന്നകത്ത് ഒരു ഭിന്നിപ്പിന്നുള്ള രംഗമൊരുങ്ങിയെന്നുള്ള സന്ദേശമാണത്.

**അൻജുമൻ അൻസാറുല്ലാഹ് രംഗത്ത്**

ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ മാർഗ്ഗദർശനത്തിൽ നോട്ടീസുകളിൽ പറഞ്ഞ ആരോപണങ്ങൾക്കു മറുപടി പറയാനുള്ള ചുമതല അൻസാറുല്ലായിൽ അർപ്പിക്കപ്പെട്ടു. അങ്ങനെ മൗലവി മുഹമ്മദലിയും വൈതാളികരും കൊണ്ടുനടക്കുന്ന മതസിദ്ധാന്തങ്ങൾ ഒന്നൊന്നായി അൻസാറുല്ലാഹ് ഖണ്ഡിച്ചുതകർത്തു. നോട്ടീസുകളുടെ പിന്നിൽ ലാഹോറി വിഭാഗത്തിന്റെ കൈകളാണെന്നാണ് സംശയാതീതമായി തെളിഞ്ഞത്.

ഖാജാ കമാലുദ്ദീൻ സാഹിബ് ഒരിക്കൽകൂടി അനഹ്മദികളുടെ പിന്നിൽനിന്നു നമസ്ക്കരിക്കാനുള്ള അനുവാദം ചോദിച്ചു. അഹ്മദികളും അനഹ്മദി മുസ്‌ലിംകളും തമ്മിലുള്ള വ്യത്യാസം ഇംഗ്ലീഷ് ജനതയെ അറിയിക്കാതിരിക്കാനുള്ള ആഗ്രഹത്താലാണിതെന്നായിരുന്നു ന്യായം. അദ്ദേഹത്തിന്റെ ആശ നടക്കട്ടെയെന്ന രീതിയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അത്തവണ അനുമതി കൊടുത്തു. പ്രത്യക്ഷ്യത്തിൽ ഇതു ഖാജാ സാഹിബിന്റെ ബലഹീനമായ വിശ്വാസത്തോടു ഖലീഫക്കുള്ള അതൃപ്തിയുടെ പ്രകടനമെന്നതിലുപരി മറ്റൊന്നുമായിരുന്നില്ലെങ്കിലും അതൊരനുവാദമായിത്തന്നെ വ്യാഖ്യാനിക്കപ്പെടുകയാണുണ്ടായത്.

1914 മാർച്ച് 4ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൗലാനാ നൂറുദ്ദീൻ(റ) രോഗബാധിതനായി കിടപ്പിലായി. ആ സന്ദർഭത്തിൽ ആ മഹാത്മാവ് തന്റെ ഒസ്യത്ത് ഇപ്രകാരം രേഖപ്പെടുത്തുകയുണ്ടായി:

എന്റെ പിന്തുടർച്ചാവകാശി ഭക്തനും ജനപ്രിയനും പണ്ഡിതനും സാത്വികനും ഹദ്റത്ത് സാഹിബിന്റെ (വാഗ്ദത്തമസീഹ്(അ)ന്റെ) പഴയവരും പുതിയവരുമായ എല്ലാ സ്നേഹിതൻമാരുടെയും തെറ്റുകുറ്റങ്ങളും ബലഹീനതകളും പൊറുത്തുകൊടുക്കുന്നയാളും ആയിരിക്കേണ്ടതാണ്. (പേ. 335)

ആ സന്ദർഭത്തിൽ അവിടെയുണ്ടായിരുന്ന മൗലവി മുഹമ്മദലിയോടു ഖലീഫത്തുൽ മസീഹ് അതിലെ ഉള്ളടക്കം മൂന്നുതവണ വായിക്കാനാവശ്യപ്പെടുകയും ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായം പ്രകടിപ്പിക്കാൻ അവസരം നൽകുകയും ചെയ്തു. അദ്ദേഹം ഒരെതിർപ്പും പ്രകടിപ്പിച്ചില്ലെന്നുമാത്രമല്ല, എല്ലാം വ്യവ

സ്ഥാനുസൃതമാണെന്ന് അഭിപ്രായപ്പെടുകയുമാണുണ്ടായത്.

**പോർക്കളം തയ്യാറാവുന്നു**

1914 മാർച്ച് 13ന് മഹാനായ ഖലീഫത്തുൽ മസീഹ് ഒന്നാമൻ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ ഭേരവി (റ) ഇഹലോകവാസം വെടിഞ്ഞു. ആ അവസരത്തിൽ ലാഹോർ ഗ്രൂപ്പിന്റെ അനിഷേധ്യനായ നേതാവെന്ന നിലയിൽ മൗലവി മുഹമ്മദലി സാഹിബ് നിർദ്ദേശിച്ചതു പെട്ടെന്നൊരു ഖലീഫയുടെ ആവശ്യം ഇപ്പോഴില്ലെന്നായിരുന്നു. വിശദമായ കൂടിയാലോചനകൾക്കും ചർച്ചകൾക്കുംശേഷം തീരുമാനിക്കേണ്ട കാര്യമാണത്രെ അത്. ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ കുറച്ചുമാസങ്ങൾ ദീർഘിപ്പിച്ചാലും പ്രശ്നമൊന്നുമില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കുറച്ചുകാലം കാത്തിരിക്കുന്നതുകൊണ്ട് എന്താണു തകരാറ്? ഒരു ഖലീഫയില്ലെന്നുവച്ച് എന്തു വ്യത്യാസമാണ് ഉണ്ടാകാൻ പോകുന്നത്? നാളെത്തന്നെ ചെയ്തുതീർക്കാൻ ഖലീഫയ്ക്ക് എന്തു പണിയാണുള്ളത്? എന്നൊക്കെയായിരുന്നു അദ്ദേഹത്തിന്റെ ന്യായവാദങ്ങൾ! മൗലവി മുഹമ്മദലി സാഹിബ് ഖലീഫ തിരഞ്ഞെടുപ്പു നീട്ടിക്കൊണ്ടുപോകാൻ ആവുന്നത്ര ശ്രമിക്കുകയായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം നബി(സ) തിരുമേനിയും വാഗ്ദത്തമസീഹ്(അ)ഉം ചരമം പ്രാപിച്ച അവസരത്തിലേതുപോലുള്ള ഒരു ഖലീഫയുടെ അത്യാവശ്യം ഇപ്പോഴില്ല. ഖിലാഫത്തിനേക്കാൾ ഇപ്പോൾ പ്രാധാന്യം നൽകേണ്ടതു സുപ്രധാനമായ വ്യത്യാസങ്ങളുടെ കാര്യത്തിലാണ്. വാഗ്ദത്തമസീഹി(അ)ന്റെ പുത്രൻ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഈ നിലപാടിനോട് അതിശക്തമായിത്തന്നെ വിയോജിപ്പു പ്രകടിപ്പിച്ചു. അദ്ദേഹം പറഞ്ഞു:

ജമാഅത്തിന്റെ ആത്മീയസംരക്ഷണത്തോടൊപ്പം ജമാഅത്തിന്റെ ഐക്യം ഊട്ടിയുറപ്പിക്കുകയും അരക്ഷിതാവസ്ഥയിൽനിന്നും ഭിന്നിപ്പുകളിൽനിന്നും അതിനെ പരിരക്ഷിക്കുകയും ചെയ്യുക എന്നതാണ് ഒരു ഖലീഫയുടെ പ്രവൃത്തി. ഒരു ഖലീഫ നമുക്കു വേണോ വേണ്ടയോ എന്നൊക്കെയുള്ള ചോദ്യങ്ങൾ താങ്കൾ വിട്ടേയ്ക്കുക. നമുക്കിപ്പോൾ ആലോചിക്കാനുള്ളത് ആരായിരിക്കണം ഖലീഫ എന്നതുമാത്രമാണ് (പേ. 346).

ഒരു പോർക്കളം തയ്യാറാവുകയായിരുന്നു. മൗലവി മുഹമ്മദലി സാഹിബിന്റെ അടുത്തനീക്കം എന്തായിരിക്കുമെന്നതാണ് കാണാനിരിക്കുന്നത്. സത്യത്തിൽ അദ്ദേഹം ഇങ്ങനെയൊരു പ്രതികൂലാവസ്ഥ മുൻകൂട്ടിക്കണ്ടിരുന്നുവെന്നുവേണം കരുതാൻ. ഖിലാഫത്ത് അനുകൂലികളുടെ ശക്തമായ എതിർപ്പിനെ അഭിമുഖീകരിക്കേണ്ടിവരുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചിരുന്നുവെന്നത് ഉറപ്പാണ്. അതുകൊണ്ടുതന്നെയാണ് ഈ തടസ്സത്തിന്നെതിരിൽ ഒരു ലഘുലേഖയുടെ രൂപത്തിൽ മുമ്പേതന്നെ അച്ചടിച്ചു തയ്യാറാക്കിയിരുന്ന തുരുപ്പുശീട്ട് അദ്ദേഹം പുറത്തെടുത്തത്! ഖലീഫത്തുൽ മസീഹിന്റെ കബറടക്കച്ചടങ്ങിൽ പങ്കെടുക്കുവാൻ ഖാദിയാനിലേക്കു തിരിച്ച അഹ്മദികൾക്കിടയിലെല്ലാം വ്യാപകമായി അതു വിതരണം ചെയ്യപ്പെടുകയും ചെയ്തു.

**മൗലവി മുഹമ്മദലി ഖലീഫയെ തള്ളിപ്പറയുന്നു**

ഒരു സൂഫിയോ പുണ്യാളനോ എന്നതിന്നപ്പുറം പരേതനായ ഖലീഫയെ താനൊരിക്കലും ഒരു ഖലീഫ എന്നനിലയിൽ സ്വീകരിച്ചിട്ടില്ലായിരുന്നുവെന്ന് അതിൽ അദ്ദേഹം വെളിപ്പെടുത്തി. ഒരു ഖലീഫയെ തിരഞ്ഞെടുത്തേക്കരുതെന്നും അദ്ദേഹം അഹ്മദികളോട് അഭ്യർത്ഥിച്ചു. ഇതിലുപരി ഹദ്റത്ത് മിർസാ മഹ്മൂദ് അഹ്മദ്(റ) തന്റെ സഹജമായ ബലഹീനതകൾ കൊണ്ടുതന്നെ വിശേഷിച്ചും ആ മഹനീയ സ്ഥാനത്തേക്കു പരിഗണിക്കാവുന്ന ആളല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മൗലവി മുഹമ്മദലി സാഹിബ് എഴുതി: അദ്ദേഹം (ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്) അനഹ്മദികളെ കുഫ്ഫാറുകൾ (അവിശ്വാസികൾ) ആയിട്ടാണ് കരുതുന്നത്. ഇതു തെറ്റാണെന്നു മാത്രമല്ല, സാത്വികതയ്ക്കു വിരുദ്ധമായ നിലപാടുമാണ്. ഇതിനെല്ലാമുപരി, ഇനി ഒരു ഖലീഫയെ തിരഞ്ഞെടുക്കുകയാണെങ്കിൽതന്നെ അദ്ദേഹം അനഹ്മദികളെ കുഫ്ഫാറുകളായി കണക്കാക്കാത്ത ഒരാളായിരിക്കേണ്ടതാണ്. എന്തെന്നാൽ, ഖലീഫ സാത്വികതയുടെ ഉത്തുംഗതയിലുള്ള ആളായിരിക്കണം. എന്നാൽ, അനഹ്മദികളെ കുഫ്ഫാറുകളായി കണക്കാക്കുന്ന ഒരു വ്യക്തിക്കു സാത്വികനായിരിക്കാൻ കഴിയില്ല.

മൗലവി മുഹമ്മദലിയുടെ ഇംഗിതം ഇപ്പോൾ വ്യക്തമാണ്! സ്ഥാനമോഹം മൂർദ്ധന്യതയിലാണ് എത്തിനിൽക്കുന്നത്! അഹ്മദിയ്യാ ജമാഅത്തിനുള്ളിൽ ആസന്നമായിക്കഴിഞ്ഞ ഭിന്നിപ്പിന് ഊർജ്ജം പകരാൻ ഔപചാരികമായിത്തന്നെ അനൈക്യത്തിന്റെ വിത്തുപാകുക എന്നതാണ് അദ്ദേഹത്തിന്റെ പദ്ധതി. അതിൽ കുറഞ്ഞതൊന്നും അദ്ദേഹത്തിന്റെ അഹം തൃപ്തിപ്പെടുമായിരുന്നില്ല. ഇത്തരം ഒരു ലഘുലേഖ തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുകവഴി മൗലവി മുഹമ്മദലി സാഹിബ് തന്റെ മൂടിവച്ച അഭിലാഷങ്ങളും ദുർഭാവനകളും തുറന്നുകാട്ടുക മാത്രമല്ല, തന്നെക്കൊണ്ടു മൂന്നുതവണ ഒസ്യത്ത് വായിപ്പിച്ച മഹാനായ ഖലീഫയോടുള്ള തന്റെ പ്രകടമായ വിശ്വാസവഞ്ചന വെളിപ്പെടുത്തുകയുമാണ് ചെയ്തത്. ആ ഒസ്യത്തിൽ ഒരു പിന്തുടർച്ചാവകാശി, അതായത്, ഒരു ഖലീഫ ഉണ്ടാകേണ്ടതാണെന്നു രേഖ

പ്പെടുത്തപ്പെട്ടിരുന്നതാണ്. എങ്കിലും മൗലവി മുഹമ്മദലിയുടെ ആസൂത്രിതമായ പദ്ധതിയൊന്നും ഫലവത്തായില്ല.

**രണ്ടാം ഖലീഫയെ തിരഞ്ഞെടുക്കുന്നു**

വാഗ്ദത്തമസീഹിന്റെ പുത്രൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഒരൊത്തുതീർപ്പുനിർദ്ദേശം മുന്നോട്ടുവച്ചു. ജമാഅത്തിന്റെ ഐക്യം സംരക്ഷിക്കേണ്ടതുണ്ടായിരുന്നു. മൗലവി മുഹമ്മദലിയുടെ ഭാഗത്തുനിന്നു നിർദ്ദേശിക്കപ്പെടുന്ന ഏതൊരു വ്യക്തിയുടെ കൈയിലും അനുസരണപ്രതിജ്ഞ (ബൈഅത്ത്) ചെയ്യാൻ താൻ തയ്യാറാണെന്ന് അദ്ദേഹം അറിയിച്ചു. ഖലീഫയെ തിരഞ്ഞെടുക്കുന്നത് അല്ലാഹുവാണെന്ന പൂർണ്ണബോധ്യം ആ മഹാത്മാവിന്നുണ്ടായിരുന്നു. മോഹംകൊണ്ടു വരിക്കാൻ സാധിക്കുമായിരുന്ന ഒന്നല്ല ആ മഹനീയ സ്ഥാനം!

എങ്കിലും മൗലവി മുഹമ്മദലി സാഹിബ് പുറംതിരിഞ്ഞുതന്നെ നിന്നു. ഈ ഒത്തുതീർപ്പിന്റെ പിന്നിൽപോലും ഹദ്റത്ത് മിർസാ മഹ്മൂദ് അഹ്മദ് സാഹിബിനെ ഖലീഫയാക്കാനുള്ള ഗൂഢാലോചനയാണു മൗലവി മുഹമ്മദലി കണ്ടത്. നിങ്ങളിങ്ങനെ പറയുന്നതു ജനങ്ങൾ ആരെയാണ് തിരഞ്ഞെടുക്കാൻ പോകുന്നതെന്നു നിങ്ങൾക്കറിയാവുന്നതുകൊണ്ടാണ്. എന്നതായിരുന്നു അദ്ദേഹത്തിന്റെ അപ്പോഴത്തെ മൊഴി! (പേ. 365).

ഖാദിയാനിൽ അന്നുണ്ടായിരുന്ന ബഹുഭൂരിഭാഗം അഹ്മദികളും ഖുർആൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഖിലാഫത്ത് സംവിധാനം തങ്ങൾ നിലനിർത്തുകതന്നെ ചെയ്യുമെന്നു നിശ്ചയിച്ചുകൊണ്ട് ഖിലാഫത്തിന്റെ ചുമതലകളും ഭാരങ്ങളും ഏറ്റെടുക്കാൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)നെ നിർബന്ധിക്കുകയുണ്ടായി. ആ പ്രതിസന്ധിഘട്ടത്തിൽ രണ്ടാം ഖലീഫ എന്ന നിലയിൽ അഹ്മദികളുടെ ബൈഅത്ത് സ്വീകരിക്കാൻ അദ്ദേഹം സമ്മതിക്കുകയും ഖിലാഫത്തെ റാശിദയുടെ പുനരുദയം നിലനിർത്തുകയും ചെയ്തു. ഒടുവിൽ ഖാദിയാൻ ദാറുൽ അമാനിൽ ഒത്തുകൂടിയ രണ്ടായിരത്തോളം വരുന്ന സജ്ജനക്കൂട്ടത്തിൽനിന്നു കേവലം 50 പേർ മാത്രം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ന്റെ കയ്യിൽ ബൈഅത്തുചെയ്യുന്നതിൽനിന്ന് ഒഴിഞ്ഞുനിന്നു. മൗലവി മുഹമ്മദലിയും കൂട്ടുകാരും ആ തിരഞ്ഞെടുപ്പിനെ ഗൂഢാലോചനയായി വിശേഷിപ്പിച്ചു. അവരുടെ അഭിപ്രായത്തിൽ ഒരു ഗൂഢപദ്ധതിയുടെ പരിണതിയായിരുന്നു അത്. തുടർന്നു ലാഹോറികളുടെ പൈഗാമെ സുൽഹ് എന്ന പത്രത്തിൽ ഖലീഫയുടെ തിരഞ്ഞെടുപ്പു നടപടികളെ രൂക്ഷമായി വിമർശിച്ചുകൊണ്ട് അടിസ്ഥാനരഹിതമായ വാർത്തകൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഖാദിയാനിൽനിന്നു ലാഹോറിലേക്കു തിരിക്കുന്നതിനു മുമ്പു മൗലവി മുഹമ്മദലി സാഹിബ് വിശുദ്ധ ഖുർആൻ വിവർത്തനം ചെയ്യുന്ന കാര്യത്തിൽ തനിക്കു പ്രയോജനകരമെന്നു പറഞ്ഞു വിപുലമായ അളവിൽ പുസ്തകങ്ങളും ജമാഅത്തിന്റെ പല വസ്തുവകകളും കൈക്കലാക്കുകയുണ്ടായി. അതൊന്നും അഹ്മദിയ്യാ ജമാഅത്തിന്നു തിരിച്ചു നൽകാൻ ഒരിക്കലും അദ്ദേഹം കൂട്ടാക്കിയില്ല. ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഇപ്രകാരം എഴുതി: ഇനി അദ്ദേഹത്തിന്റെ നാമം സ്മരിക്കപ്പെടുന്ന കാലത്തെല്ലാം, അദ്ദേഹവുമായി ബന്ധപ്പെട്ട ഈ വിശ്വസ്തതയില്ലായ്മയുടെ കറ നിലനിൽക്കുന്നതാണ്. ഒരു മുസ്ലിം പ്രസ്ഥാനത്തിന്റെ നേതാവെന്നതോപോകട്ടെ, ഒരു പ്രസ്ഥാനത്തിന്റെയുംതന്നെ നേതാവാകാൻ കൊള്ളാത്ത ആളാണദ്ദേഹം (ഭിന്നിപ്പിന്റെ യാഥാർത്ഥ്യം, പേ. 387).

ലാഹോർ നഗരം ലാഹോർ പാർട്ടിയുടെ മദീനത്തുൽ മസീഹ് ആയിത്തീർന്നു. 25 വയസ്സ് മാത്രമുള്ള ഒരു ഇളംപ്രായക്കാരനായ ഖലീഫയുടെ അപക്വമായ നേതൃത്വത്തിൽ ഖാദിയാൻ ക്രമേണ ശിഥിലമാകുമെന്നായിരുന്നു ലാഹോറികൾ സ്വപ്നംകണ്ടത്. പത്തുകൊല്ലങ്ങൾക്കുള്ളിൽ മൗലവി മുഹമ്മദലി സാഹിബ് നബി (സ) തിരുമേനിയുടെ മക്കാപ്രവേശനം പോലെ വിജയശ്രീലാളിതനായി ഖാദിയാനിൽ തിരിച്ചുവരുമെന്നൊരു പ്രവചനവും കൂട്ടത്തിൽ അവർ തട്ടിവിട്ടു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഇപ്രകാരം സ്മരിക്കുന്നു: അഹ്മദിയ്യാ ജമാഅത്തിലെ വിദ്യാധനികളും പരിചയസമ്പന്നരുമെന്ന് കരുതപ്പെട്ടിരുന്ന ഭൂരിപക്ഷവും ഈ ദുർഘടസന്ധിയിൽ ജമാഅത്തിനെ വിട്ടുപിരിഞ്ഞു. എണ്ണപ്പെട്ടവരും പ്രഭാവശാലികളുമായ പലരും അകന്നുമാറി. അഹ്മദിയ്യാ ജമാഅത്തിന്റെ കാര്യനിയന്ത്രണങ്ങൾ പരിചയഹീനനായ ഒരുചെറുപ്പക്കാരന്റെ കൈകളിൽ ഏൽപ്പിക്കപ്പെട്ടിരിക്കയാൽ പ്രസ്ഥാനം തുന്നംപാറാൻ അടുത്തിരിക്കുന്നുവെന്ന് ഖിലാഫത്തിന്റെ എതിരാളികൾ കൊട്ടിഘോഷിച്ചുതുടങ്ങി. എന്നാൽ, ഖുർആൻ ഇറക്കിയ ദൈവം, ലോകം ഏതു നിയമാവലിക്കൊത്തുനീങ്ങിയോ ആ ആത്മീയ പ്രപഞ്ചത്തിന്റെ നിർമ്മാതാവായ ദൈവം, വാഗ്ദത്തമസീഹായ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)ക്ക്, അദ്ദേഹം 1884 മുതൽ ഒമ്പതു കൊല്ലത്തിന്നകം ദൈവത്തിന്റെ കൃപാദരത്താൽ ലോകാലോകം കീർത്തിപ്പെടുന്ന - ഇസ്ലാം മതപ്രചരണം വഴി ബന്ധനസ്ഥരുടെ മോചനത്തിനും ആത്മീയ മൃതന്മാരുടെ പുനരുജ്ജീവനത്തിന്നും കാരണക്കാരനായിത്തീരുന്ന - ഒരു സുപുത്രന്റെ പിതൃപദവിയാൽ അനുഗൃഹീതനായിത്തീരുമെന്നു വെളിപാടിലൂടെ വാഗ്ദാനം ചെയ്ത ആ ദൈവം എന്തു വിധിച്ചുവോ അതുതന്നെ ഒടുവിൽ പുലരുകയും പൂർത്തി

യാവുകയും ചെയ്തു. അന്നുമുതൽ എന്റെ വിജയത്തെ പ്രഘോഷിച്ച ഓരോ പുതുവാർത്തയുമായാണ് ഓരോ പുലരിയും വന്നുദിച്ചത്. എന്റെ എതിരാളികളുടെ പരാജയത്തെ പ്രവേഗപ്പെടുത്തിയ സംഭവവികാസങ്ങളെ വിട്ടുംവച്ചുകൊണ്ടാണ് ഓരോ പകലും അസ്തമിച്ചത്. അങ്ങിനെ അഹ്മദിയ്യാ പ്രസ്ഥാനത്തെ ഭൂതലമെങ്ങും പരത്തുന്നതിന് ദൈവം എന്നെ കരുവാക്കി . (വിശുദ്ധഖുർആൻ ഒരു പഠനം, പേ. 248-249, വിവ. എൻ. അബദുർറഹീം)

**വിഘടിതരുടെ പാലായനം: വാഗ്ദത്തമസീഹിന്റെ പ്രവചനം**

പാവം മൗലവി മുഹമ്മദലി സാഹിബ്! തന്നെപ്പോലുള്ളവരുടെ ഹതവിധിയെക്കുറിച്ചു ബറാഹീനെ അഹ്മദിയ്യായിൽ വാഗ്ദത്തമസീഹ് (അ) ചെയ്ത പ്രവചനം അറിഞ്ഞുകാണില്ല!

വിനീതരായ പലരും ഉൽകൃഷ്ടരാക്കപ്പെടും, ഉൽകൃഷ്ടരായ പലരും എളിമയിലാക്കപ്പെടും, അതുകൊണ്ട് അപകടം പതിയിരിപ്പുണ്ട്. (വാല്യം 5 പേ. 89) എന്നതായിരുന്നു ആ പ്രവചനം. ഖാദിയാനിൽനിന്നുള്ള മൗലവി മുഹമ്മദലി, ഖാജാ കമാലുദ്ദീൻ പ്രഭൃതികളുടെ പാലായനം വാഗ്ദത്തമസീഹ് (അ)ന്റെതന്നെ മറ്റൊരു പ്രവചനത്തിന്റെ പൂർത്തീകരണമാണ്. ഇതിൽ മൗലവി മുഹമ്മദലിയെയും കൂട്ടാളികളെയും യസീദിനോടാണ് ഉപമിക്കപ്പെട്ടത്. വാഗ്ദത്തമസീഹിന്റെ കുടുംബത്തോടു ദുർജ്ഞേയമായ വിരോധവും അസൂയയും പുലർത്തിയ ആളായിരുന്നു മൗലവി മുഹമ്മദലി സാഹിബ്. വിഘടിതരുടെ ലാഹോറിലേക്കുള്ള പാലായനം നാം വായിച്ചറിയുമ്പോൾ തന്നെ വാഗ്ദത്തമസീഹ്(അ) ഇതിനെക്കുറിച്ചു മുൻകൂട്ടി അറിഞ്ഞിരുന്നുവെന്നും ഒരു പ്രതിസന്ധിഘട്ടത്തിൽ പ്രസ്ഥാനത്തെ ചതിച്ച് അവിശ്വാസത്തിന്റെ അന്ധകാരത്തിൽ അഭയം തേടുന്ന ഉണങ്ങിയകൊമ്പുകൾ കണക്കെയുള്ള ചിലരെക്കുറിച്ച് അദ്ദേഹം പ്രവചിച്ചിരുന്നുവെന്നും നമുക്കറിയാൻ കഴിയും.

വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ഇപ്രകാരം പറഞ്ഞു: എന്റെ ബൈഅത്തു പരമ്പരയിൽ പ്രവേശിച്ചിട്ടുള്ള എല്ലാവരും, അവരെപ്പറ്റി ഞാൻ എന്തെങ്കിലും ദൃഢമായ ഒരഭിപ്രായം വെളിപ്പെടുത്താൻ കഴിയുന്നവിധത്തിലുള്ളവരായിക്കഴിഞ്ഞിട്ടില്ല. മറിച്ച്, അവരിൽ ചിലർ ഉണങ്ങിയ കൊമ്പുകൾകണക്കെയുള്ളവരാണ്. അവരെ എന്റെ സൂക്ഷിപ്പുകാരനായ എന്റെ ദൈവം എന്നിൽനിന്നും മുറിച്ചുനീക്കി കത്തുന്ന വിറകുകളിലേക്കു വലിച്ചെറിയും. മറ്റുചിലരുണ്ട്, അവർ ആദ്യത്തിൽ ഹൃദയനൈർമല്യവും ആത്മാർത്ഥതയും ഉള്ളവരായിരുന്നു. എന്നാൽ ഇപ്പോൾ അവരിൽ ഹൃദയകാഠിന്യം വെളിപ്പെട്ടുതുടങ്ങിയിട്ടുണ്ട്. ആത്മാർത്ഥതയുടെ എരിവും ശിഷ്യസഹജമായ സ്നേഹബന്ധത്തിന്റെ തിളക്കവും ഇപ്പോൾ അവരിൽ കാണാനില്ല. മറിച്ച്, ബൽഅമിനെപ്പോലെ അവരിൽ ചതികൾ അവശേഷിക്കുന്നുണ്ട്. കെട്ടുപോയ പല്ലുപോലെ പറിച്ചെടുത്തു കാലിന്നടിയിലേക്കെറിയാനല്ലാതെ അവരെക്കൊണ്ടൊരു കാര്യവുമില്ല. അവർ തളർന്നുപോകുകയും അവശരായിഭവിക്കുകയും ചെയ്തിരിക്കുന്നു. കൊള്ളരുതാത്ത ലോകം അതിന്റെ കള്ളവിലയ്ക്ക് അവരെ വരുതിയിലൊതുക്കിക്കഴിഞ്ഞു. ആകയാൽ, ഞാൻ സത്യമായും സത്യമായും പറയുന്നു, അവർ അടുത്തുതന്നെ എന്നിൽനിന്നു മുറിച്ചുനീക്കപ്പെടും. അല്ലാഹുവിന്റെ അനുഗ്രഹം പുതിയമുറയ്ക്കു കരം ഗ്രഹിക്കുന്നവരാരെയോ അവരൊഴികെ. എന്നെന്നേയ്ക്കുമായി അല്ലാഹു എനിക്കു നൽകിയിട്ടുള്ളവരും ഒട്ടേറെയുണ്ട്. അവർ എന്റെ ഉൺമയാകുന്ന വൃക്ഷത്തിന്റെ പച്ചളിപ്പുള്ള ശാഖകളാകുന്നു. (ഫത്ഹെ ഇസ്ലാം (മലയാളം) വിവ. എൻ. അബ്ദുർറഹീം പേ. 76, 77).

●

ഹദ്റത്ത് ഹസൻ(റ) നിവേദനം ചെയ്യുന്നു: നബി(സ) തിരുമേനി പറഞ്ഞു. “നിങ്ങൾ സക്കാത്ത് കൊടുത്തുകൊണ്ട് നിങ്ങളുടെ ധനത്തെ സുരക്ഷിതമാക്കിക്കൊള്ളുക. അല്ലെങ്കിൽ ധനത്തെ കച്ചവടത്തിൽ ഇറക്കുക. അല്ലാത്തപക്ഷം ധനം വെറുതെയിരുന്ന് കുമിഞ്ഞുകൂടിയാൽ സക്കാത്ത് കൊടുത്തുകൊണ്ട് അതില്ലാതായിപ്പോകും. നിങ്ങളുടെ രോഗികളുടെ ചികിത്സ സദഖകൾകൊണ്ടും നടത്തുക. വിവിധ പ്രദേശങ്ങളിൽ തുടരെത്തുടരെ ഉണ്ടാകുന്ന ആപത്തുകളെ ദുആകൊണ്ടും വിനീതമായ അർത്ഥനകൾ കൊണ്ടും തടഞ്ഞുകൊള്ളുക.”

ലേഖനം

മഹ്മൂദ്, കൽക്കുളം

# സൃഷ്ടിസേവനം: ഇസ്‌ലാമിക പാഠങ്ങൾ

സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള കടപ്പാടുകൾ യഥാവിധം നിർവ്വഹിക്കുക എന്നതാണ് ഇസ്‌ലാം മതത്തിന്റെ കാതൽ. ഈ രണ്ട് കടമകളും പരസ്പര പൂരകങ്ങളാണ്. സമസൃഷ്ടിസേവനവും പരോപകാരങ്ങളും മനുഷ്യനെ ദൈവസ്നേഹത്തിന് പാത്രീഭൂതനാക്കിത്തീർക്കുന്നു. ഒരു ദൈവവിശ്വാസിക്ക് സഹജീവികളോടുള്ള സേവനധർമ്മങ്ങളിൽനിന്ന് ഒരിക്കലും ഒഴിഞ്ഞുമാറാൻ സാധിക്കുന്നതല്ല. സൃഷ്ടിസേവനത്തിന്റെ മഹത്വത്തെക്കുറിച്ച് ഊന്നിപ്പറയുന്ന മതമാണ് ഇസ്‌ലാം. വിശുദ്ധഖുർആൻ പറയുന്നു: "നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക; മറ്റൊന്നിനേയും അവന്റെ കൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക. അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്തബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും നന്മ ചെയ്യുക. അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല" (4:37). സ്വന്തം ബന്ധുമിത്രാദികൾക്ക് പുറമെ, സമൂഹത്തിലെ എല്ലാതരം ആളുകൾക്കും നന്മ ചെയ്യുവാനും അവരോട് സഹാനുഭൂതിയിൽ വർത്തിക്കാനും വിശുദ്ധഖുർആൻ അനുശാസിക്കുന്നു. സമദർശിത്വവും സമസൃഷ്ടിസ്നേഹവും സാഹോദര്യവും അരക്കിട്ടുറപ്പിക്കുന്ന വിധം മഹത്വസമ്പൂർണ്ണമാണ് വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ. വിശുദ്ധഖുർആൻ പറയുകയാണ്: "മനുഷ്യരെ തീർച്ചയായും നാം നിങ്ങളെ ആണിൽനിന്നും, പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനുവേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽവെച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു (49:14). പ്രവാചക ചക്രവർത്തിയായ നബി(സ) തിരുമേനി ഇപ്രകാരം അരുളുകയുണ്ടായി. ജനങ്ങളേ, നിങ്ങളുടെ രക്ഷിതാവ് ഒരേയൊരു ദൈവമാണ്. നിങ്ങൾ ഒരു പിതാവിന്റെ സന്തതികളാകുന്നു. ഒരു അറബിക്ക് അനറബിയുടെമേലോ വെളുത്തവർക്ക് കറുത്തവന്റെമേലോ കറുത്തവന് വെളുത്തവന്റെ മേലോ ദൈവഭക്തിയിലല്ലാതെ ശ്രേഷ്ഠതയൊന്നുമില്ല. അറിയുക! ദൈവത്തിന്റെ പക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ഭയഭക്തിയുള്ളവനാകുന്നു."

### സൃഷ്ടിസേവനത്തിലൂടെ ദൈവസംപ്രീതി

സൃഷ്ടാവിന്റെ സ്നേഹം ആർജ്ജിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ പ്രധാനമായതാണ് സൃഷ്ടിസേവനം. വിശുദ്ധഖുർആൻ പറയുന്നു: "നീതി പുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾ എന്നപോലെ അന്യർക്കും സഹായം നല്കുന്നതിനും അല്ലാഹു കല്പിക്കുന്നു. നീചപ്രവൃത്തിയേയും നിഷിദ്ധകർമ്മത്തേയും നിയമലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചുമനസ്സിലാക്കുന്നതിന് വേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു" (16:91) പരാമൃഷ്ടവചനത്തിൽ പരോപകാര സേവനത്തിന്റെ വിവിധ ഘട്ടങ്ങളെയാണ് പരാമർശിക്കുന്നത്. തനിക്ക് ഉപകാരം ചെയ്ത ആൾക്ക് നന്മ ചെയ്യുക എന്നതാണ് അതിൽ- അഥവാ നീതി ചെയ്യുവാനുള്ള കല്പനയിലുൾക്കൊണ്ടിരിക്കുന്നത്. പൊതുവെ എല്ലാവർക്കുമുള്ള ആ ഗുണമാണിത്. എന്നാൽ, ഇതിലുമുപരി നന്മയുടെ വൃത്തം വിശാലമാക്കുവാൻ വിശുദ്ധഖുർആൻ നിർദ്ദേശിക്കുന്നു. അഥവാ കേവലം പ്രത്യുപകാരമെന്ന നിലക്കല്ലാതെ മറ്റുള്ളവർക്ക് ഗുണവും നന്മയും വരുത്തുക. ഇത് ഇഹ്സാൻ എന്ന നന്മയുടെ പദവിയിൽപെടുന്ന ഗുണമാകുന്നു. ഇതിലുമുയർന്ന നിലയിൽ അഥവാ ഉപകാരം ചെയ്യുകയാണെന്ന വിചാരമോ കൃതജ്ഞതാ പ്രതീക്ഷയോ കൂടാതെ, അടുത്തബന്ധുക്കൾ എന്നപോലെ സമസൃഷ്ടികൾക്ക് നന്മ ചെയ്യുവാൻ വിശുദ്ധഖുർആൻ നിഷ്കർഷിക്കുന്നു. സങ്കുചിതവും നിബന്ധനകൾക്ക് വിധേയവുമായ രൂപത്തിൽ ചെയ്യുന്ന ഉപകാരങ്ങൾ ഉയർന്ന നന്മയുടെ ഗണത്തിൽപെടുകയില്ല. നന്മയുടെ നിലവാരം വിവിധ പടവുകളിൽ ഉയർത്തിക്കൊണ്ടുവരാനാണ് വിശുദ്ധഖുർആൻ ആഹ്വാനം ചെയ്യുന്നത്. മറ്റൊരിടത്ത് ഖുർആൻ പറയുകയാണ്: "അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അവർ അഗതികൾക്കും അനാഥർക്കും ബന്ധനസ്ഥർക്കും

ആഹാരം നല്കുന്നു. അവർ അവരോട് പറയും; അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നല്കുന്നത്. നിങ്ങളിൽനിന്ന് എന്തെങ്കിലും പ്രതിഫലമോ കൃതജ്ഞതയോ ഞങ്ങ ളുദ്ദേശിക്കുന്നില്ല" (76:9,10).

**സമസൃഷ്ടി സേവനത്തിന്റെ മഹത്വം**

തന്റെ ദാസരോട് ചെയ്യുന്ന നന്മകൾ തന്നോട് ചെയ്യുന്ന നന്മകളായി വിശേഷിപ്പിച്ചുകൊണ്ട് സൃഷ്ടി സേവനം ചെയ്യുന്നതിനുള്ള പ്രേരണ ദൈവം നല്കുന്നുണ്ട്. തിരുവചനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: നബി(സ) തിരുമേനി അരുളുകയുണ്ടായി. അന്ത്യദിനത്തിൽ അല്ലാഹു പറയും ആദം സന്തതി! ഞാൻ രോഗബാധിതനായിരുന്നു. എന്നിട്ട് നീ എന്നെ സന്ദർശിച്ചില്ല. അവൻ പറയും. എന്റെ നാഥാ! നീ സർവ്വലോക സംരക്ഷകനായിരിക്കെ ഞാൻ നിന്നെ എങ്ങനെ സന്ദർശിക്കും? അപ്പോൾ അല്ലാഹു പറയും: എന്റെ ഇന്ന ദാസൻ രോഗബാധിതനായത് നിനക്കറിയില്ലേ? എന്നിട്ട് നീ അവനെ സന്ദർശിച്ചില്ലല്ലോ? നിനക്കറിഞ്ഞുകൂടേ? നീ അവനെ സന്ദർശിച്ചിരുന്നെങ്കിൽ അവിടെ നീ എന്നെ കണ്ടുമുട്ടുമെന്ന്. ആദം സന്തതീ! ഞാൻ നിന്നോട് ഭക്ഷണം ആവശ്യപ്പെട്ടു. നീ എനിക്ക് ഭക്ഷണം തന്നില്ല. അവൻ പറയും: നാഥാ, നീ സർവ്വലോക സംരക്ഷകനായിരിക്കെ നിന്നെ ഭക്ഷിപ്പിക്കാൻ എനിക്കെങ്ങനെ കഴിയും? അല്ലാഹു പറയും: നിനക്കറിഞ്ഞുകൂടെ എന്റെ ഇന്നദാസൻ പട്ടിണി കിടക്കുകയായിരുന്നു. അപ്പോൾ നീ അവന് ഭക്ഷണം നല്കിയില്ല. നിനക്കറിയില്ലേ? നീ അവനെ ഭക്ഷിപ്പിച്ചിരുന്നുവെങ്കിൽ എന്റെ പക്കൽനിന്ന് അതിന് പ്രതിഫലം ലഭിക്കുമെന്ന്. ആദമിന്റെ മകനെ! ഞാൻ നിന്നോട് വെള്ളം ചോദിച്ചു; എന്നിട്ട് നീ എന്നെ കുടിപ്പിച്ചില്ല. അവൻ പറയും എന്റെ നാഥാ! നീ സർവ്വലോക പരിപാലകനായിരിക്കെ, നിന്നെ ഞാൻ എങ്ങനെ കുടിപ്പിക്കും? അല്ലാഹു പറയും, എന്റെ ഇന്ന ദാസൻ നിന്നോട് കുടിക്കാൻ ചോദിച്ചു. നീ അവനെ കുടിപ്പിച്ചില്ല. നിനക്കറിഞ്ഞുകൂടേ? നീ അവനെ കുടിപ്പിച്ചിരുന്നുവെങ്കിൽ തീർച്ചയായും അതിന്റെ പ്രതിഫലം എന്റെ പക്കൽനിന്ന് ലഭിക്കുമെന്ന്" (മുസ്‌ലിം). സഹജീവികളോടു കാണിക്കേണ്ട സഹാനുഭൂതിയുടെ മഹത്വമാണ് ഈ തിരുവാക്യങ്ങളിൽ അനാവരണം ചെയ്തിരിക്കുന്നത്. ഇതുസംബന്ധമായ മറ്റൊരു ഹദീസ് ഇപ്രകാരമാണ്: ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: സകല സൃഷ്ടികളും അല്ലാഹുവിന്റെ കുടുംബമാണ്. അതുകൊണ്ട് തന്റെ സൃഷ്ടികളോട് നല്ല നിലയിൽ പെരുമാറുകയും അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുന്നവനെ അല്ലാഹു വളരെയധികം ഇഷ്ടപ്പെടുന്നു" ജനങ്ങളോട് കരുണ കാണിക്കാത്തവനോട് അല്ലാഹുവും കരുണ കാണിക്കുന്നതല്ല.'' വിഷമത്തിലകപ്പെട്ട ഒരാളുടെ ദുരിതങ്ങളും പ്രയാസങ്ങളും അകറ്റികൊടുക്കുന്നവന് ലഭിക്കുന്ന പ്രതിഫലത്തെ സംബന്ധിച്ച് നബി(സ) തിരുമേനി ഇങ്ങനെ പറഞ്ഞു: ഇഹലോകത്തെ ഒരു വിശ്വാസിയുടെ ഒരു വിഷമം അകറ്റികൊടുക്കുന്ന ഒരാൾക്ക് അല്ലാഹു അന്ത്യദിനത്തിലെ ഒരു വിഷമം അകറ്റികൊടുക്കുന്നതാണ്. ഞെരുങ്ങുന്ന ഒരാളെ സഹായിക്കുന്നവനെ ഇഹലോകത്തും പരലോകത്തും അല്ലാഹു സഹായിക്കുന്നതാണ്. ഒരു മുസ്‌ലിമിന്റെ ന്യൂനതകളെ മറച്ചുവയ്ക്കുന്ന ആളുടെ കുറവ് ഇഹലോകത്തും പരലോകത്തും അല്ലാഹു മറച്ചുവയ്ക്കും. ''ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാകുന്നു. അവരിൽ ഒരാൾ മറ്റൊരാളെ ആക്രമിക്കുകയോ കൈവെടിയുകയോ ഇല്ല. ഒരാൾ തന്റെ സഹോദരന്റെ ആവശ്യപൂർത്തീകരണത്തിൽ മുഴുകിക്കൊണ്ടിരിക്കുമ്പോഴെല്ലാം അല്ലാഹു അവന്റെ ആവശ്യവും പൂർത്തീകരിച്ചുകൊണ്ടിരിക്കും" (മുസ്‌ലിം). ഒരാൾ നബി(സ) തിരുമേനിയോട് തന്റെ ഹൃദയകാഠിന്യത്തെക്കുറിച്ച് സങ്കടം ബോധിപ്പിച്ചു. അപ്പോൾ അതിനുള്ള പ്രതിവിധിയായി അവിടുന്ന് നിർദ്ദേശിച്ചതിതായിരുന്നു. 'അനാഥയെ തലോടുക. സാധുവിന് ആഹാരം നല്കുക.'

ഇസ്‌ലാമിൽ, വിശക്കുന്നവന് ആഹാരം നല്കുന്നത് വലിയ പുണ്യകർമ്മമാകുന്നു. നരകാവകാശികൾ, അതിലകപ്പെട്ടതിന് നിമിത്തമായിത്തീർന്ന കുറ്റങ്ങളിലൊന്ന് ഏറ്റുപറയുന്നത് ഇപ്രകാരമാണ്: "ഞങ്ങൾ അഗതികൾക്ക് ആഹാരം നല്കുമായിരുന്നില്ല'' (വിശുദ്ധഖുർആൻ 74:45). മറ്റൊരിടത്ത് അഗതിക്ക് ആഹാരം നല്കാൻ പ്രേരിപ്പിക്കാത്തവനും നരകശിക്ഷക്കിരയാകുന്നതായി വിശുദ്ധഖുർആൻ പറയുന്നു (69:35). നബി(സ) തിരുമേനി ഇപ്രകാരം അരുളുകയുണ്ടായി. ''അയൽവാസി പട്ടിണികിടക്കുമ്പോൾ, വയറുനിറയെ ഭക്ഷിക്കുന്നവനല്ല സത്യവിശ്വാസി." സമൂഹത്തിൽ സ്നേഹസൗഹാർദ്ദബന്ധങ്ങൾ നിലനിറുത്തുന്നതിന് നബി(സ) തിരുമേനി ഇപ്രകാരം ഉപദേശിച്ചു. ''നിങ്ങൾ അന്യരുടെ കുറ്റങ്ങൾ ചികഞ്ഞുനോക്കരുത്. വിലകയറ്റി പറയരുത്. പരസ്പരം അസൂയവെക്കരുത്. വിദ്വേഷം വെച്ചുപുലർത്തരുത്. അന്യോന്യം പിണങ്ങി ഭിന്നിക്കരുത്; കിടമത്സരം നടത്തരുത്. നിങ്ങൾ സഹോദരങ്ങളെന്ന നിലക്ക് അല്ലാഹുവിന്റെ ദാസന്മാരായി വർത്തിക്കുക" (ബുഖാരി). പരസ്പര ബന്ധങ്ങളേയും കടമകളേയും സംബന്ധിച്ച് വാഗ്ദത്ത മഹ്ദീ മസീഹ്(അ) നല്കിയ ചില ഉപദേശങ്ങൾ ഇവിടെ കുറിക്കുന്നു: ''സൃഷ്ടികളോടുള്ള അനുകമ്പ മനുഷ്യൻ ഉപേക്ഷിക്കുകയോ അതിൽനിന്ന് അകലുകയോ ചെയ്താൽ പിന്നെ മെല്ലെ മെല്ലെ അവൻ ഹിംസ്രജന്തുവായി മാറും. മനുഷ്യനിൽ മനുഷ്യത്വം നിലകൊള്ളുന്നത് അവൻ തന്റെ

സഹോദരനോട് നല്ല രീതിയിൽ പെരുമാറുന്നതുവരെയാണ്. അതിൽ ഒരുതരത്തിലുള്ള വിവേചനവും കാണിക്കാതിരിക്കുന്നതുവരെയാണത്." ഓർമ്മിച്ചു കൊള്ളുക. മറ്റുള്ളവരോടുള്ള അനുകമ്പയുടെ വൃത്തം വളരെ വിശാലമാണ്. ഞാൻ ഇക്കാലത്തെ അവിവേകികളെപ്പോലെ, നിങ്ങൾ മുസ്‌ലിംകളോട് മാത്രം അനുകമ്പ കാണിക്കുക എന്നു പറയുന്നില്ല. അല്ലാഹുവിന്റെ സൃഷ്ടികളോടെല്ലാം അനുകമ്പയോടെ പെരുമാറുക എന്നാണ് ഞാൻ പറയുന്നത്. ഹിന്ദുവായാലും മുസ്‌ലിമായാലും മറ്റാരായാലും ശരി. അനുകമ്പയെ തങ്ങളുടെ ജനതയുമായി മാത്രം ഒതുക്കി നിറുത്തുന്നവരെ ഞാനൊരിക്കലും ഇഷ്ടപ്പെടുന്നില്ല. ചുരുക്കിപ്പറയട്ടെ, മനുഷ്യകുലത്തോടു മുഴുവൻ അനുകമ്പാപൂർവ്വം പെരുമാറുക എന്നത് വളരെ വലിയ ആരാധനയാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് ഇത് വലിയൊരു മാർഗ്ഗമാണ്. എന്നാൽ, ഈ വശത്ത് വലിയ ബലഹീനത കാണിക്കുന്നതായി ഞാൻ കാണുന്നു. മറ്റുള്ളവരെ നിന്ദ്യരായി കരുതുന്നു. അവരെ പരിഹസിക്കുന്നു. അവരെ സംരക്ഷിക്കുക; അവർക്കുണ്ടാകുന്ന ബുദ്ധിമുട്ടിലും വിപത്തിലും സഹായിക്കുക എന്നത് വലിയ കാര്യമാണ്. ദരിദ്രരോട് നല്ല രീതിയിൽ പെരുമാറാത്തവരും അവരെ നിന്ദ്യരായി കരുതുന്നവരും സ്വയം ഈ വിപത്തിൽ അകപ്പെടുമോ എന്ന് ഞാൻ ഭയപ്പെടുന്നു. അല്ലാഹു ആർക്കാണോ അനുഗ്രഹം നല്കിയിരിക്കുന്നത് അതിനുള്ള നന്ദി എന്നു പറയുന്നത് അവന്റെ സൃഷ്ടികളോട് നന്മയോടുകൂടി പെരുമാറുക എന്നതാണ്. ദൈവദത്തമായ ആ അനുഗ്രഹത്തിൽ അഹങ്കരിക്കരുത്. മൃഗങ്ങളെപോലെ ദരിദ്രരെ ചവുട്ടിമെതിക്കരുത്." എന്റെ അവസ്ഥ എന്താണെന്നുവെച്ചാൽ, ഞാൻ നമസ്കാരത്തിലായിരിക്കുമ്പോൾ ആരുടെയെങ്കിലും വേദന നിറഞ്ഞ ശബ്ദം കേട്ടാൽ നമസ്കാരം ഉപേക്ഷിച്ചിട്ട് അയാൾക്ക് സഹായം എത്തിക്കാൻ കഴിഞ്ഞാൽ ഞാനെത്തിക്കുന്നതാണ്. സാധിക്കുന്നിടത്തോളം സഹതാപത്തോടെ അയാളോട് പെരുമാറും. ഏതെങ്കിലും സഹോദരന്റെ ദുഃഖത്തിലും വിപത്തിലും അവനെ സഹായിക്കാതിരിക്കുക എന്നത് ധാർമ്മികതയ്ക്ക് വിരുദ്ധമായ കാര്യമാണ്. അവനു വേണ്ടി ഒന്നും ചെയ്യാൻ കഴിയുന്നില്ലെങ്കിൽ കുറഞ്ഞ പക്ഷം ദുആയെങ്കിലും ചെയ്യുക. നമ്മുടെ ബന്ധുക്കളോടുള്ളത് അവിടെ നിൽക്കട്ടെ ഞാൻ പറയുന്നു: അന്യരോടും ഹിന്ദുക്കളോടും ഉന്നതമായ ധാർമ്മികതയുടെ മാതൃക കാണിക്കുക. അവരോട് സഹതാപത്തോടെ പെരുമാറുക. താന്തോന്നിയ സ്വഭാവം ഒരിക്കലും ഉണ്ടാകരുത്" (മൽഫൂസാത്ത്). "ദൈവത്തിന്റെ ദാസരിൽ കരുണ ചെയ്യുക. നാവുകൊണ്ടോ, കൈകൊണ്ടോ മറ്റെന്തെങ്കിലും കൊണ്ടോ അക്രമം ചെയ്യരുത്. സൃഷ്ടികളുടെ നന്മയ്ക്ക് വേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുക. അഹങ്കാരം ആരോടും കാണിക്കരുത്; നിങ്ങളുടെ കീഴിലുള്ളവരോടാണെങ്കിലും ശരി ആരെങ്കിലും ചീത്തപറഞ്ഞാൽ മറുത്തുപറയരുത്. വലിയവരായിക്കൊണ്ട് ചെറിയവരുടെമേൽ കരുണ കാണിക്കുക. അവരെ നിന്ദിക്കരുത്. പണ്ഡിതനായിക്കൊണ്ട് അറിവില്ലാത്തവനെ ഉപദേശിക്കുക. പൊങ്ങച്ചംകൊണ്ട് അവനെ അവഹേളിക്കരുത്. സമ്പന്നരായിക്കൊണ്ട് ദരിദ്രരെ സേവിക്കുക. തൻപ്രമാണിത്തം കൊണ്ട് അവരുടെമേൽ അഹങ്കാരം കാണിക്കരുത്. നാശത്തിന്റെ വഴികളെ ഭയപ്പെടുക. ആരാണോ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നത്, വിശ്വസ്തതയിലും കൂറിലും തികഞ്ഞവരായിട്ടുള്ളത് അവർ രക്ഷിക്കപ്പെടും. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ഉള്ളിൽ ഈ സവിശേഷ ഗുണങ്ങൾ ഉണ്ടാകുക" (കശ്തിനൂഹ്).

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: നബി(സ) തിരുമേനി പറഞ്ഞു. "അല്ലാഹു പറയുന്നു. നോമ്പൊഴിച്ചുള്ള മനുഷ്യന്റെ മറ്റെല്ലാ കർമ്മങ്ങളും അവനുതന്നെയുള്ളതാണ്. നോമ്പ് എനിക്കും. ഞാൻതന്നെ അതിന് പ്രതിഫലമാകും. നോമ്പ് പരിചയാകുന്നു. ആയതിനാൽ നിങ്ങളിലാരെങ്കിലും നോമ്പിലാണെങ്കിൽ അയാൾ അനാവശ്യം പറയുകയോ ബഹളം ഉണ്ടാക്കുകയോ ചീത്തപറയുകയോ ചെയ്യരുത്. അഥവാ ആരെങ്കിലും വഴക്കിനുവന്നാൽ ഞാൻ നോമ്പുകാരനാണ് എന്നയാൾ പറയട്ടെ. ആരുടെ കൈയിലാണോ മുഹമ്മദിന്റെ ജീവനിരിക്കുന്നത്, അവനാണ! നോമ്പുകാരന്റെ വായിലെ മണം അല്ലാഹുവിന്റെ പക്കൽ കസ്തൂരിയേക്കാൾ പരിശുദ്ധവും പ്രിയങ്കരവുമാകുന്നു. നോമ്പുകാരന് രണ്ട് ആനന്ദമാണുള്ളത്. ഒന്ന് നോമ്പ് മുറിക്കുമ്പോഴും മറ്റൊന്ന് നോമ്പ് കാരണം തന്റെ നാഥനെ കണ്ടുമുട്ടുമ്പോഴും (ബുഖാരി).

ലേഖനം

എ.ക്യു. മഹ്ദി

# സ്വന്തം ആളുകളാൽ കാഫിറാക്കപ്പെട്ട മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി

ഹദ്റത്ത് അഹ്മദ്(അ)ന്റെ സംഭവബഹുലമായ ജീവിതകാലത്ത് അദ്ദേഹത്തെ ജീവനുതുല്യം സ്നേഹിച്ചാദരിച്ചിരുന്ന നിരവധി മിത്രങ്ങളും, ഒത്തിരി നിന്ദിക്കുകയും അതിലേറെ ദ്രോഹിക്കുകയും ചെയ്ത ഒട്ടനവധി ശത്രുക്കളും ഉണ്ടായിരുന്നു. തന്നെ സ്നേഹിക്കയും സത്യവിശ്വാസത്തെ ആദരിക്കുകയും ചെയ്തിരുന്ന പലരിലും- അവരിൽ അന്യമതസ്ഥർപോലും ഉൾപ്പെട്ടിരുന്നു- അനുഗ്രഹം ചൊരിയാനും, അസഹനീയമാംവിധം തന്നെയും തന്റെ സമൂഹത്തെയും ദ്രോഹിക്കുവാനും പീഡിപ്പിക്കുവാനും ശ്രമിച്ചവർക്ക് അർഹിക്കുന്ന ശിക്ഷ നൽകാനും കേവലം തെറ്റിദ്ധാരണയുടെ ഫലമായിമാത്രം എതിർത്ത സാത്വികരായ ചിലർക്കെങ്കിലും ശിക്ഷ നൽകരുതെന്നു ദൈവത്തോട് പ്രാർത്ഥിക്കാനും, ആ മഹാത്മാവ് സന്മനോഭാവം കാട്ടിയിരുന്നു. ഇങ്ങനെ, നന്മ ചെയ്തവരും തിന്മ ചെയ്തവരും കാലാകാലമായി ദൈവികാനുഗ്രഹങ്ങളോ അതല്ലെങ്കിൽ ദൈവികശിക്ഷയോ ഏറ്റുവാങ്ങിയിട്ടുണ്ട്. കാലം അത് തെളിയിച്ചിട്ടുമുണ്ട്.

ഹദ്റത്ത് അഹ്മദ്(അ)ന്റെ ശത്രുനിരയിൽ, എക്കാലവും അദ്ദേഹത്തെ ദ്രോഹിക്കുകയും നിന്ദിക്കുകയും ചെയ്തിരുന്ന ഒരു വ്യക്തിയായിരുന്നു മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി. താൻ അറിവിന്റെയും വിജ്ഞാനത്തിന്റെയും കേദാരമാണെന്ന് സ്വയമൊരു അഹങ്കാരപ്രമത്തത അയാൾക്കുണ്ടായിരുന്നു. അയാൾ ഒരിക്കൽ ഇങ്ങനെ പറയുകപോലുമുണ്ടായി, "ഞാനാണു മിർസയെ ഉയരങ്ങളിലെത്തിച്ചത്, ആ ഞാൻതന്നെ അയാളെ പടുകുഴിയിലേക്ക് താഴ്ത്തിക്കളയുകയും ചെയ്യും.'

അങ്ങനെ അയാൾ ഹുസൂറിനെ നിന്ദിക്കുവാനുള്ള പരിശ്രമങ്ങളുമായി മുന്നോട്ടുപോയി. ഇതിനായി പല തരത്തിലുള്ള ഗൂഢാലോചനകൾക്കും അയാൾ രൂപം കൊടുത്തുകൊണ്ടുമിരുന്നു.

ഈ മനുഷ്യന്റെ ജൽപ്പനങ്ങൾക്കൊക്കെ, തനിക്കെതിരായ ഏതു നീക്കത്തേയും സർവ്വാധിനാഥനായ അല്ലാഹു ഫലശൂന്യമാക്കുകയും, ശത്രുക്കളെയെല്ലാം നിരാശയിലാഴ്ത്തിക്കളയുമെന്ന മറുപടിയാണ് ഹുസൂർ നൽകിയത്.

അങ്ങനെയിരിക്കെ ഒരു സംഭവമുണ്ടാകുന്നു; ഒരു മുബാഹല ആഹ്വാനം. ഈ ആഹ്വാനം നടത്തിയതോ, ഹുസൂർ തിരുമനസ്സിന്റെ പ്രിയശിഷ്യനായ മൗലാനാ അബ്ദുൽ ഖാദിർ സാഹിബും. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയെയാണ് അദ്ദേഹം മുബാഹലക്ക് ക്ഷണിച്ചത്. കഴിഞ്ഞ നാലഞ്ചു പ്രാവശ്യം ഹദ്റത്ത് അഹ്മദ്(അ)നെ മുബാഹലയ്ക്ക് ക്ഷണിച്ചിട്ട്, സ്വയം മുങ്ങിക്കളഞ്ഞ പണ്ഡിതവീരനായിരുന്നു ബട്ടാലവി. മൗലാനാ മൗലവി അബ്ദുൽ ഖാദിർ സാഹിബിന്റെ ഒരു സഹപാഠികൂടിയായിരുന്നു ബട്ടാലവി എന്നതും പ്രസ്താവ്യമാണ്.

ഹുസൂറുമായി ഒരു നിരുപാധിക മുബാഹലയിൽ ഏർപ്പെട്ടുകൊണ്ട് തർക്കങ്ങൾക്കെല്ലാം ഒരന്തിമതീരുമാനമുണ്ടാക്കണമെന്നായിരുന്നു ബട്ടാലവി സാഹിബിനോടുള്ള ഇപ്പോഴത്തെ അഭ്യർത്ഥന. അറബി സാഹിത്യരചന, പ്രാർത്ഥന, ഖുർആൻ വ്യാഖ്യാനം, പ്രവചനം എന്നീ മത്സരങ്ങളിൽ ആ മഹാത്മാവിനോട് സത്യനിർണ്ണയം നടത്തിയ പണ്ഡിതന്മാരെല്ലാം പരാജയമടഞ്ഞിരിക്കെ, അവശേഷിച്ച് ഒരേയൊരു മാർഗ്ഗം മുബാഹല മാത്രമാണെന്നും ബട്ടാലവിയെ മൗലവി അബ്ദുൽ ഖാദിർ ഓർമ്മപ്പെടുത്തി. മുബാഹലയ്ക്ക് തയ്യാറാവുമെങ്കിൽ ഒരു നിശ്ചിതതുക പാരിതോഷികം നൽകുന്നതാണെന്നും ബട്ടാലവി സഹാബിനെ അറിയിച്ചു. പഞ്ചാബ് ഉൾപ്പെടെ ഉത്തരേന്ത്യയിലെ വിവിധ ഭാഗങ്ങളിൽ വസിക്കുന്ന അഹ്മദികളെല്ലാം ഈ സംരംഭത്തെ സർവ്വാത്മനാ പിന്തുണയ്ക്കുകയും അവരിൽ പലരും പാരിതോഷികം നൽകേണ്ടിവന്നാൽ കൊടുക്കാൻ തങ്ങളുടെ വകയായും സംഭാവനകൾ പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങനെ, പാരിതോഷിക തുക 8000 രൂപയായി ഉയർന്നു.

ഇപ്പോഴും ആത്മബലമില്ലാത്ത മൗലവി ബട്ടാലവി മുബാഹല സ്വീകരിക്കാനൊരുങ്ങാതെ മൗനഭാവം കൈക്കൊള്ളുകയായിരുന്നു. എന്നാൽ, കുബുദ്ധിക്കാരനായ അയാൾ അടങ്ങിയിരിക്കാൻ തയ്യാറായില്ല; പുതിയ ചില ഗൂഢതന്ത്രങ്ങൾ ഹുസൂറിനെതിരെ മെനയാൻ ഒരുക്കംകൂട്ടി. പോലീസ് അധികാരികളിൽ തനിക്ക് അമിത സ്വാധീനമുണ്ടായിരുന്ന ചില വ്യക്തികളുമായി ഉപജാപത്തിൽ ഏർപ്പെട്ടുകൊണ്ട് പുതിയ ചില കരുനീക്കങ്ങൾക്കാണ് ഇപ്പോൾ അയാൾ പദ്ധതിയിട്ടത്. ഈ പോലീസ്ബന്ധം ദുർവിനിയോഗം ചെയ്ത് ഹുസൂറിനെതിരെ ചില വിദ്രോഹനടപടികൾ കൈക്കൊള്ളാനുള്ള ഒരു ഗൂഢശ്രമത്തിന് ആ മനുഷ്യൻ രൂപം നൽകി.

ഹദ്റത്ത് അഹ്മദ്(അ)നുമേൽ രാജ്യദ്രോഹക്കുറ്റം ആരോപിക്കലായിരുന്നു അയാളുടെ ആദ്യനടപടി. ഈ കുറ്റം ആരോപിച്ചുകൊണ്ട് ഗവർമ്മെന്റിലേക്ക് ചില രഹസ്യനിവേദനങ്ങൾ അയാളയച്ചു. ഹദ്റത്ത് അഹ്മദ്, മഹ്ദീവാദം പുറപ്പെടുവിച്ച ആളാണെന്നും, ഗവർമ്മെന്റ് അദ്ദേഹത്തിന്റെ കാര്യത്തിൽ വളരെ ജാഗരൂകമായിരിക്കേണ്ടതുണ്ടെന്നും സുഡാനിലെ മഹ്ദിയെക്കാളും അപകടകാരിയായിത്തീർന്നേക്കാം ഇദ്ദേഹമെന്നും മൗലവി ആ വ്യാജനിവേദനത്തിൽ എഴുതിപ്പിടിപ്പിച്ചിരുന്നു. ഗവർമ്മെന്റിനെതന്നെ അട്ടിമറിക്കാൻതക്ക കരുത്തും ശക്തിയും ഹദ്റത്ത് അഹ്മദ് ആർജ്ജിച്ചുകൊണ്ടിരിക്കയാണെന്നും, രാജ്യത്തോട് കൂറു പുലർത്തുന്നുവെന്നുള്ള അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങളെ ഒരിക്കലും വിശ്വസിച്ചുപോകരുതെന്നും ബട്ടാലവി സർക്കാരിന് മുന്നറിയിപ്പ് നല്കി.

ദുരുദ്ദേശ സന്ദേശം ഒരു പടികൂടി കടന്ന്, കാര്യങ്ങൾ നിയന്ത്രണത്തിൽനിന്ന് വഴുതിപ്പോകുന്നതിനു മുമ്പ് മിർസാസാഹിബിനെ അറസ്റ്റ് ചെയ്യേണ്ടതാണെന്ന് ഇംഗ്ലീഷുകാരോട് കൂറുള്ള ഈ മൗലവിവര്യൻ തന്റെ ബ്രിട്ടീഷ് മേലാളന്മാരെ അറിയിച്ചു. കൂടാതെ, മിർസാ സാഹിബ് അഫ്ഗാനിസ്ഥാനിലെ അമീർ അബ്ദുർ റഹ്മാനുമായി ഗൂഢവേഴ്ചയിലാണെന്നും, തന്റെ പഠാണിശിഷ്യന്മാരുടെ സഹായത്തോടെ അഫ്ഗാൻ രാജാവുമായി രഹസ്യ കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ടെന്നും സർക്കാരിന്റെ ഉന്നതകേന്ദ്രങ്ങളെ മൗലവി ബട്ടാലവി ധരിപ്പിച്ചു.

സുഡാനിലെ മഹ്ദിയെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അനുഭവങ്ങൾ ഭരണാധികാരികൾക്ക് അത്ര പെട്ടെന്ന് മറക്കാനാവുന്ന ഒന്നായിരുന്നില്ല.

സുഡാനിൽ, താനൊരു പ്രവാചകാവതാരമാണെന്ന് സ്വയം വാദിച്ച്, അവിടത്തെ ഭരണംപോലും കൈയ്യാളിയ ഒരു മഹ്ദിയെപ്പറ്റി വായനക്കാർ മനസ്സിലാക്കിയിരിക്കുമല്ലോ? 19-ാം നൂറ്റാണ്ടിലാണ് ഈ അവതാരം ആ ആഫ്രിക്കൻ മുസ്ലിംരാജ്യത്ത് പൊന്തിവന്നത്. എന്തിനും മടിക്കാത്ത ഒരു സായുധസേനതന്നെ ആ മഹ്ദിക്ക് സ്വന്തമായുണ്ടായിരുന്നു.

ഈജിപ്തിനടുത്ത് കിടക്കുന്ന ഒരു ദരിദ്രരാജ്യമാണ് സുഡാൻ. അറബി-നീഗ്രോ സങ്കരവർഗ്ഗക്കാരാണ് ആ നാട്ടിലുള്ള മുസ്ലിം പ്രജകൾ. പലതരത്തിലുള്ള യുദ്ധങ്ങൾക്കും കലാപങ്ങൾക്കും രംഗവേദിയായി, ഒടുവിൽ സുഡാൻ ഒരു ബ്രിട്ടീഷ് കോളനിയായിത്തീരുകയായിരുന്നു. ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായിരുന്ന സുഡാനെ ഇംഗ്ലീഷുകാരിൽനിന്നും മോചിപ്പിക്കാനായി തന്റെ, സായുധസൈന്യവുമായി രംഗത്തിറങ്ങുകയുണ്ടായി ഈ 'അഭിനവ മഹ്ദി'. 1885-ൽ മഹ്ദിയുടെ സൈന്യം ബ്രിട്ടീഷ്-ഫ്രഞ്ച് സേനകളുമായി രൂക്ഷമായി ഏറ്റുമുട്ടുകയും, വളരെ പ്രഗത്ഭനായി അറിയപ്പെട്ടിരുന്ന ഒരു ഇംഗ്ലീഷ് സൈനിക മേധാവിയായ ചാൾസ് ഗോർഡനെ നിഷ്കരുണം വധിക്കുകയും അന്നത്തെ സുഡാന്റെ തലസ്ഥാനമായ ഖാർത്തും പിടിച്ചടക്കുകയും ചെയ്തു. മഹ്ദിയുടെ തത്വദീക്ഷയില്ലാത്ത ക്രൂരമായ ആക്രമണ പരമ്പരകളെ ഭയന്ന് സുഡാനിൽ തങ്ങളുടെ സ്വാധീനശക്തി ഉറപ്പിച്ചിരുന്ന ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും രാജ്യം വിടുകയും സുഡാൻ മഹ്ദിയുടെ പൂർണ്ണ അധീനത്തിലാവുകയും ചെയ്തു. ഈ തിക്താനുഭവം ഒരിക്കലും മറക്കാനാവാത്ത മനസ്സിൽ സൂക്ഷിച്ചിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഇന്ത്യൻ ഭരണമേധാവികൾക്ക്, സുഡാൻ മഹ്ദിയുമായി ഹദ്റത്ത് അഹ്മദിനെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള മൗലവി ബട്ടാലവിയുടെ താക്കീതുകളെ അവഗണിക്കാൻ കഴിഞ്ഞില്ല. അവർ വളരെ ഗൗരവപൂർവ്വം ഹുസൂറിന്റെ നീക്കങ്ങളെ സസൂക്ഷ്മം ശ്രദ്ധിക്കാൻ തുടങ്ങി.

ഇതുകൂടാതെ 'ബ്രിട്ടീഷ് സാമ്രാജ്യപ്രഭാവം എട്ടു കൊല്ലം വരെയേ നീണ്ടുനിൽക്കൂ, അതിനുശേഷം ക്ഷീണവും പതനവും ആരംഭിക്കുന്നതാണ്' എന്നൊരു പ്രവചനം ഹദ്റത്ത് അഹ്മദ് നടത്തിയിട്ടുണ്ടെന്നുള്ള വിവരവും മൗലവി ബട്ടാലവി ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരെ അറിയിച്ചു. ബ്രിട്ടീഷ് ഭരണാധികാരികൾ സംശയദൃഷ്ടികളോടെ ഹുസൂറിനെ വീക്ഷിക്കാൻ മൗലവിയുടെ ഈ കുതന്ത്ര അറിയിപ്പുകൾ സഹായകമായിത്തീരുകയും ചെയ്തു.

ബ്രിട്ടീഷ് സാമ്രാജ്യപതനത്തെപ്പറ്റിയുള്ള പ്രവചനം നടത്തപ്പെട്ടത് ശരിയാണ്. 1888-ൽ തനിക്കുണ്ടായ ഒരു വെളിപാടിനെ അടിസ്ഥാനമാക്കിയാണ് ഹുസൂർ ഈ പ്രവചനം ചെയ്തതെങ്കിലും തന്റെ ശിഷ്യന്മാരെ മാത്രമേ ഈ വിവരം അന്നദ്ദേഹം അറിയിച്ചിരുന്നുള്ളൂ. ഹുസൂർ തന്റെ ഒരു ഗ്രന്ഥത്തിലും, ലഘുലേഖയിൽപോലും ഈ വിവരം രേഖപ്പെടുത്തിയിരുന്നുമില്ല. ഈ പ്രവചനവിവരം മൗലവി ബട്ടാലവിയ്ക്കറിയാമായിരുന്നു. അയാൾ, ബോധപൂർവ്വം, തികഞ്ഞ ദുരുദ്ദേശ്യത്തോടെ തന്നെ ഇത് ബഹുജനങ്ങളുടെയും, ബ്രിട്ടീഷ് സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരികയും, വെറുതെയൊരു കോലാഹലം സൃഷ്ടിക്കാൻ ശ്രമിക്കുകയും ചെയ്തു.

1897-ലായിരുന്നു 50 കൊല്ലത്തെ ബ്രിട്ടീഷ് സാമ്രാജ്യപതനത്തിന്റെ തുടക്കമെന്നും, അത് 1947-ൽ പൂർത്തിയായി എന്നും വിശ്രുത ഇംഗ്ലീഷ് ചരിത്രകാരനായ ആർണോൾഡ് ടോയംബി തന്നെ പ്രസ്താവിച്ചിട്ടുള്ളത്, ഹുസൂർ തിരുമനസ്സിന്റെ പ്രവചനത്തെ ശരിവയ്ക്കുന്നു. 1947-ലാണല്ലോ ബ്രിട്ടീഷുകാർക്ക് ഇന്ത്യ വിട്ടൊഴിയേണ്ടിവന്നത്. ഏകദേശം ഇതേ കാലങ്ങളിൽ തന്നെയാണ് ബ്രിട്ടീഷ് കോളനിവാഴ്ചയ്ക്ക് ലോകമെങ്ങും തിരശ്ശീല വീണതും.

വാഗ്ദത്ത മഹ്ദിയുടെ ആവിർഭാവം സംബന്ധിച്ച

പ്രവചനങ്ങളെല്ലാം അസ്വീകാര്യങ്ങളാണെന്നും, താൻ അവയിൽ വിശ്വസിക്കുന്നേയില്ലെന്നും പ്രസ്താവിച്ചു കൊണ്ട് മൗലവി ബട്ടാലവി സാഹിബ് 1898 ഒക്ടോബർ 14-നു ഒരു ലഘുലേഖ പുറത്തിറക്കിയിരുന്നു. അതിന്റെ കോപ്പികൾ അതീവരഹസ്യമായി ഉയർന്ന ഗവർമ്മെന്റ് ഉദ്യോഗസ്ഥന്മാർക്ക് അയാൾ അയച്ചുകൊടുക്കുകയും ചെയ്തു. ഗവർമ്മെന്റ് ദൃഷ്ടിയിൽ നല്ലപിള്ള ചമഞ്ഞ് അവിഹിതമായി കിട്ടുന്നത്ര ആനുകൂല്യങ്ങൾ നേടിയെടുക്കാനുള്ള ജുഗുപ്സാവഹമായ ഒരു ശ്രമം കൂടിയായിരുന്നു അത്. അതിനയാൾക്ക് ബ്രിട്ടീഷ്ഗവർമ്മെന്റിൽനിന്നും പ്രതിഫലവും ലഭിച്ചു. ലായൽപൂർജില്ലയിൽ ഏതാനും ഏക്കർ ഭൂമി മൗലവി സാഹിബിന് കരമൊഴിയായി പതിച്ചുകൊടുക്കപ്പെട്ടു.

കൂടാതെ 1887 മാർച്ചിൽ പഞ്ചാബിലെ ലഫ്റ്റനന്റ് ഗവർണർ സി.യു. അച്ചീസൺ, തന്റെ സ്ഥാനത്തുനിന്നു പിരിയുന്ന വേളയിൽ മൗലവിക്ക് ഒരു സവിശേഷ കീർത്തിപത്രം നൽകുകയും ചെയ്തു. ഇതാണാ കീർത്തിപത്രം,

'അബു സയ്യിദ് മുഹമ്മദ് ഹുസൈൻ ബട്ടാലവി, അഹ്‌ലെ ഹദീസ് കക്ഷിയുടെ പ്രധാന പണ്ഡിതനും ഇസ്‌ലാമിലെ ഈ വിഭാഗത്തിന്റെ പ്രാപ്തനായ പ്രതിനിധിയും ആകുന്നു........... അദ്ദേഹം ചക്രവർത്തിനി മഹാറാണിയുടെ കൂറുള്ള പ്രജകളിൽ ഒരാളുമത്രെ!

സർവ്വശക്തനായ അല്ലാഹുവിന്റെ കീർത്തിമുദ്ര തന്നെ ഹദ്റത്ത് അഹ്മദ്(അ)നു ലഭിച്ചിരിക്കെ, ഒരു ബ്രിട്ടീഷ് ഗവർണർ വച്ചുനീട്ടിയ ഈ ഉപചാരമുദ്രയ്ക്കെന്തു മാഹാത്മ്യം എന്നു മൗലവി ചിന്തിച്ചേയില്ല. ഭൂമി സൗജന്യമായി എഴുതിക്കിട്ടിയതും കീർത്തിപത്രം ലഭിച്ചതുമൊക്കെ ബട്ടാലവി സാഹിബിനു സിദ്ധിച്ച ബഹുമാനങ്ങളാണെന്ന് അക്കാലത്ത് ഹദ്റത്ത് അഹ്മദ്(അ)ന്റെ വിരോധികൾ ഘോഷിച്ചെങ്കിലും, അവയെല്ലാം അഭിശാപങ്ങളായി മാത്രമേ മാറൂയെന്നും, മൗലവിക്കോ സന്താനങ്ങൾക്കോ അതിന്റെ ഫലം ആസ്വദിക്കാനാവില്ലെന്നും ഹദ്റത്ത് അഹ്മദ്(അ) പ്രഖ്യാപിച്ചിരുന്നു. അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. മൗലവി ബട്ടാലവി അഹ്‌ലെ ഹദീസ് പ്രസ്ഥാനത്തെതന്നെ ഇംഗ്ലീഷുകാർക്ക് വിറ്റ് സംഘടനാംഗങ്ങളെ ഒറ്റുകൊടുക്കുകയായിരുന്നുവെന്ന് പ്രബലമായ ഒരു ആരോപണം അയാൾക്കെതിരെ പിൽക്കാലത്തുണ്ടായി. അത് സ്വന്തം അനുയായികളുടെതന്നെ അനാദരവ് നേടാൻ അയാളെ സഹായിക്കുകയും ചെയ്തു. ഒരു മതപണ്ഡിതനെന്ന ബഹുമാനംപോലും നാട്ടിലയാൾക്കു നഷ്ടപ്പെട്ടു. അയാൾക്കോ സന്താനങ്ങൾക്കോ സൗജന്യമായി കിട്ടിയ ഭൂമി ഉപകരിച്ചുമില്ല.

മൗലവി ബട്ടാലവിയുടെ ഹീനമായ ഗൂഢതന്ത്രങ്ങൾക്ക് കേവലം താൽക്കാലികഫലം മാത്രമേ കണ്ടുള്ളൂ. അത് അയാളുടെതന്നെ പതനത്തിന്റെ നാഴികക്കല്ലുകളായിത്തീരുകയും ചെയ്തു.

1898 ഒക്ടോബർ അവസാനം, ഒരുദിവസം സന്ധ്യനേരത്ത് ഹുസൂറിന്റെ ശിഷ്യന്മാരെല്ലാം മസ്ജിദ് മുബാറക്കിൽ കൂട്ടംകൂടിയിരിക്കുമ്പോൾ, പെട്ടെന്ന് ഒരു പോലീസ്‌സംഘം ഒരു യൂറോപ്യൻ സൂപ്രണ്ടിന്റെയും സബ്ഇൻസ്പെക്ടർ റാണാ ജലാലുദ്ദീൻഖാന്റെയും നേതൃത്വത്തിൽ പള്ളിയിൽ പരിശോധനയ്ക്കെത്തി. അഫ്ഘാൻ രാജാവുമായി ഹുസൂർ രഹസ്യ കത്തിടപാടുകൾ നടത്തുന്നുണ്ടെന്ന റിപ്പോർട്ടനുസരിച്ചുള്ള അന്വേഷണത്തിന്റെ ഭാഗമായാണവർ എത്തിയത്. വിവരം അറിഞ്ഞ് ഹുസൂർ ഉടൻതന്നെ പള്ളിയിലെത്തിച്ചേർന്നു. അദ്ദേഹത്തിന് ഈ വിഷയത്തിൽ ആശങ്കയൊന്നും ഉണ്ടായില്ല. പരിഭ്രമലേശമില്ലാതെ, ഏതു വിധത്തിലുള്ള പരിശോധന വേണമെങ്കിലും നടത്തിക്കൊള്ളാൻ അദ്ദേഹം പോലീസ് സൂപ്രണ്ടിന് അനുവാദം നല്കി.

ബ്രിട്ടീഷ് സർക്കാരിന്റെ നീതിനിഷ്ഠയേയും മതസ്വാതന്ത്ര്യനയത്തെയും ആത്മാർത്ഥമായി സ്തുതിക്കുന്ന ഒരുവനാണു താനെന്നും, ഇസ്‌ലാംമതംപ്രചരിപ്പിക്കാൻ ഒരിക്കലും വാളിന്റേയോ തോക്കിന്റേയോ സഹായം ആവശ്യമില്ലെന്നാണ് താൻ പൂർണ്ണഹൃദയത്തോടുകൂടി വിശ്വസിക്കുന്നതെന്നും ഹുസൂർ വ്യക്തമാക്കുകയും ചെയ്തു. പള്ളിയിൽ അപ്പോഴത്തെ നമസ്കാരം കഴിഞ്ഞതിനുശേഷം പരിശോധന നടത്തിക്കൊള്ളാൻ അദ്ദേഹം പോലീസ് ഓഫീസർക്ക് അനുവാദവും നല്കി.

ഹദ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബിന്റെ നേതൃത്വത്തിൽ സന്ധ്യാനമസ്കാരം ആരംഭിച്ചു. മൗലവി സാഹിബിന്റെ ഖുർആൻ പാരായണത്തിന്റെ ആകർഷണീയതയും അദ്ദേഹത്തിന്റെ സ്വരമാധുരിയും പ്രസിദ്ധമായിരുന്നു; ആരേയും ആകർഷിക്കുന്നതുമായിരുന്നു. പോലീസ് സൂപ്രണ്ടും ഒപ്പം വന്നവരും നമസ്കാരവേളയിലെ മൗലവി സാഹിബിന്റെ ഖുർആൻ ആലാപനത്തിൽ സ്വയമറിയാതെ ലയിച്ചുനിന്നുപോയി. നമസ്കാരം കഴിയുവോളം അവർ ക്ഷമയോടെ കാത്തുനില്ക്കുകയും ചെയ്തു. നമസ്കാരത്തിൽ പങ്കുകൊണ്ടിരുന്നവരുടെ ഗദ്ഗദപ്രാർത്ഥനകൾ പോലീസ് സംഘാംഗങ്ങൾ ശ്രദ്ധയോടെ കേട്ടുനിൽക്കുകയായിരുന്നു. പ്രാർത്ഥന തീർത്തുകഴിഞ്ഞപ്പോൾ ആ യൂറോപ്യൻ പോലീസ് ഓഫീസർ ഹദ്റത്ത് അഹ്മദ്(അ)നോട് ക്ഷമയാചനം ചെയ്തുകൊണ്ടു പറഞ്ഞു,

"മീർസാ സാഹിബ്, അങ്ങ് ഒരു സാത്വികനും ദൈവഭക്തനുമാണെന്ന് എനിക്ക് പൂർണ്ണബോധ്യം വന്നിരിക്കുന്നു. അങ്ങു പറഞ്ഞതെല്ലാം സത്യമാണെന്ന് ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു. ഏതോ ശത്രു, അങ്ങയെപ്പറ്റി ദുഷ്പ്രചാരം നടത്തിയതായിരിക്കാം ഇത് എന്നെനിക്കിപ്പോൾ തോന്നുന്നു. അങ്ങയുടെ വീടോ പള്ളിയോ ഒന്നും പരിശോധിക്കേണ്ട ഒരാവശ്യമുണ്ടെന്നു ഞാനിപ്പോൾ കരുതുന്നില്ല.''

ആ പോലീസ് ഓഫീസർ, തന്റെ സംഘവുമായി മടങ്ങിപ്പോയി.

ഈ പോലീസ് റെയ്ഡ് സംഭവത്തിനിടയാക്കിയ യഥാർത്ഥ വസ്തുത എന്തെന്നറിയാൻ ഹുസൂറിന് താല്പര്യം തോന്നി. മൗലവി ബട്ടാലവി സാഹിബ് അച്ചടിച്ച് ഗവർമ്മെന്റിലേക്കയച്ച ഒരു ഇംഗ്ലീഷ് ലഘുലേഖയാണ് ഈ പൊല്ലാപ്പിനൊക്കെ കാരണമെന്നും, അങ്ങനെയൊരു ഗൂഢാലോചന നടന്നതുകൊണ്ടാണ് പരിശോധനയ്ക്ക് പോലീസ് പള്ളിയിൽ വന്നതെന്നും അദ്ദേഹത്തിന് മനസ്സിലായി.

1898 ഡിസംബർ 27-ന് 'കശ്ഫുൽ ഗിത്താ' എന്ന പേരിൽ ഒരു പുസ്തകം, ഹദ്റത്ത് അഹ്മദ്(അ) പ്രസിദ്ധപ്പെടുത്തി. താൻ ഭരണകൂടത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്നവനോ, ഒരു വിപ്ലവകാരിയോ ആണെന്ന ആരോപണത്തെ അദ്ദേഹം ശക്തിയുക്തം നിഷേധിക്കുകയും തന്റെ കുടുംബപശ്ചാത്തലം സുവ്യക്തമായി അതിൽ വിവരിക്കുകയും ചെയ്തു. താൻ സർക്കാരിന്റെ ഒരു ക്ഷേമകാംക്ഷി മാത്രമാണെന്ന് അദ്ദേഹം ഊന്നിപ്പറയുകയും ചെയ്തു.

ഹദ്റത്ത് അഹ്മദ്(അ)-മായി മുബാഹല നടത്തുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള മൗലാനാ അബ്ദുൽഖാദിർ സാഹിബിന്റെ ഒരു തുറന്നകത്ത് മൗലവി ബട്ടാലവി സാഹിബിന് അയച്ചുകൊടുത്തിരുന്നുവല്ലോ. ആ കത്ത് ബട്ടാലവി സാഹിബിനെ വല്ലാതെ അരിശം കൊള്ളിക്കുകയാണ് ചെയ്തത്. അറപ്പുളവാക്കുന്ന ഭാഷയിൽ നീചശകാരങ്ങളടങ്ങിയ ലഘുലേഖകളാണ് അതിന് പ്രതികരണമായി ബട്ടാലവി പ്രഭൃതികളിൽ നിന്ന് പുറത്തുവന്നത്. അങ്ങേയറ്റം പ്രകോപനപരവും അത്യന്തം പ്രതിഷേധാർഹവുമായ ലഘുലേഖകളായിരുന്നു അവയൊക്കെ. വിപുലമായി പ്രചരിക്കപ്പെട്ട ഈ ക്ഷുദ്രകൃതികൾക്കെതിരെ നിയമനടപടികളെടുക്കാൻ കാരണങ്ങളുണ്ടായിട്ടും ബട്ടാലവിയെ പിന്താങ്ങുന്ന നിയമപാലകർ മൗനമവലംബിക്കുകയായിരുന്നു ചെയ്തത്.

ഹുസൂർ തിരുമനസ്സ് ഈ വിഷയത്തിൽ തന്റെ പരാതി സർവ്വാധിനാഥനായ അല്ലാഹുവിന്റെ പക്കലാണ് സമർപ്പിച്ചത്. അദ്ദേഹം മനസ്സുരുകി പ്രാർത്ഥിച്ചു. 'ഓ, ദൈവമേ........ മുഹമ്മദ് ഹുസൈൻ ബട്ടാലവിയും കൂട്ടരും പറയുന്നപ്രകാരം ഞാൻ യഥാർത്ഥത്തിൽ നിന്റെ പക്കൽ ഒരു കള്ളവാദിയും കപടഹൃദയനുമാണെങ്കിൽ നീ എന്നെ എളിമയിലാക്കിയാലും! അതല്ലെങ്കിൽ, ഓ എൻ നാഥാ..... എന്നെ അവഹേളിക്കാൻ പുറപ്പെട്ട ഇവർക്കെതിരെ നിന്റെ കരങ്ങൾ പ്രവർത്തിക്കുകയും ഇവരെ നീ അപമാനത്തിലാക്കുകയും ചെയ്യേണമേ. അടുത്ത പതിമൂന്നു മാസത്തിനകം- 1898 ഡിസംബർ 15 മുതൽ 1900 ജനുവരി 15 വരെയുള്ള കാലത്തിനകം- നീ ഇതു സംഭവിപ്പിച്ചു കാണിച്ചാലും.'

തന്റെ വരിഷ്ഠദാസന്റെ ഗദ്ഗദസമ്പൂർണ്ണമായ വാക്കുകൾ, പ്രാർത്ഥനകൾ, സ്വീകരിക്കപ്പെട്ടുവെന്നും മുഹമ്മദ് ഹുസൈൻ ബട്ടാലവി അപമാനത്തിലായിത്തീരുമെന്നും ദൈവവചനമുണ്ടായി. മുഹമ്മദ് ഹുസൈൻ ബട്ടാലവി ഹുസൂർ തിരുമനസ്സിനെ ഏതു പ്രകാരമെല്ലാം അവഹേളിക്കുവാൻ ശ്രമിച്ചുവോ, ആ വിധത്തിൽതന്നെ തിരിച്ചടി ഉണ്ടാകുമെന്നും, അയാൾ സ്വയം തന്റെ കൈകടിക്കുമാറാകുമെന്നും, ദ്രോഹിയെ വിദ്രോഹപ്രവർത്തനത്തിൽനിന്നും തടഞ്ഞുനിർത്തുമെന്നും അറിയിച്ചുകൊണ്ടുള്ളതായിരുന്നു ദൈവവചനം.

ഈ ദിവ്യവെളിപാടുകൾ 1898 നവംബർ 21-നു പുറത്തിറക്കിയ ഒരു വിജ്ഞാപനത്തിലൂടെ ഹുസൂർ തിരുമനസ്സ് ലോകത്തെ അറിയിക്കുകയും, പതിമൂന്ന് മാസങ്ങൾക്കകം ബട്ടാലവി അപമാനത്തിനും അവഹേളനത്തിനും ഇരയായിത്തീരുമെന്നു പ്രവചിക്കുകയും ചെയ്തു.

തന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടതായി ഒരു സുവാർത്തയും അദ്ദേഹത്തിനു ഉടൻതന്നെ ലഭിച്ചു. വൈകാതെ ഇതുസംബന്ധമായി ഒരു ദൃഷ്ടാന്തം വെളിപ്പെടുമെന്നും അറിയിക്കപ്പെട്ടു. കഴിയുന്നത്ര വേഗം അത് വെളിപ്പെടണേയെന്ന് ഹുസൂർ വീണ്ടും മനസ്സുരുകി പ്രാർത്ഥിച്ചു. എന്താണ് സംഭവിക്കുക എന്ന വിഷയത്തിൽ ഉദ്വേഗഭരിതരായിരുന്നു ശിഷ്യവൃന്ദങ്ങൾ.

ഒടുവിൽ അത് സംഭവിച്ചു; മൗലവി ബട്ടാലവി അത്യന്തം അവഹേളിതനായിത്തീരുന്നതിനിടയാക്കിയ ചില സംഭവങ്ങളുണ്ടായി. അതാകട്ടെ, ഹുസൂർ തിരുമനസ്സിന്റെ കൈകളിലൂടെ വളരെ യാദൃശ്ചികമായി സംഭവിച്ചതെന്നോണം അല്ലാഹു സൃഷ്ടിച്ച ഒരു മഹാതന്ത്രവുമായിരുന്നു.

ഹദ്റത്ത് അഹ്മദ്(അ)-നെതിരെ ബട്ടാലവി സാഹിബ്, വലിയവലിയ ആലിംകളിൽനിന്ന് കുഫ്റ് ഫത്വ കരസ്ഥമാക്കിയതുപോലെ, ഒരുപക്ഷേ അതിന് ഒരു പടിമേലെ മൗലവി സാഹിബിന്നെതിരെ അതേ ഉലമാക്കൾതന്നെ കുഫ്റ് ഫത്വ പുറപ്പെടുവിച്ച അതീവ വിചിത്രതരമായ ഒരു സംഭവമുണ്ടായി.

താൻ ഹദ്റത്ത് അഹ്മദിനെ മേലിൽ കാഫിറെന്നും, ദജ്ജാൽ എന്നും, കദ്ദാബ് എന്നും, ഖാദിയാനി എന്നും വിളിക്കുന്നതല്ല എന്നു സമ്മതിച്ചുകൊണ്ട് ഗുരുദാസ്പൂർ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് മുമ്പാകെ ഒരു കരാറിൽ അയാൾ ഒപ്പിട്ടുകൊടുക്കേണ്ടി വന്നുവെന്നതാണ് ഒരു സംഭവമെങ്കിൽ, അടുത്തത് അദ്ദേഹത്തിന്നെതിരെ തന്നെ കുഫ്റ് ഫത്വ പുറപ്പെടുവിക്കപ്പെട്ട മറ്റൊരു സംഭവമായിരുന്നു.

ബട്ടാലവി സാഹിബ്, മഹ്ദി ഇമാമിന്റെ ആവിർഭാവത്തെ പാടെ നിഷേധിച്ചുകൊണ്ടെഴുതിയ ഇംഗ്ലീഷ് ലഘുലേഖയുമായി ഹുസൂർ തിരുമനസ്സിനെ സമീപിച്ച ഒരു പ്രധാന ശിഷ്യനായ ഡോക്ടർ മുഹമ്മദ് ഇസ്മാ

യിൽ ഖാൻ സാഹിബ്, അതുസംബന്ധമായി ഇതേ ഉലമാക്കളിൽനിന്ന് ഒരു ഫത്വ സമ്പാദിക്കുന്നതിനുതകുന്ന തരത്തിൽ ഒരു ചോദ്യം എഴുതിക്കൊടുക്കാൻ അദ്ദേഹത്തോടപേക്ഷിച്ചു. ഒട്ടും ചിന്തിക്കേണ്ടിവന്നില്ല ആ മഹാത്മാവിന്, അദ്ദേഹം ഉടൻതന്നെ ഒരു കുറിപ്പ് തയ്യാറാക്കി ശിഷ്യനെ ഏല്പിച്ചു. അത്, ചോദ്യരൂപത്തിൽ തയ്യാറാക്കിയ ഒരു കുറിപ്പായിരുന്നു.

'ഹദീഥുകളിൽ പറയപ്പെട്ട പ്രകാരം ബാഹ്യവും ആന്തരീകവുമായ നിലയിൽ ദൈവത്തിന്റെ ഖലീഫയായിരിക്കുന്ന ആളും ഫാത്തിമ വംശീയനും അന്ത്യനാളിൽ പ്രത്യക്ഷനാകേണ്ട വാഗ്ദത്തപുരുഷനുമായ ഇമാം മഹ്ദിയുടെ അവതാരത്തെ പാടേ നിഷേധിക്കുകയും, അഹ്‌ലുസുന്നത്തിൽപെട്ട സകലരുടെയും കൂട്ടായ വിശ്വാസത്തെ അപ്പടി നിരർത്ഥകമായി കരുതുകയും, അപ്രകാരം വിശ്വസിക്കുന്നതു വഴികേടും നിർമ്മതത്വവും ആണെന്ന് ധരിക്കുകയും ചെയ്യുന്ന ഒരാളെപ്പറ്റി ദീനിന്റെ ഉലമാക്കൾ എന്തു പറയുന്നു....? അത്തരം ഒരാളെ അഹ്‌ലു സുന്നത്തിൽപെട്ടയാളും നേർവഴിയിലുള്ളവനുമായി കരുതാമോ? അതല്ല, കദ്ദാബും, ഇജ്മാഇനെ ഉപേക്ഷിച്ചവനും, കറ്റുകെട്ടുകാരനും, ദജ്ജാലുമായി കരുതണമോ....?'

ചോദ്യകർത്താവ് മീർസാ ഗുലാം അഹ്മദ്.

ഇതായിരുന്നു ഹുസൂർ തിരുമനസ്സ് എഴുതിക്കൊടുത്ത ആ കടലാസ്സ്.

ശിഷ്യൻ ഡോക്ടർ മുഹമ്മദ് ഇസ്മായിൽ ഖാൻ സന്തോഷപൂർവ്വം ആ കടലാസ്സ് ഹുസൂറിൽനിന്നും ഏറ്റുവാങ്ങി. അദ്ദേഹം ആ കുറിമാനത്തിൽ ചെറിയൊരു ഭേദഗതി വരുത്തി; അവസാനഭാഗത്ത് എഴുതിയ 'ചോദ്യകർത്താവ്, മിർസാ ഗുലാം അഹ്മദ്' എന്നതു മാത്രം ഒഴിവാക്കിക്കളഞ്ഞു. ഇപ്പോൾ ആ കുറിപ്പ് തയ്യാറാക്കിയതോ, പുറപ്പെടുവിച്ചതോ ആരെന്ന സൂചന എവിടെയുമില്ല; അതൊരു പൊതുപ്രസ്താവനയുടെ ഭാഗമായി മാറിക്കഴിഞ്ഞിരുന്നു.

ഡോക്ടർ മുഹമ്മദ് ഇസ്മായിൽഖാൻ ഈ കുറിപ്പുമായി പ്രശസ്ത ഉലമാക്കളെയൊക്കെ സമീപിച്ചു. ഹദ്റത്ത് അഹ്മദ്(അ)-നെതിരെ ഒരു സമയത്ത് കുഫ്റ് ഫത്വയിൽ ഒപ്പുചാർത്തിയിരുന്ന എല്ലാ മഹാരഥന്മാരേയും അദ്ദേഹം പിടികൂടുകയും ഈ പുതിയ ഫത്വയ്ക്കായി ആവശ്യപ്പെടുകയും ചെയ്തു. അവർക്കാർക്കും ഡോക്ടർ മുഹമ്മദ് ഇസ്മായിൽ ഖാൻ സാഹിബ് ആരെന്ന് അറിയുകയുമില്ലായിരുന്നു. മൗലവി ബട്ടാലവി സാഹിബ്, ബ്രിട്ടീഷ് സർക്കാറിനെ പ്രീണിപ്പിച്ച് സൗജന്യഭൂമിയും മറ്റു പാരിതോഷികങ്ങളും കരസ്ഥമാക്കാൻ ഗൂഢമായി ഇംഗ്ലീഷിൽ ഒരു ലഘുലേഖ അച്ചടിച്ചിറക്കിയതിനെപ്പറ്റിയോ, അതിൽ മഹ്ദി ഇമാമിനെ പ്രത്യക്ഷത്തിൽതന്നെ നിഷേധിച്ചു പറഞ്ഞതിനെക്കുറിച്ചോ ഒന്നും ഈ ഉലമാക്കൾക്ക് അറിയാമായിരുന്നില്ല. ബ്രിട്ടീഷ് പാരിതോഷികം ആരോരുമറിയാതെയാണ് മൗലവി കരസ്ഥമാക്കിയത്. കദ്ദാബ്, കറ്റുകെട്ടുകാരൻ, ദജ്ജാൽ എന്നീ പദപ്രയോഗങ്ങളിലൂടെ തങ്ങൾ എപ്പോഴും വേട്ടയാടിയിരുന്നത് ഹദ്റത്ത് അഹ്മദ്(അ)-നെയായിരുന്നുവല്ലൊ. കുഫ്റ് ഫത്വയ്ക്ക് ആവശ്യപ്പെട്ടുകൊണ്ട് നൽകപ്പെട്ട ഈ കുറിപ്പും അതിലെ ചോദ്യങ്ങളും തീർച്ചയായും ഹദ്റത്ത് അഹ്മദിനെക്കുറിച്ചു തന്നെയായിരിക്കുമെന്ന് വിശ്വസിച്ചുപോയ പണ്ഡിത ശിരോമണികളായ ആ മഹാപുരോഹിതന്മാർ ഓരോരുത്തരായി, കൂടുതലൊന്നും ആലോചിക്കാൻ നിൽക്കാതെ കുഫ്റിന്റെ തകർപ്പൻ ഫത്വകൾ വലിച്ചുനീട്ടി എഴുതിക്കൊടുത്തു. അവരുടെ ആലോചനയും ചിന്താശക്തിയുമൊക്കെ ഈയൊരു കാര്യത്തിനുവേണ്ടി അല്ലാഹു ഒരുനിമിഷം മൂടിയിരിക്കണം. മുഹമ്മദ് ഹുസൈൻ ബട്ടാലവിയെക്കുറിച്ച് സംശയിക്കാൻ ഉലമാപ്രഭുക്കൾക്ക് കാരണമൊന്നും ഉണ്ടായിരുന്നുമില്ല; മഹ്ദിയുടെ കാര്യത്തിൽ മറിച്ചൊരു വിശ്വാസം അദ്ദേഹം പുലർത്തുന്നുണ്ടെന്നു വരാൻ നിവൃത്തിയില്ലാത്തവിധം ബട്ടാലവി അത് വ്യക്തമാക്കിയിരുന്നതുമാണ്. 'ഇശാഅത്തുസുന്ന'യിൽ ബട്ടാലവി സമാഹരിച്ച ഫത്വയിൽതന്നെ മറ്റു മൂപ്പന്മാരെപ്പോലെ താനും യോധ്യമഹ്ദിയുടെ ആവിർഭാവത്തെ പ്രതീക്ഷിക്കുന്നുവെന്നും ആ വിശ്വാസം ശരിയാണെന്നും വ്യക്തമാക്കിയിട്ടുമുണ്ട്. ഈ കാരണങ്ങളാൽ ആളാരാണെന്നു നോക്കാതെ ചോദ്യത്തിൽ പറഞ്ഞപ്രകാരം മഹ്ദി ഇമാമിന്റെ ആവിർഭാവത്തെ നിഷേധിക്കുന്ന ആൾ വഴിപിഴച്ചവനും ദജ്ജാലും, ഇസ്‌ലാമികവൃത്തത്തിൽനിന്നും പുറന്തള്ളപ്പെട്ടവനും കാഫിറും മറ്റും മറ്റുമാണെന്ന് ഉലമാക്കളെല്ലാം മനസ്സുതുറന്നു ഫത്വ നൽകി. ബട്ടാലവി സാഹിബിന്റെ ഗുരുവര്യന്മാരും സ്നേഹിതന്മാരും സഹപ്രവർത്തകരുംതന്നെയാണ് ഫത്വയിൽ ഒപ്പിട്ടവരെല്ലാംതന്നെയെന്നതാണ് രസാവഹമായ സംഗതി.

അന്നത്തെ ഉലമാപ്രഭുക്കളായി അറിയപ്പെട്ടിരുന്ന മൗലവി അബ്ദുൽ ഹഖ് ഗസ്നവി, മൗലവി അബ്ദുൽ ജബ്ബാർ ഗസ്നവി, മൗലവി ഗുലാം മുഹമ്മദ് (ഇമാം, ശാഹിമ മസ്ജിദ്, ലാഹോർ), മുഫ്ത്തി മുഹമ്മദ് അബ്ദുല്ലാഹ് (പ്രൊഫസർ, ഓറിയന്റൽ കോളേജ്, ലാഹോർ), മൗലവി അബ്ദുൽ അസീസ് സാഹിബ് ലുധിയാനവി, മൗലവി അഹ്മദുല്ലാഹ് സാഹിബ് അമൃത്സരി തുടങ്ങി നിരവധി പേർ ഈ കിടുലൻ ഫത്വ നൽകിയവരുടെ പട്ടികയിലുണ്ട്. ആ ഫ്തവകളിൽ പണ്ഡിതകേസരികളായ ആ 'മാന്യന്മാർ' നിർലോഭം പ്രയോഗിച്ച ശകാരപദങ്ങളിൽ- ഈ പദങ്ങൾ സ്ഥിരമായി ഹുസൂറിനെതിരെ ഉപയോഗിച്ച് തഴക്കം വന്നവരാണവർ- കാഫിർ, മുബ്ആദി, സാൽ, മുസിൽ, മുഫ്ത്തരീ, കദ്ദാബ്, ദജ്ജാൽ തുടങ്ങിയവ ഉൾപ്പെട്ടിരുന്നു. അറബിഭാഷയിലെ ശകാരപദങ്ങളുടെ ഒരു നിഘണ്ടു രചിക്കുവാൻ ഇവർ എഴുതി പുറത്തിറക്കിയ ആ ഫത്വകളിലൂടെ

*പേജ് 34-ൽ*

ലേഖനം

അഡ്വ. ടി. നിസാർ അഹമദ്, കണ്ണൂർ

# തിരുമനസ്സിന്റെ തിരുമുമ്പിൽ-

## നാലാം ഖലീഫയുടെ ഓർമ്മകൾ

(തുടർച്ച)

**മീ**ശ വിറപ്പിച്ചുനില്ക്കുന്ന സിയാഉൽഹഖിന്റെ മൂക്കിന് മുന്നിലൂടെ സുസ്മേരവദനനായി വിമാനം കയറുന്ന ഹുസൂറിന്റെ ചിത്രം എന്റെ ഭാവനയിൽ മനസ്സുകൊണ്ട് ഞാൻ വരയ്ക്കവേ വിളിവന്നു. രണ്ട് ഗൺമാന്മാരുടെ അകമ്പടിയോടെ മൂന്ന് ഉഗാണ്ടൻവൃദ്ധരും അവർക്ക് പിറകിലായി ഞങ്ങൾ മൂന്ന് ഇന്ത്യൻ ചെറുപ്പക്കാരും കാലവും ചരിത്രവും തൊഴുതുനില്ക്കുന്ന ആ ചെറിയ മുറിയിലേക്ക് കയറി. ഒരായിരം വികാരങ്ങൾ എന്റെ ഹൃദയത്തിലും മുഖത്തും ഇരച്ചുകയറി. സർവ്വശക്തനായ അല്ലാഹുവിന്റെ പ്രിയങ്കരനായ ഖലീഫയെ ഞാൻ കണ്ണിമകളനയ്ക്കാതെ കണ്ടു. ആ തിരുസ്വരൂപം ഞാനങ്ങനെ നോക്കിനിന്നു. സ്ഥലകാലങ്ങളറിയാതെ ഏതോ മുജ്ജന്മബന്ധം പോലെ, ഒരാത്മദാഹത്തിന്റെ ഗീതികപോലെ, ഏതോ അജ്ഞാതവികാരം ഘനീഭവിച്ചപോലെ ഒരു കൽപ്രതിമയായി ഞാനങ്ങനെനിന്നു. സലാം ചൊല്ലാൻ ഓർത്തെങ്കിലും ശബ്ദം പുറത്തുവന്നില്ല. സൂര്യതേജസ്സ് പോലൊരു മുഖം മുന്നിൽ, വിശുദ്ധി വിരിയുന്ന നിറഞ്ഞചിരി. ജീവിച്ചിരിക്കുന്ന മനുഷ്യരിൽ ഏറ്റവും ഉത്തമനായ അല്ലാഹുവിന്റെ ഏറ്റവും പ്രിയങ്കരനായ,വിശ്വാസവിപ്ലവത്തിന്റെ നായകന്റെ മുമ്പിലാണ് ഞാൻ എന്ന സത്യം എന്റെ സിരാപടലങ്ങളെ ത്രസിപ്പിച്ചു. സ്ഥലകാലബോധം തിരിച്ചുകിട്ടുമ്പോൾ കണ്ടത് ആ മഹാനായ മനുഷ്യൻ ഒരു കൊച്ചുകുട്ടിയെപ്പോലെ കസേരയിൽനിന്നും ചാടിയെഴുന്നേറ്റ് ഉഗാണ്ടൻ സന്ദർശകരെ മാറോടണയ്ക്കുന്നതാണ്. അവരുടെ കണ്ണുകളിൽനിന്നും പൊഴിഞ്ഞുവീണ സന്തോഷാശ്രുക്കൾ, ഹുസൂറിന്റെ വസ്ത്രങ്ങൾ നനയ്ക്കവേ കൊച്ചുകുട്ടികളെയെന്നപോലെ ഹുസൂർ അവരുടെ പുറത്തുതട്ടി ആശ്വസിപ്പിക്കുകയായിരുന്നു. വൃദ്ധരോട് കാണിച്ച ആ സ്നേഹവായ്പ് ഹുസൂർ ചെറുപ്പക്കാരായ ഞങ്ങളോട് കാണിക്കില്ല എന്ന് കരുതി ഇരിപ്പിടങ്ങളിലേക്ക് ഞങ്ങൾ മൂന്നുപേരും നീങ്ങവേ ആ സ്നേഹസാഗരത്തിന്റെ വെളുത്ത കരങ്ങൾ എന്റെ കരങ്ങൾ കൂട്ടിപ്പിടിച്ചു. രണ്ട് പതിറ്റാണ്ടിനുശേഷം ഇന്നും ആ ദിവ്യമായ സ്പർശനത്തിന്റെ രോമാഞ്ചം എന്റെ ശരീരത്തിന്റെ രോമകൂപങ്ങളിൽ ഈ നിമിഷങ്ങളിലും അന്നത്തേതുപോലെ ത്രസിച്ചുനില്ക്കുന്നു. എന്നെ മാറോട് ചേർത്ത് അദ്ദേഹം ആശ്ലേഷിച്ചപ്പോൾ കരച്ചിലടക്കാൻ കഴിഞ്ഞില്ല. അല്ലാഹുവിന്റെ ഖലീഫ എന്നെപ്പോലൊരു നിസ്സാരനെ കെട്ടിപ്പിടിക്കുന്ന അനുഭവം ഞാൻ സ്വപ്നത്തിൽപോലും കണ്ടിട്ടില്ല. അങ്ങനെ ആഗ്രഹിക്കാൻ പോലുമുള്ള യോഗ്യതയില്ലായിരുന്നു. ആ മാറിലമർന്ന് വിതുമ്പിപ്പോയ എന്റെ പുറത്ത് ആ പരിശുദ്ധകരങ്ങളുടെ സാന്ത്വനസ്പർശമേറ്റപ്പോൾ ഉടലോടെ സ്വർഗ്ഗത്തിലെത്തിയെന്ന് എനിക്ക് തോന്നി.

അനഹ്മദികളായതുകൊണ്ട് എന്റെ സുഹൃത്തുക്കളെ ഹുസൂർ ഇതുപോലെ ആലിംഗനം ചെയ്യില്ല എന്ന് ഒരുവേള സംശയിച്ചു. എന്നാൽ, എന്നെയും സ്നേഹിതരെയും സ്തബ്ധരാക്കിക്കൊണ്ട് ഹുസൂർ അവരെയും ഹസ്താദാനം നടത്തി ആലിംഗനം ചെയ്തു. അപ്പോൾ ഞാനവരുടെ മുഖങ്ങളിലേക്ക് മാറിമാറി നോക്കി. ''ഇവന്റെ മൊയിലാക്കയെ'' കാണാൻ കൂടെവന്ന സുഹൃത്തുക്കൾ പക്ഷെ എന്നെക്കാൾ ഉച്ചത്തിൽ കരയുകയായിരുന്നു. എന്റെ നിശ്ശബ്ദമായ ഗദ്ഗദത്തിന് പകരം അവർ ഇരുവരും ഏങ്ങലടിക്കുകയായിരുന്നു. ഇതൊക്കെ കണ്ടുകൊണ്ടിരുന്ന ഉഗാണ്ടൻ സഹോദരന്മാർ അകലെ നിന്ന് കണ്ണീരൊപ്പുകയായിരുന്നു. എന്റെ സ്നേഹിതരുടെ ഏങ്ങലടികളിൽനിന്നും അവരുടെ കണ്ണിൽ വിരിഞ്ഞുനില്ക്കുന്ന ആരാധനാഭാവത്തിൽനിന്നും എനിക്ക് ബോധ്യമായി അവർ നിസ്സാരമായി കാണാൻ വന്ന വെറുമൊരു മൊയിലാക്ക"യല്ല ഇവരുടെ മുമ്പിൽനിന്ന് സ്നോഹദാനം നടത്തുന്ന ആ വിശുദ്ധിയുടെ പ്രതീകമെന്ന് അവർ തിരിച്ചറിഞ്ഞുകഴിഞ്ഞുവെന്ന്.

തിരുമനസ്സിന്റെ തിരുമുമ്പിൽ ഒഴിഞ്ഞ കസേരകളിലിരിക്കാൻ ആർക്കും കഴിഞ്ഞില്ല. ആ മഹാത്മാവിന്റെ മുമ്പിലിരിക്കാൻ സത്യത്തിൽ കരുത്തില്ലായിരുന്നു. പക്ഷേ ഞങ്ങളുടെ മനസ്സ് വായിച്ചറിഞ്ഞ ഹുസൂർതന്നെ ഉഗാണ്ടൻ സന്ദർശകരെ ബലമായി പിടിച്ചിരുത്തി. എന്നിട്ട് ഞങ്ങളുടെ നേരെ തിരിഞ്ഞു അറിയാതെ സ്വപ്നാടനത്തിലെന്നപോലെ ഞങ്ങളും ഇരുന്നു, അല്ല ഇരുന്നുപോയി. ഹുസൂർ അതിനുശേഷമാണ് കസേരയിലിരുന്നത്. മുഖത്തോട് മുഖം നോക്കിയിരിക്കാനേ എനിക്കും കൂട്ടുകാർക്കും ധൈര്യം വന്നുള്ളൂ. പക്ഷെ ആ സ്നേഹവാരിധി തന്റെ നിർമ്മലഹൃദയം തുറന്നു. കൂട്ടുകാരോടെന്നപോലെ തമാശകളിലായിരുന്നു തുടക്കം. സംഗീതം പൊഴിയുന്ന ആ മധുരശബ്ദം ഇന്നുമെന്റെ കാതുകളിൽ മാറ്റൊലി കൊള്ളുന്നുണ്ട്. “You have forgotten to greet me with salam in

reply to my salam (ഞാൻ സലാം ചൊല്ലിയിട്ടും തിരിച്ച് സലാം ചൊല്ലി അഭിവാദ്യം ചെയ്യാൻ നിങ്ങൾ മറന്നു)– അതായിരുന്നു തിരുമനസ്സിൽനിന്ന് ഞങ്ങൾ കേട്ട ആദ്യത്തെ വാക്കുകൾ. എനിക്ക് വല്ലാത്തകുറ്റബോധം തോന്നി. ഹുസൂർ സലാം ചൊല്ലിയതോ എന്തെങ്കിലും സംസാരിച്ചതോ ഒന്നും അതുവരെ ഞാൻ കേട്ടിരുന്നില്ല. പവിത്രമായ ആ ദർശനത്തിന്റെ സ്വപ്നാടനത്തിലായിരുന്നല്ലോ ഞാൻ. ആ തെറ്റ് തിരുത്താൻ ഞാൻ 'അസ്സലാമുഅലൈക്കും' എന്ന് പറയാൻ ശ്രമിച്ചെങ്കിലും അപ്പോഴും വരണ്ടുപോയ കണ്ഠനാളം ശബ്ദത്തെ പുറത്തുവിട്ടില്ല. കൂട്ടുകാരനെ കളിയാക്കുന്ന ലാഘവത്തോടെ ഹുസൂറിന്റെ അടുത്ത വാക്കുകൾ.....OK, come on my boys, tell me about you ( സാരമില്ല, ഇനി നിങ്ങൾ കുട്ടികൾ നിങ്ങളെക്കുറിച്ച് പറയൂ). ഒരു ചരിത്രപുരുഷൻ നിസ്സന്മാരായ ചെറുപ്പക്കാരോട് ഇങ്ങനെയാണ് സംസാരിക്കുക എന്നറിയാതിരുന്ന അങ്കലാപ്പിലായിരുന്നു അപ്പോഴും ഞാൻ. വാക്കുകളേക്കാൾ മധുരമായ മന്ദഹാസം അപ്പോഴും ആ മുഖത്ത് നിറഞ്ഞുനിന്നിരുന്നു. ആ മൃദുഹാസം ഒരു ധൈര്യപ്പെടുത്തൽ കൂടിയാണെന്ന് എനിക്കുതോന്നി.

അല്ലാഹുവിനെ വിളിച്ചുകൊണ്ട് എന്റെ മനസ്സ് മന്ത്രിച്ചു, റബ്ബേ, നിന്റെ പ്രതിപുരുഷനോട് സംസാരിക്കാനുള്ള ശക്തി തരണേ എന്ന്. നിരവധി രാഷ്ട്രീയ നേതാക്കളോടും അഭിഭാഷകസിംഹങ്ങളോടും ന്യായാധിപപ്രതിഭകളോടും ഒരു നിമിഷത്തിന്റെ അങ്കലാപ്പോലുമില്ലാതെ ചങ്കൂറ്റത്തോടെ നിവർന്നുനിന്ന് സംസാരിച്ച് ശീലിച്ച എന്റെ നാക്കിന് എന്തുപറ്റിയെന്നായിരുന്നു ചിന്ത. നിഷ്ക്കളങ്കനായ വെറുമൊരു കൊച്ചുകുട്ടിയുടെ മൃദുലമായ സ്നേഹഭാവങ്ങൾ മാത്രം നോക്കിലും വാക്കിലും കാണിച്ച ഈ ശാന്തിദൂതന്റെ മുമ്പിൽ വാക്കുകൾ പുറത്തുവരുന്നില്ല. എങ്കിലും വളരെ പണിപ്പെട്ട് ഞാൻ സംസാരിച്ചു. വിക്കിവിക്കിക്കൊണ്ടായിരുന്നു വാക്കുകൾ പുറത്തുവന്നത്. ആദ്യം എന്റെ പേര് പറഞ്ഞു. എന്നിട്ടുടനെ കൂട്ടിച്ചേർത്തു. "ഞാൻ അഹ്മദിയാണ്. എന്റെ രണ്ട് കൂട്ടുകാരും അനഹ്മദി മുസ്ലിംകളാണ്." അത് ഞാൻ വെളിപ്പെടുത്തിയില്ലെങ്കിൽ ഒരുപക്ഷേ, ഹുസൂർ ഞങ്ങളെ മൂന്നുപേരേയും അഹ്മദികളായി കരുതുമോ എന്ന് ഭയന്നായിരുന്നു അങ്ങനെ പറഞ്ഞത്. അതു കേൾക്കേണ്ടതാമസം ഒരു തമാശകേട്ടതുപോലെ ഹുസൂർ ചിരിച്ചു. ചിരി നിർത്താനാവാതെ കുലുങ്ങിച്ചിരിച്ചു. ഭാഷയറിയാത്ത ഉഗാണ്ടൻ സഹോദരങ്ങളും എന്റെ കൂട്ടുകാരും ആ ചിരിയിൽ പങ്കുചേർന്നു. എനിക്ക് പക്ഷേ വല്ലാത്ത ചമ്മലായിരുന്നു. ഹുസൂറിന്റെ അടുത്ത വാക്കുകൾ പക്ഷേ, ദൃഢസ്വരത്തിലായിരുന്നു. "When all are equal before the Almighty, why should I treat it like that." (സർവ്വശക്തനായ അല്ലാഹുവിന്റെ മുമ്പിൽ എല്ലാവരും തുല്യരായിരിക്കേ ഞാനെന്തിന് അത് (ആ വ്യത്യാസം) കണക്കിലെടുക്കണം). ആ വാക്കുകൾ എന്നെ സാന്ത്വനിപ്പിച്ചു. എന്റെ സുഹൃത്തുക്കളുടെ മനസ്സിൽ കുളിര് കോരിയിട്ടു. എങ്കിലും എന്റെ ചമ്മൽ കൂടുകയായിരുന്നു. അരുതാത്തതാണ് ഞാൻ പറഞ്ഞതെന്ന ഒരു തോന്നൽ.

പെട്ടെന്ന് ഹുസൂറിന്റെ ശബ്ദത്തിന് വീണ്ടും ആദ്യത്തെ തമാശയുടെ ലാളിത്യം– (നിങ്ങളിലാരാണ് വിവാഹിതർ?) ഞാൻ മാത്രമാണ് വിവാഹിതനെന്ന് പറഞ്ഞു. ഉടനെ മേശയുടെ വലിപ്പിൽനിന്നും കാഡ്ബറീസിന്റെ വലിയ രണ്ട് ചോക്കലേറ്റുകൾ എടുത്ത് എന്റെ സുഹൃത്തുക്കളിൽ ഓരോരുത്തർക്കും കൊടുത്തു. മൂന്ന് ബിസ്ക്കറ്റ് പാക്കറ്റുകൾ അതുപോലെ എടുത്ത് ഉഗാണ്ടൻ പ്രതിനിധികൾക്കും കൊടുത്തു. എനിക്ക് ഒന്നും തന്നില്ല. എന്നിട്ട് പറഞ്ഞു: "for me all married are adults and those unmarried only kids for whom I give sweets." (എനിക്ക് വിവാഹിതരെല്ലാം മുതിർന്നവരും അവിവാഹിതർ ചെറിയ കുഞ്ഞുങ്ങളുമാണ്. അവർക്ക് ഞാൻ മിഠായി കൊടുക്കും) അപ്പോൾ ഞാൻ ഉഗാണ്ടൻ വൃദ്ധരെ നോക്കി. അവർ ഹുസൂർ കൊടുത്ത ബിസ്ക്കറ്റ് പായ്ക്കറ്റുകൾ നിധിപോലെ നെഞ്ചോട് ചേർത്ത് പിടിച്ചിരുന്നു. ഹുസൂറും അവരെ നോക്കിയശേഷം ഞാൻ ചിന്തിച്ചത് മനസ്സിലാക്കിയത്പോലെ പറഞ്ഞു: "They are too much kids. You know they don't even talk, rather they can't." (അവർ തീരെ ചെറിയ കുഞ്ഞുങ്ങളാണ്, നിങ്ങൾ കാണുന്നില്ലേ അവർ സംസാരിക്കുന്നുപോലുമില്ല. അല്ല അവർക്ക് സംസാരിക്കാനാവുന്നില്ല.) മനുഷ്യമനസ്സുകളുടെ ദ്രുതവികാരങ്ങൾപോലും അല്ലാഹുവുമായുള്ള ദിവ്യമായ ബന്ധംകൊണ്ട് അറിയാൻ തനിക്ക് കഴിയുമെന്ന്, അതെത്രമാത്രം ആഴത്തിലുള്ള അറിവാണെന്ന്, വെറും തമാശയിൽ പൊതിഞ്ഞ വാക്കുകളിലൂടെ കാലത്തിന്റെ ആ മഹാനായകൻ പറയാതെ പറഞ്ഞു.

അതിനുശേഷം ഹുസൂർ ഞങ്ങൾ മൂന്നുപേരോടും ജോലിയും മറ്റും ചോദിച്ചു. എല്ലാവർക്കും വേണ്ടി ഞാൻ തന്നെ ഞങ്ങളെപ്പറ്റി ചുരുക്കിപ്പറഞ്ഞു. അക്കൂട്ടത്തിൽ എന്റെ പിതാവ് ഖാദിയാനിലുണ്ടായിരുന്നതും അന്ന് ഹുസൂറിനെ പരിചയമുണ്ടായിരുന്നതുംകൂടി ഒറ്റ ശ്വാസത്തിൽ പറഞ്ഞു. ഓർമ്മകളിൽ ഖാദിയാനിലെ നഷ്ടവസന്തങ്ങൾ തിരയുന്നത് ഹുസൂറിന്റെ മുഖത്ത് കാണാമായിരുന്നു. എന്റെ പിതാവിനെ അന്ന് ഖാദിയാനിൽ 'മാസ്റ്റർജി' എന്നായിരുന്നു വിളിച്ചിരുന്നത് എന്ന് ഞാൻ പറഞ്ഞപ്പോൾ ഹുസൂർ മെല്ലെ മന്ത്രിക്കുന്നുണ്ടായിരുന്നു, മാസ്റ്റർജി എന്ന്. വിസ്മൃതിയിൽ നിന്നും ഏതോ ദൃശ്യങ്ങൾ ചികഞ്ഞെടുത്തപോലെ ഉടനെ പറഞ്ഞു: "മാസ്റ്റർജിയോട് എന്റെ സലാം പറയണം. എനിക്കുവേണ്ടി ദുആ ചെയ്യാൻ പറയണം.

ഞാൻ ആളെ ഓർത്തെടുത്തു എന്നറിയിക്കണം."

സത്യത്തിൽ അത്രയും നേരം ഹുസൂറിന്റെ മുമ്പിൽ ഇരുന്നശേഷം ഇനി വേറെയൊന്നും പറയാൻ എനിക്കുണ്ടായിരുന്നില്ല. മാത്രമല്ല സന്ദർശനസമയം പതുക്കെ തീർന്നുവരികയുമാണ്. ഹുസൂറിന്റെ മുമ്പിൽ പാലിക്കേണ്ട ചിട്ടവട്ടങ്ങൾ സ്റ്റാഫ് പറഞ്ഞുപഠിപ്പിച്ചത് ഞാനോർക്കുകയും ചെയ്തു. അത് കാരണം ഹുസൂറിനെത്തന്നെ നോക്കിയിരുന്ന് ആ അസുലഭനിമിഷങ്ങൾ ആസ്വദിക്കാനാണ് തോന്നിയത്. പക്ഷേ, ഹുസൂർ വാചാലനാവുകയായിരുന്നു. അപ്രതീക്ഷിതമായി അദ്ദേഹം ഒരു വലിയ ചോദ്യം ചോദിച്ചു: "You know why communism is deeply rooted in Kerala?" (എന്തുകൊണ്ടാണ് കമ്മ്യൂണിസം കേരളത്തിൽ ആഴത്തിൽ വേരൂന്നിയത് എന്ന് നിങ്ങൾക്കറിയാമോ?) ഞങ്ങൾ അതിന് ഉത്തരം പറയാൻ അശക്തരായിരുന്നു. ഞങ്ങൾക്കറിയുന്ന ഉത്തരം തികച്ചും അപര്യാപ്തമാകുമായിരുന്നുവെന്ന് ഹുസൂറിന്റെ അടുത്തവാക്കുകൾ തെളിയിച്ചു. അദ്ദേഹം തുടർന്നു. "ഒരു കാരണം നെഗറ്റീവും മറ്റൊന്ന് പൊസിറ്റീവുമാണ്. നെഗറ്റീവായ കാരണം വളരെയെളുപ്പത്തിൽ മനുഷ്യനെ ആകർഷിക്കുന്ന മുദ്രാവാക്യങ്ങളും ദൈവത്തിനും മതത്തിനുമാണ് അനീതികളുടെ ഉത്തരവാദിത്തം എന്ന നയപരിപാടിയുമാണ്. പൊസിറ്റീവായ കാരണം അല്ലാഹുവിന്റെ വഴിയിൽ നബി(സ.അ) ചെയ്തുകാണിച്ച സാമൂഹ്യ നീതിയിലധിഷ്ഠിതമായ സാമൂഹ്യപ്രവർത്തനങ്ങൾ ഏറ്റവും ഭംഗിയായി കമ്മ്യൂണിസ്റ്റുകാർ കേരളത്തിൽ ചെയ്തുവന്നു. ഇതിൽ നിന്നും മതങ്ങൾ പ്രത്യേകിച്ച് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഒരുപാട് കാര്യങ്ങൾ പഠിക്കാനുണ്ട്.' ഇതായിരുന്നു ഹുസൂറിന്റെ വിശദീകരണം. ഞാനോർത്തുപോയി, എത്രയെത്ര കമ്മ്യൂണിസ്റ്റ് വിരുദ്ധാശയങ്ങളും പ്രഭാഷണങ്ങളും ഗ്രന്ഥങ്ങളും നയപരിപാടികൾ പോലും എന്നെപ്പോലുള്ള മലയാളികൾ അടുത്തറിഞ്ഞിട്ടുണ്ട്. പക്ഷേ, ഇത്രയും ലളിതമായി ഒരു മഹാസമസ്യയുടെ വിശകലനം ഒരുപക്ഷേ ആരും ഇതിന് മുമ്പ് നടത്തിയിട്ടുണ്ടാവില്ല.

തന്റെയുള്ളിലെ അറിവിന്റെ ഒരു കൊച്ചിശിഖരംമാത്രമാണതെന്ന് ആ വാക്കുകൾ സൂചിപ്പിച്ചു. അന്ന് ഹുസൂറിന്റെ പ്രഖ്യാതമായ 'Revelation, Rationality, Knowledge & Truth' എന്ന ബൃഹത്ഗ്രന്ഥം പുറത്തുവന്നിരുന്നില്ല. വിശ്വസാഹിത്യത്തിനുതന്നെ മുതൽക്കൂട്ടായ ആ മഹത്ഗ്രന്ഥത്തിൽ വിശുദ്ധഖുർആനെ ആസ്പദമാക്കി പ്രപഞ്ചോൽപത്തി മുതലുള്ള വിവിധ ശാസ്ത്രതത്ത്വങ്ങൾ, നിരവധി ഗോത്ര-ജനവിഭാഗങ്ങൾ, ജീവജാലസ്വഭാവങ്ങൾ,തത്ത്വശാസ്ത്രങ്ങൾ, പ്രവാചകന്മാർ, മതങ്ങൾ, രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ, ചരിത്രാതീതകാലം തൊട്ട് ആധുനികയുഗംവരെ എത്തിനില്ക്കുന്ന ശാസ്ത്രത്തിന്റെയും ടെക്നോളജിയുടെയും വളർച്ച, മനശ്ശാസ്ത്രം- തുടങ്ങി എത്രയെത്ര ഗവേഷണസത്യങ്ങളാണ് ഹുസൂർ എഴുതിയിട്ടുള്ളത് എന്ന് പണ്ഡിതലോകം അത്ഭുതപ്പെടുമ്പോൾ എനിക്ക് അന്ന് കൊച്ചുകൊച്ചു വാക്കുകളിൽ ഹുസൂർ പ്രകടിപ്പിച്ച അറിവിന്റെ ആഴങ്ങളാണ് ഓർമ്മയിലെത്തിയത്. ഒരു സെക്കന്റിൽ ഒരായിരം കാര്യങ്ങൾ ഓർമ്മിച്ചെടുക്കുകയും ഒരു നിമിഷത്തിൽ ഒരു നൂറ് കാര്യങ്ങൾ ചുരുക്കിപ്പറയുകയും ചെയ്യുന്ന ഹുസൂറിന്റെ ശീലം അല്ലാഹു തന്റെ ഖലീഫക്ക് മാത്രം നല്കിയ അനുഗ്രഹമാണെന്ന് എനിക്ക് തോന്നി.

"നമുക്ക് മാറ്റേണ്ടത് മതങ്ങളെയോ പ്രത്യയശാസ്ത്രങ്ങളെയോ അല്ല, മനുഷ്യന്റെ മനസ്സിനെയാണ്. അതിന് ഖുർആൻ മാത്രം മതി. എന്തുകൊണ്ട് നമുക്കതിന് കഴിയുന്നില്ല എന്ന് ചോദിച്ചാൽ നമുക്ക് ആ കഴിവ് അല്ലാഹു നല്കിയിട്ടില്ല എന്നാണ് അതിന്റെ ഉത്തരം. ആ കഴിവ് ലഭിക്കുന്നതിനുള്ള ഇബാദത്ത് ആയിരിക്കണം നമ്മുടെ ജീവിതം. പ്രവാചകന്മാർക്ക് ആ കഴിവ് ലഭിച്ചത് അങ്ങനെയാണ്-' ഇത്രയുമായിരുന്നു ഹുസൂറിന്റെ അടുത്ത വാചകങ്ങൾ. ഈ ഓരോ വാക്കിലുമടങ്ങിയ പ്രത്യയശാസ്ത്രത്തിന്റെ ആഴങ്ങൾ വർഷങ്ങൾക്കുശേഷം 'റെവലേഷൻ' എന്ന മഹത് ഗ്രന്ഥം വായിച്ചപ്പോഴാണ് എനിക്ക് ബോധ്യമായത്. പണ്ഡിതന്മാർക്ക് മാത്രമറിയാവുന്ന ആശയങ്ങൾ ഹുസൂർ സാധാരണക്കാരന് മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞുതരികയാണ്. അന്ന് ഞങ്ങളോട് നാവുകൊണ്ടും പിന്നീട് എത്രയോ ഖുത്ബകളിലൂടെയും പ്രഭാഷണങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും മേൽ പറഞ്ഞ ബൃഹദ്ഗ്രന്ഥത്തിലൂടെയും.

അന്ന് സിയാഉൽഹഖിന്റെ ദുരന്തവും മുബാഹലയുടെ കൗതുകവും നിറഞ്ഞുനിന്ന കാലമായിരുന്നു. രണ്ടും ഞാൻ ചോദിച്ചു. സിയായുടെ ദുരന്തത്തെ അദ്ദേഹം അവഗണിച്ചു. പക്ഷേ,മുബാഹലയെക്കുറിച്ച് പറഞ്ഞു: "Tell my brothers in your local Jamaath that Thahir Ahmed is not a magician and not performing any magic by Mubahala. (നിങ്ങൾ നിങ്ങളുടെ പ്രാദേശികജമാഅത്തിലെ എന്റെ സഹോദരങ്ങളോട് പറയുക, താഹിർ അഹ്മദ് ഒരു മാജിക്കുകാരനല്ല, മുബാഹലയിലൂടെ ഒരു മാജിക്കും കാണിക്കുന്നില്ല എന്ന്). മുബാഹല ഒരു പ്രാർത്ഥനയാണെന്നും അത് ഏറ്റവും ആത്മാർത്ഥമായി നിർവ്വഹിക്കേണ്ടതാണെന്നും എല്ലാ സത്യസന്ധമായ ഇബാദത്തും പോലെ അല്ലാഹു മുബാഹലയോടും പ്രതികരിക്കുമെന്നും ഹുസൂർ വിശദീകരിച്ചു. കേരളത്തിലോ ഇന്ത്യയിലോ പാക്കിസ്ഥാനിലോ ഒരു നിശ്ചിത തിയ്യതി ഖലീഫ പ്രഖ്യാപിക്കുകയും അതിനിടയിൽ എന്തെല്ലാമോ സംഭവിക്കുമെന്നു പ്രവചിക്കുകയും ചെയ്യുന്ന ഏർപ്പാടാണ് മുബാഹലയെന്ന് എങ്ങനെയോ ഒരു പ്രചരണമുണ്ടായതായി താൻ മനസ്സിലാക്കിയെന്നും ചുരുങ്ങിയപക്ഷം നമ്മുടെ ജമാ

അത്ത് അംഗങ്ങളെങ്കിലും അത്തരം തെറ്റിദ്ധാരണകൾ കൊണ്ടുനടക്കരുതെന്നും അദ്ദേഹം പറഞ്ഞു. മാത്ര മല്ല ഇത്രയും കാര്യങ്ങൾ അദ്ദേഹത്തിന്റെ സന്ദേശ മായി കണ്ണൂർ ജമാഅത്തിലെ സഹോദരങ്ങളോട് പറ യണമെന്നും ഹുസൂർ എന്നോട് പറഞ്ഞു. മറ്റെന്ത് പറ യണമെന്ന് ഞാൻ സവിനയം ചോദിച്ചപ്പോൾ അതു വരെയുള്ള ഗൗരവം ഹുസൂർ ഉപേക്ഷിച്ചു. വീണ്ടും പഴയതുപോലെ ഒരുകൊച്ചുകുട്ടിയായി, കസേര യിൽനിന്നും എഴുന്നേറ്റ് മുറിയിൽ നടന്നുകൊണ്ട് പറഞ്ഞു: "What else? All of them in your Jamath are in my mind. Everyday I meet them and talk to them. You enquire whether my brothers also do the same." (വേ റെന്ത് പറയാൻ! നിങ്ങളുടെ ജമാഅത്തിലെ എല്ലാവരും എന്റെ മനസ്സിലുണ്ട്. ദിവസവും ഞാനവരെ കാണു ന്നു, അവരോട് സംസാരിക്കുന്നു. എന്റെ ആ സഹോ ദരങ്ങളും അങ്ങനെ ചെയ്യാറുണ്ടോ എന്ന് നിങ്ങൾ അന്വേഷിക്കണം.)

ഹുസൂർ വീണ്ടും കസേരയിലിരുന്നു. എന്തോ മറ ന്നത് ഓർത്തെടുത്തപോലെ അദ്ദേഹം പറഞ്ഞു: "ഈ വർഷം ഞാൻ ഖാദിയാനിൽ വരാൻ ആഗ്രഹിക്കുന്നു. അല്ലാഹു അതിന് അനുഗ്രഹിക്കട്ടെ. നിങ്ങളുടെ ജമാ അത്തിൽ ആ കാര്യം പറയുക. പിന്നൊരു കാര്യം. ലണ്ടനിൽ ആരോടും ഞാനിത് പറഞ്ഞിട്ടില്ല. അതിന് കാരണമുണ്ട്. ഇപ്പോൾതന്നെ ഞാനൊരു മഹാരോഗി യാണെന്നനിലയിലാണ് എന്റെ വീട്ടുകാരും സ്റ്റാഫും എന്നെ നോക്കുന്നത്. ഇടംവലം തിരിയാൻ സമ്മതി ക്കുന്നില്ല. ദീർഘയാത്രകൾ ഇവർ സമ്മതിക്കുന്നേയി ല്ല. അതുകൊണ്ട് ഞാൻ മെല്ലെ എല്ലാം ശരിയാക്കി ഖാദിയാനിൽവരും.'' ഖാദിയാനും ഇന്ത്യയും അദ്ദേഹ ത്തിന്റെ ഗൃഹാതുരമായ വേദനയാണെന്ന് ആ വാക്കു കൾ വെളിപ്പെടുത്തി. ഹുസൂറിനോട് അദ്ദേഹത്തിന്റെ സ്റ്റാഫിനുള്ള ബന്ധവും അദ്ദേഹം അവരോട് ഇടപഴ കുന്നതും ആ വാക്കുകളിൽനിന്ന് വ്യക്തമായിരുന്നു. ഒരുപക്ഷേ അദ്ദേഹം ഖാദിയാനിൽ വരുമെന്ന് ആദ്യ മറിയുന്നവരിൽ ഒന്ന് ഞാനായിരുന്നിരിക്കണം. നിഷ്ക്ക ളങ്കനായൊരു കുട്ടിയുടെ ആഗ്രഹപ്രകടനമായിട്ടാണ് ആ വാക്കുകൾ എന്റെ മനസ്സിൽ പതിച്ചത്.

ഇതിനിടയിൽ സന്ദർശനസമയം കടന്നുകഴിഞ്ഞി രുന്നു. സന്ദർശനസമയം അനുവദിച്ചുകിട്ടിയ ഉഗാ ണ്ടൻ പ്രതിനിധികൾ ഈ സമയമത്രയും ഹുസൂറിനെ കണ്ണിമകളനക്കാതെ ശ്രദ്ധാപൂർവ്വം നോക്കിയിരിക്കു കയായിരുന്നു. അവർക്ക് ഒന്നും സംസാരിക്കാനാവുമായി രുന്നില്ലല്ലോ. അവർക്ക് ഞങ്ങളോട് എന്തെന്നില്ലാത്ത സ്നേഹംതോന്നി. ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നി ല്ലെങ്കിൽ നിമിഷനേരംകൊണ്ട് ഹുസൂറിനെ കണ്ട് അവർ തിരിച്ചുപോവേണ്ടിവരുമായിരുന്നല്ലോ.

സംസാരിക്കുന്നതിനിടയിൽ ഹുസൂറിന് ഇന്റർകോ മിൽ ഒരു സന്ദേശം വന്നു. സ്റ്റാഫംഗമായിരുന്നു വിളി ച്ചത്. ആ സമയത്തെ മരുന്ന് കഴിക്കാനുള്ള ഓർമ്മ പ്പെടുത്തലായിരുന്നു അത്. ഉടനെ മേശവലിപ്പിൽ നിന്നും ഗുളികയെടുത്ത് ഹുസൂർ കഴിച്ചു. എന്നിട്ട് ഞങ്ങളെ നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞു: ''ഇനിയും ഞാൻ മരുന്ന് കഴിച്ചോ എന്ന് പരിശോധനയുണ്ടാകും. ഇപ്പോൾ ഞാൻ മരുന്ന് കഴിച്ചതിന് നിങ്ങളാണ് സാക്ഷി.'' ●

---

*പേജ് 32-ൽ നിന്ന്*

ഒന്നു കണ്ണോടിച്ചാൽ മാത്രം മതിയാകും.

മൗലവി ബട്ടാലവിയുടെ ഗുരുനാഥനും, വന്ദ്യവ യോധികനുമായ 'ശേഖുൽകുൽ' നദീർ ഹുസൈൻ സാഹിബ് ദഹ്‌ലവി എഴുതി നൽകിയ ഫത്‌വ കുറേ ക്കൂടി ഉന്നതമായിരുന്നു. അതിതാണ്,

'ചോദ്യത്തിൽ പറഞ്ഞ വ്യക്തി മഹാകള്ളനും, വഴി പിഴച്ചവനും, പിഴപ്പിക്കുന്നവനും, അഹ്‌ലുസുന്നത്തുവൽ ജമാഅത്തിൽനിന്നു പുറത്തായവനും ആകുന്നു.'

ഈ 'മനോഹര' ഫത്‌വകളെല്ലാം ശേഖരിച്ച് ഹുസൂർ തിരുമനസ്സിന്റെ ശിഷ്യനായ ഡോക്ടർ മുഹ മ്മദ് ഇസ്മായിൽ സാഹിബ് തന്റെ ഗുരുനാഥനെ ഏൽപ്പിച്ചു. ഫത്‌വകളെല്ലാം കൈയിൽ വന്നപ്പോൾ ഹുസൂർ 1899 ജനുവരി മൂന്നാം തിയ്യതി ഒരു വിജ്ഞാ പനം വഴി അവയൊക്കെ പ്രസിദ്ധപ്പെടുത്തി. വിജ്ഞാ പനം വായിച്ച എല്ലാവരും അമ്പരന്നു. മൗലവി ബട്ടാ ലവി ഞെട്ടിത്തെറിച്ചു. മിർസാ സഹാബിനുമേൽ കുഫ്റ് ഫത്‌വ പുറപ്പെടുവിച്ച മഹാപണ്ഡിതന്മാരെല്ലാം തന്റെമേൽ കുഫ്റ് ചൊരിഞ്ഞിരിക്കുന്നു. ഓർക്കാപ്പു റത്തേറ്റ ഈ വൻപ്രഹരം മൗലവി ബട്ടാലവിയെ ആകെ തകർത്തുകളഞ്ഞു.

തങ്ങൾ ഫത്‌വ പുറപ്പെടുവിച്ചത് മൗലവി ബട്ടാല വിയെക്കുറിച്ചാണെന്നറിഞ്ഞപ്പോൾ ആ ഉന്നത പണ്ഡി തന്മാർക്കൊന്നടങ്കം ജാള്യതയും അന്ധാളിപ്പും ഉണ്ടാ യി. അവരാകെ പരിഭ്രാന്തരാവുകയും തങ്ങൾ മിർസാ സാഹിബിനെ ഉദ്ദേശിച്ചാണ് ഫത്‌വ നൽകിയതെന്ന് അവരിൽ ചിലർ പ്രസ്താവനകളിറക്കുകയും ചെയ്തു. സംഗതികൾ ശരിക്കറിയാതെയാണ് തങ്ങൾ അഭി പ്രായം പറഞ്ഞതെന്നായി മറ്റു ചിലർ. ആൾക്കല്ല, ചോദ്യത്തിനാണ് മറുപടി നൽകിയതെന്ന് വേറെ ചിലർ. തങ്ങളുടെ മുഖം രക്ഷിക്കാനാവാതെ ആ പണ്ഡിതശിരോമണികൾ ഓരോരോ കാരണം കണ്ടെ ത്താൻ പരക്കം പാഞ്ഞു. ഏതുവിധത്തിലായാലും ഹുസൂറിന്റെ പ്രവചനം പൂർത്തയാവുകയും, മൗലവി ബട്ടാലവിയെ അല്ലാഹു അപമാനത്തിന്റെ അഗാധത യിലേക്ക് ആഴ്ത്തിക്കളയുകയും ചെയ്തു. ഇവിടെയും ഉദാത്തമായ ഒരു ദൈവികദൃഷ്ടാന്തം അക്ഷരംപ്രതി പുലരുകയായിരുന്നു. ●

ലേഖനം

ശർമീന ആശിഖ്, കൂടാളി

# ചരിത്രം ഉറങ്ങികിടക്കുന്ന സലാല

പ്രകൃതി രമണീയതയിൽ കേരളത്തെ ഓർമ്മിപ്പിക്കുന്ന ഒരു പ്രദേശമാണ് "സലാല''

ഒമാനിന്റെ തലസ്ഥാനമായ മസ്കറ്റിൽനിന്നും ഏകദേശം 1030 ദൂരെയായാണ് ഈ പട്ടണം സ്ഥിതിചെയ്യുന്നത്. ഭൂമിശാസ്ത്രപരമായി നോക്കുകയാണെങ്കിൽ നമ്മുടെ കേരളവുമായി വളരെയടുത്ത്. ഇവിടുത്തെ പ്രകൃതി ഭംഗിയേക്കാളും, പ്രൗഢിയേക്കാളും എന്നെ ആകർഷിച്ചത് ഇവിടുത്തെ മണ്ണിൽ ഉറങ്ങികിടക്കുന്ന ചരിത്രസത്യങ്ങളാണ്.

നിരവധി വർഷങ്ങൾക്ക് മുമ്പേ ഒരു ജനത ജീവിച്ചതിന്റെ അവശിഷ്ടങ്ങൾ ഒരോർമ്മയായി ഇന്നിവിടെ അവശേഷിക്കുന്നു. പട്ടണം വിട്ട് ഏകദേശം 4 കി.മീറ്റർ ചുറ്റളവിൽ ചുറ്റപ്പെട്ടുകിടക്കുന്ന ഈ പ്രദേശം ഇവിടുത്തെ സർക്കാർ ഏറ്റെടുത്ത് ഒരു മ്യൂസിയമാക്കി മാറ്റിയിരിക്കുകയാണ്. ഇവിടം ഒരുപാട് വിദേശികളെ ആകർഷിക്കുന്നു. ഏതൊരു സംസ്കാരത്തിനും കടലിന്റെ കഥ പറയാനുള്ളതുപോലെ ഈയൊരു സംസ്കാരത്തിനും കടലിന്റെ കഥ തന്നെയാണ് പറയാനുള്ളത്. അനേകം വർഷങ്ങൾക്ക് മുമ്പേ ആധുനിക സൗകര്യങ്ങളെ ഓർമ്മിപ്പിക്കുംവിധമുള്ള വിശാലമായ കപ്പലും, അതിന്റെ അവശിഷ്ടങ്ങളും, ലോഹനിർമ്മിതമായ കരണ്ടികളും ആഭരണങ്ങളുമൊക്കെ മ്യൂസിയത്തിന് മാറ്റ് കൂട്ടുന്നു. എന്നാൽ, അല്ലാഹുവിനെ അവിശ്വസിക്കുകയും, ധർമ്മനിഷ്ഠ പാലിക്കാതിരിക്കുകയും, അധർമ്മം പ്രവർത്തിക്കുകയും, ചെയ്തപ്പോൾ സർവ്വശക്തൻ ശാപമിറക്കിയ ഒരു വലിയ പട്ടണത്തിന്റെ അവശിഷ്ടമാണെന്ന ഞെട്ടിപ്പിക്കുന്ന സത്യമറിയുന്നവർക്കൊക്കെ ഒരു ഭയത്തോടെ മാത്രമേ നോക്കിക്കാണാൻ കഴിയൂ. മ്യൂസിയം നോക്കിക്കണ്ടപ്പോൾ ചരിത്രത്തെപറ്റി കൂടുതലറിയാൻ കൗതുകമായി. വിശുദ്ധഖുർആൻ എന്റെ ഓരോ സംശയവും നികത്തിത്തന്നു.

ഥമൂദ് സമുദായം പ്രവാചകന്മാരെ നിഷേധിച്ചുതള്ളിയപ്പോൾ സഹോദരൻ സാലിഹിനെ അല്ലാഹു ദൗത്യമേൽപിക്കുകയുണ്ടായി. സാലിഹ് നബി അവർക്ക് പലവിധ താക്കീതുകളും നൽകി. എന്നാൽ, അവർ അദ്ദേഹത്തിന്റെ യാതൊരു വാക്കും ചെവിക്കൊണ്ടില്ല എന്നു മാത്രമല്ല "മരണം ബാധിച്ചവരിൽപെട്ട ഒരാൾ മാത്രമാകുന്നു" എന്ന് മുദ്രകുത്താൻ ശ്രമിക്കുകയും ചെയ്തു. വിശ്വാസത്തിന് കൂട്ടുനിൽക്കാതെ ദൃഷ്ടാന്തം മുന്നോട്ടുവയ്ക്കുവാൻ അവർ ആവശ്യപ്പെട്ടു.

ഖുർആൻ പറയുന്നു: "എന്റെ ജനങ്ങളെ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക് ഒരു ദൈവവുമില്ല. നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് വ്യക്തമായ തെളിവ് നിങ്ങൾക്ക് വന്നിട്ടുണ്ട്. നിങ്ങൾക്ക് ഒരു ദൃഷ്ടാന്തമായിട്ട് അല്ലാഹുവിന്റെ ഒട്ടകമാണിത്. ആകയാൽ അല്ലാഹുവിന്റെ ഭൂമിയിൽ (നടന്നു) തിന്നുവാൻ അതിനെ വിട്ടേക്കുക. നിങ്ങളതിന് ഒരു ഉപദ്രവവും ചെയ്യരുത്. വേദനയേറിയ ശിക്ഷ നിങ്ങളെ പിടികൂടും" (7:73).

എന്നാൽ, അഹങ്കാരികളായ ആ വർഗ്ഗം ആ ഒട്ടകത്തെ അറുകൊല ചെയ്യുകയും തങ്ങളുടെ രക്ഷിതാവിന്റെ കല്പനയെ ധിക്കരിക്കുകയും ചെയ്തു. അല്ലാഹു ആ നിഷേധികളുടെമേൽ ശാപമിറക്കി. നേരം പുലർന്നപ്പോൾ അവർ തങ്ങളുടെ വീടുകളിൽ കമിഴ്ന്നുവീണു കിടക്കുകയായിരുന്നു. അനന്തരം സാലിഹ് നബി അവരിൽനിന്ന് പിന്തിരിഞ്ഞുപോയി. അദ്ദേഹം പറഞ്ഞു. എന്റെ ജനങ്ങളേ! ഞാൻ നിങ്ങൾക്ക് എന്റെ രക്ഷിതാവിങ്കൽനിന്നുള്ള സവിശേഷ സന്ദേശം എത്തിച്ചുതരികയും, ആത്മാർത്ഥമായി ഉപദേശിക്കുകയും ചെയ്തു. എന്നാൽ, സദുപദേശികളെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല.

ഒട്ടകത്തിന്റേതെന്നു കരുതുന്ന ചോരയടിപ്പാടുകളും, ഒട്ടകം പ്രത്യക്ഷപ്പെട്ട ഗുഹയും ഇന്നും ഇവിടെ ഒരോർമ്മയായി അവശേഷിക്കുന്നു. സാലിഹ് നബി ജീവിച്ച സ്ഥലവും, സാലിഹ് നബിയുടേതെന്നു പറയപ്പെടുന്ന കബറിടവും ഇവിടെനിന്നു കുറച്ചകലെയായി സ്ഥിതി ചെയ്യുന്നുണ്ട്. മാത്രവുമല്ല അല്ലാഹുവിന്റെ ശാപമിറങ്ങിയ സ്ഥലം എല്ലാ സത്യനിഷേധികൾക്കും ഒരു താക്കീത് എന്ന കണക്കെ ഇവിടെ നിലകൊള്ളുന്നു. ഖുർആനിൽ അല്ലാഹു പറയുന്ന ക്ഷമാശീലനായ ദാസൻ അയ്യൂബ് നബി(അ) രോഗങ്ങളും കഷ്ടപ്പാടുകളും കൊണ്ട് ഒരുപാട് പരീക്ഷിക്കപ്പെട്ടിരുന്നു. സ്വന്തം ഭാര്യപോലും രൂക്ഷമായ ശൈലിയിൽ അദ്ദേഹത്തിനെതിരെ തിരിയുകയും അല്ലാഹുവിനെ തള്ളിപ്പറയുകയും ചെയ്തു. അവിശ്വാസികൾ ഇത് ദുർവിനിയോഗം ചെയ്തുകൊണ്ട് വ്യാജവാദിയെന്ന് ദുർബോധനം നടത്തുവാൻ ശ്രമിച്ചു. എന്നാൽ, ക്ഷമാശീലനായ ആ ദാസനെ രോഗങ്ങളോ, ധനനഷ്ടമോ, സന്താന നഷ്ടമോ ഒന്നുംതന്നെ തളർത്തിയില്ല എന്നു

മാത്രമല്ല അപാരമായ ആ ക്ഷമയ്ക്ക് സർവ്വശക്തനായ അല്ലാഹു ഉചിതമായ പ്രതിഫലം നൽകുകതന്നെ ചെയ്തു.

ഖുർആനിൽ അല്ലാഹു പറയുന്നു: നമ്മുടെ ദാസനായ അയ്യൂബിനെ ഓർമ്മിക്കുക. "പിശാച് എനിക്ക് അവശതയും പീഡനവും ഏൽപിച്ചിരിക്കുന്നു എന്ന് തന്റെ രക്ഷിതാവിനെ വിളിച്ച് അദ്ദേഹം പറഞ്ഞ സന്ദർഭം."

(നാം നിർദ്ദേശിച്ചു:) "നിന്റെ കാലുകൊണ്ട് നീ ചവിട്ടുക. ഇതാ! തണുത്ത സ്നാനജലവും കുടിനീരും" (38:41-44).

അല്ലാഹു ഒഴുക്കികൊടുത്ത നീരുറവയിൽനിന്ന് കുടിക്കുകയും, കുളിക്കുകയും ചെയ്തതോടെ അദ്ദേഹത്തിന് രോഗവിമുക്തി ലഭിക്കുകയും നവചൈതന്യം ലഭിക്കുകയും ചെയ്തു.

അദ്ദേഹം അന്ന് കുളിക്കുന്നതിനുപയോഗിച്ച കുളവും അതിലേക്ക് ഇറങ്ങാനുള്ള കയറും, ചവിട്ടുപടികളുമൊക്കെ ഇവിടെ ഇന്നും ഒരോർമ്മയായി അവശേഷിക്കുന്നു. കുളത്തിന്റെ അടുത്തായി ഒരു പള്ളിയോടുകൂടി അദ്ദേഹത്തിന്റെ മക്ബറ സ്ഥിതിചെയ്യുന്നു. അന്ന് അദ്ദേഹം നമസ്കരിച്ച നമസ്കാരമുറി ഏറെകുറെ അതുപോലെതന്നെ ഇവിടെ സൂക്ഷിച്ചിട്ടുണ്ട്. നിലത്ത് ചില്ലുഫ്രേമിൽ അയ്യൂബ് നബിയുടേതെന്ന് പറയപ്പെടുന്ന കാലടിപ്പാട് സൂക്ഷിച്ചിട്ടുണ്ട്. ഒരുപാട് കഷ്ടങ്ങളും, പീഡനങ്ങളും അനുഭവിച്ച ആ ദാസന് വേണ്ടി വിശ്വാസികൾ ഇന്നും അല്ലാഹുവിനോട് ഇവിടെ വന്ന് ദുആ ചെയ്യുന്നു.

ചരിത്രത്തിൽ പേരെടുത്ത് പറയുന്ന തന്റേടിയായ രാജ്ഞി ബൽക്കീസ്! സുലൈമാൻ നബി(അ)യുടെ കാലത്ത് (ബി.സി 1000) യമൻ ഭരിച്ചിരുന്ന അവർ കൊടും ബഹുദൈവവിശ്വാസിയായിരുന്നു. പല അത്ഭുതങ്ങളിലൂടെയും ദൃഷ്ടാന്തങ്ങളിലൂടെയും സുലൈമാൻ നബി ബൽക്കീസിന്റെ കണ്ണു തുറപ്പിച്ച് ലോകരക്ഷിതാവായ അല്ലാഹുവിനെ പ്രണമിപ്പിക്കുകയുണ്ടായെന്നാണ് ഖുർആൻ പറയുന്നത്. ഒമാൻ പുരാവസ്തു ഗവേഷണവകുപ്പിന്റെയും, ഭൂഗർഭശാസ്ത്രജ്ഞന്മാരുടെയും കൂട്ടായ ശ്രമംകൊണ്ട് പൗരാണിക നവോത്ഥാനത്തിന്റെ പല ചരിത്രാവശിഷ്ടങ്ങളും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അവയിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ബൽക്കീസ് രാജ്ഞിയുടേതെന്നു പറയപ്പെടുന്ന കൊട്ടാരവും അതിന്റെ അവശിഷ്ടങ്ങളും.

അയ്യൂബ് നബി(അ)ക്കും, സാലിഹ് നബി(അ)ക്കും പുറമെ ഇമ്രാൻ നബി(അ)യുടെ കബറിടം നഗരമദ്ധ്യത്തിലായി മനോഹരമായ പള്ളിയോടു കൂടി സ്ഥിതി ചെയ്യുന്നു. ഈ ഖബറിന്റെ പ്രത്യേകത ഇതിന് 41 അടി നീളമുണ്ട് എന്നുള്ളതാണ്. ആദ്യമായി സന്ദർശിക്കുന്ന ആരേയും അത് പെട്ടെന്നൊന്ന് ഞെട്ടലേൽപിക്കും. ഖബറിന്റെ നീളം സംബന്ധിച്ച് വിവിധ അഭിപ്രായങ്ങളും നിഗമനങ്ങളുമുണ്ട്. ചരിത്രത്തിൽ സുപരിചിതനായ ഇമ്രാൻനബി(അ) ഈസാനബി(അ)ന്റെ മാതാവ് മർയമിന്റെ പിതാവാണ്.

കേരളത്തിൽ ഇസ്ലാമിന്റെ ഉത്ഭവം ചേരമാൾ പെരുമാളുമായി ബന്ധപ്പെട്ടാണെന്ന് കരുതപ്പെടുന്നു. അതിന്റെ വിവരണം ഇങ്ങനെയാണ്. ഇസ്ലാം മതത്തിൽ ആകൃഷ്ടനായ പെരുമാളും, കുറച്ചനുയായികളും കച്ചവടസംഘത്തിനൊപ്പം മക്കയിലേക്ക് തിരിച്ചു. മദീനയിലെത്തിയ പെരുമാളിനെയും സംഘത്തെയും നബി(സ) സ്വീകരിച്ചു. ബാണപ്പെരുമാൾ ചക്രവർത്തിക്ക് 'ഇസ്ലാം ദീനിന്റെ കിരീടം' എന്നർത്ഥമുള്ള താജ്ജുദ്ദീൻ എന്ന പേര് നബി(സ) നൽകി. മക്കയിൽനിന്ന് യമനിലെ രാജാവായ മാലികുബ്നു ഹബീബ്(റ) തന്റെ അരമനയിലേക്ക് കേരളചക്രവർത്തിയെ ക്ഷണിച്ചു. അവിടെനിന്നും കേരളത്തിലേക്ക് പോകാനുള്ള വഴി സുഗമമായതിനാൽ ക്ഷണം സ്വീകരിച്ചു. യമനിൽ അവർ കുറച്ചുവർഷം താമസിച്ച് ഇസ്ലാമിനെ കുറിച്ച് കൂടുതൽ പഠിച്ചെന്നും, രാജകുടുംബാംഗിയെ വിവാഹം ചെയ്തതായും, ഇവിടെവച്ച് വഫാത്തായെന്നും പറയപ്പെടുന്നു. നാടൻകഥയായി പറഞ്ഞുകേട്ട ഈ സംഭവം വസ്തുതാപരമായി സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. എങ്കിലും ബാണപ്പെരുമാളിന്റെയും അദ്ദേഹത്തിന്റെ പ്രിയപത്നിയുടേതുമെന്ന് കരുതപ്പെടുന്ന കബറിടങ്ങൾ ഇവിടെ സ്ഥിതിചെയ്യുന്നുണ്ട്.

അറേബ്യൻ ഉപഭൂഖണ്ഡത്തിലെ അത്ഭുതമാണ് സലാലയിലെ 'ഖരീഫ്' എന്ന മൺസൂൺ കാലാവസ്ഥ. അയൽരാജ്യങ്ങളായ കുവൈറ്റ്, യു.എ.ഇ, സഊദി അറേബ്യ ഇവയൊക്കെ അത്യുഷ്ണത്തിൽ എരിപൊരികൊള്ളുമ്പോൾ രാജ്യത്തെ മറ്റ് പ്രദേശങ്ങളിൽനിന്ന് വേറിട്ട് ഈ പ്രദേശത്ത് മാത്രം കുളിർമ്മയോടുകൂടിയ ശൈത്യമായിരിക്കും; ജൂൺ പകുതിയോടുകൂടി തുടങ്ങി ജൂലൈ അവസാനംവരെ. ഈ ഒരുമാസം മരുഭൂമിയും, മലഞ്ചെരിവുകളുമൊക്കെ പുൽത്തകിടികളാലും, അരുവികളാലും കണ്ണിന് കുളിർമ്മയേകും. ഇതര ഗൾഫ് രാജ്യങ്ങളുടെ ബഹളങ്ങളൊന്നുമില്ലാത്ത ഈ പ്രദേശത്ത് ടൂറിസ്റ്റുകളെ ആകർഷിപ്പിക്കുന്നതും ഈയൊരു കാലയളവിലാണ്.

യാത്രകൾ വളരെയേറെ ഇഷ്ടപ്പെട്ടിരുന്ന മിയാസാഹിബ് ഇവിടം സന്ദർശിച്ചിരുന്നു. സ്ഥലവും, ചുറ്റുപാടുകളും കണ്ട് കൂടുതൽ ആകൃഷ്ടനായ അദ്ദേഹം ഭാര്യയേയും, മകളേയുംകൂട്ടി വീണ്ടും വരികയുണ്ടായി. ഇവിടങ്ങളിലെ കബറിടങ്ങൾ സന്ദർശിക്കാനും, ദുആ ചെയ്യാനും അദ്ദേഹം നമ്മെ ഉപദേശിക്കുകയുണ്ടായി. അദ്ദേഹത്തെ കൂടുതൽ അത്ഭുതപ്പെടുത്തിയത് ഇവിടുത്തെ 'മാഗ്നറ്റിക് റോഡ്' ആണ്. ഈ റോഡിന്റെ പ്രത്യേകത സാധാരണഗതിയിൽ ചരിവോടുകൂടിയ റോഡിൽ വണ്ടിനിർത്തി ന്യൂട്രലിൽ ഇട്ടാൽ താഴോട്ട്

*പേജ് 38-ൽ നിന്ന്*

ലേഖനം

യാസർ അറഫാത്ത്

# ശബാബിനൊരു ജവാബ്!

* "നിങ്ങളുടെ പക്കലുള്ളതിനെ ശരിവെക്കുന്ന ദൂതൻ എന്ന് ഈ സൂക്തത്തിൽ (ആലിഇംറാൻ:81) പറഞ്ഞത് മുഹമ്മദ് നബി(സ)യെ സംബന്ധിച്ചാണ്" (ശബാബ്, 2008 മെയ് 23, പേജ്-7).

"ഒരു പ്രവാചകൻ ജീവിച്ചിരിക്കുന്ന സന്ദർഭത്തിൽ മറ്റൊരു പ്രവാചകൻ നിയോഗിക്കപ്പെടുന്നപക്ഷം, ആദ്യപ്രവാചകൻ പുതുതായി നിയോഗിക്കപ്പെടുന്ന പ്രവാചകനെ സഹായിക്കണമെന്ന കരാറിനെ സംബന്ധിച്ചാണ് സൂറത്തു ആലുംറാനിൽ പറയുന്നത്" (അബ്ദുസ്സലാം സുല്ലമി, 'ഖാദിയാനിസം ഖുർആനിലും നബിചര്യയിലും', പേജ് 31).

''..... അതിനാൽ പൂർവ്വപ്രവാചകന്മാരോട് പിൽക്കാല പ്രവാചകന്മാരെ സംബന്ധിച്ച് പറഞ്ഞ കാര്യങ്ങളൊന്നും മുഹമ്മദ് നബി(സ)യ്ക്ക് ശേഷം വ്യാജപ്രവാചകത്വവാദവുമായി വരുന്നവർക്ക് ബാധകമല്ല" (ശബാബ്, മെയ്-23, പേജ്-7).

വിശുദ്ധഖുർആനിലെ സൂറഃ ആലുംറാൻ 81-ാം വചനത്തിൽ അല്ലാഹു പ്രവാചകന്മാരോടു വാങ്ങിയ കരാർ, മുഹമ്മദ് നബി(സ) തിരുമേനിയെക്കുറിച്ചാണെന്നു എച്ചെം മുജാഹിദ് പത്രമായ 'ശബാബ്' ഈ ലേഖകന്റെ ഒരു ചോദ്യത്തിന് മറുപടിയായിക്കൊണ്ട് പ്രസ്താവിക്കുന്നു. എന്നാൽ, എച്ചെം മുജാഹിദ് നേതാവായ എ. അബ്ദുസ്സലാം സുല്ലമിയുടെ വിമർശനഗ്രന്ഥത്തിൽ, ഒരു പ്രവാചകൻ ജീവിച്ചിരിക്കുമ്പോൾ മറ്റൊരു പ്രവാചകൻ നിയോഗിതനായാൽ ആദ്യത്തെയാൾ പുതിയ ആളെ സഹായിക്കണമെന്നതാണ് കരാർ കൊണ്ടുദ്ദേശ്യമെന്നു എഴുതുന്നു. എന്നാൽ, പൂർവ്വപ്രവാചകന്മാരോട് പിൽക്കാല നബിമാരെപ്പറ്റി പറഞ്ഞ കാര്യങ്ങളാണവയെന്ന് മേൽപറഞ്ഞ ശബാബ് തന്നെ തങ്ങളുടെ ജവാബിന്റെ ആദ്യ ഭാഗത്ത് പറയുന്നുണ്ട്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആശയങ്ങളെ എതിർക്കുന്നതിനാണ് ഈ അഭിപ്രായങ്ങളെല്ലാം എഴുതിയിട്ടുള്ളത് എന്നതാണ് രസകരം! മുഹമ്മദ് നബ(സ)ക്കു ശേഷം വ്യാജപ്രവാചകത്വവാദവുമായി വരുന്നവർക്ക് ഈ കാര്യങ്ങളൊന്നും ബാധകമല്ലെന്ന് ശബാബ് എഴുതുന്നുണ്ട്. വളരെ സത്യം! പക്ഷേ, ഒരു സംശയം. മുഹമ്മദ് നബി(സ)ക്കു മുമ്പു വന്ന വ്യാജപ്രവാചകന്മാർക്ക് ഇവ ബാധകമാണോ? അല്ലെന്നാണുത്തരമെങ്കിൽ ശബാബിന്റെ ഈ വാചകങ്ങൾക്കു പ്രസക്തിയെന്ത്? പിന്നെ വ്യാജപ്രവാചകന്റെ കാര്യം. ജൂതന്മാർ ഈസാനബി(അ)യെ വ്യാജപ്രവാചകനെന്നു വിളിക്കുന്നു. ക്രിസ്ത്യാനികൾ മുഹമ്മദ് നബി(സ)യെ വ്യാജപ്രവാചകനെന്നു വിളിക്കുന്നു. മുജാഹിദുകൾ അഹ്മദ്(അ)നെ വ്യാജപ്രവാചകനെന്നു വിളിക്കുന്നു. ജൂത-ക്രൈസ്തവ സ്വഭാവമുള്ളവർ മുസ്‌ലിം സമുദായത്തിലുണ്ടായിത്തീരുമെന്ന പ്രവചനം ഇവിടെ സത്യമായി പുലരുന്നു. സത്യവിശ്വാസികൾ ഈസാ(അ)യേയും മുഹമ്മദ്(സ)യേയും അഹ്മദ്(അ)നേയും സത്യപ്രവാചകന്മാരായി അംഗീകരിക്കുകയും ചെയ്യുന്നു.

* പിൽക്കാല പ്രവാചകനെ അംഗീകരിക്കണമെന്ന് മുഹമ്മദ് നബി(സ)യോട് അല്ലാഹു കരാർ വാങ്ങിയെന്ന് അമാനി മൗലവിയും എഴുതിയിട്ടില്ല. മുഹമ്മദ് നബി(സ)ക്കു ശേഷം യാതൊരു പ്രവാചകനുമില്ലെന്ന് ഉറച്ചുവിശ്വസിക്കുന്ന വ്യക്തിയായിരുന്നു അമാനി മൗലവി. അദ്ദേഹത്തിന്റെമേൽ അദ്ദേഹം എഴുതാത്തതും ഉദ്ദേശിക്കാത്തതും വച്ചുകെട്ടുകയാണ് ചില ഖാദിയാനികൾ ചെയ്യുന്നത്....." (ശബാബ്, 2008 മെയ് 23).

"വിശുദ്ധഖുർആൻ 3:82-ൽ വിശദീകരിച്ച കരാറിനെക്കുറിച്ചാണ് ഇവിടെ (33:7) പ്രസ്താവിക്കുന്നതെന്ന വാദം ചില പണ്ഡിതന്മാർക്ക് സംഭവിച്ച വലിയ വിഡ്ഢിത്തമാണ്. പിഴവ് ആർക്കും സംഭവിക്കാം." (എ. അബ്ദുസ്സലാം സുല്ലമിയുടെ 'ഖാദിയാനിസം ഖുർആനിലും നബിചര്യയിലും' എന്ന വിമർശന ഗ്രന്ഥത്തിലെ പേജ് 31ൽനിന്ന്).

സൂറഃ ആലുംറാനിലെയും സൂറത്തു അഹ്സാബിലേയും, നബിമാരോട് വാങ്ങിയ കരാർ ഒന്നാണെന്ന് അമാനി മൗലവി അടക്കമുള്ള പണ്ഡിതന്മാർ എഴുതിയിട്ടുണ്ടെന്ന് സുല്ലമി സമ്മതിക്കുന്നതോടൊപ്പം അതൊരു വിഡ്ഢിത്തവും പിഴവുമാണെന്നു തിരുത്താൻ ശ്രമിക്കുന്നു. മുജാഹിദ് വിശ്വാസത്തിന്നെതിരായ നിലക്ക് ഒരു ഖുർആനിക സത്യം തുറന്നുപറഞ്ഞതിനാണ് തന്റെ പിതാവ് അലവി മൗലവി പിന്നെ അമാനി മൗലവി എന്നിവരടക്കമുള്ള മുജാഹിദ് പണ്ഡിതരെ 'വലിയ വിഡ്ഢികൾ' എന്നു സുല്ലമി വിളിക്കുന്നത്. രണ്ടു കരാറുകളും ഒന്നാണെന്നു മുജാഹിദ് പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ടെന്നും, പറഞ്ഞിട്ടില്ലെന്നും അവർതന്നെ തർക്കിക്കുമ്പോൾ, നിജസ്ഥിതി മനസ്സിലാക്കാൻ അമാനി തഫ്സീർ പരിശോധിക്കണമെന്നു വായനക്കാരോടഭ്യർത്ഥിക്കുന്നു.

സൂറഃ ആലുംറാനിലും, അഹ്സാബിലും പ്രസ്താവിക്കപ്പെട്ട പ്രവാചകകരാറുകൾ ഒന്നല്ല എന്നു സമർത്ഥിക്കുന്ന മേൽപറഞ്ഞ ശബാബിന്റെ പേജിന്റെ

*പേജ് 39-ൽ നിന്ന്*

*മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ*

# ദൈവികസഹായത്തിന്റെ അത്ഭുതദൃശ്യങ്ങൾ സമ്മാനിച്ച 42-ാമത് യു.കെ. സമ്മേളനം സമാപിച്ചു

**അ**ഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 42-ാമത് യു.കെ. സമ്മേളനം ജമാഅത്തിനുമേൽ അല്ലാഹു നൽകിയ സഹായത്തിന്റെ ദൃശ്യങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് സമാപിച്ചു. ഖലീഫത്തുൽ മസീഹിന്റെ ആസ്ഥാനമെന്ന നിലക്ക് ലണ്ടൻ സമ്മേളനത്തിന് ലോകപ്രശസ്തിയുണ്ട്. ലണ്ടനിലെ ഹദീഖത്തുൽ മഹ്ദിയിൽ 25.07.08-ന് വെള്ളിയാഴ്ച ഇന്ത്യൻ സമയം രാത്രി 9 മണിക്ക് അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) പതാക ഉയർത്തിയതോടെയാണ് സമ്മേളനം ആരംഭിച്ചത്. തുടർന്ന് ഔപചാരികമായ ഉദ്ഘാടനചടങ്ങ് തുടങ്ങി. ജനാബ് ഹാനിത്വാഹിർ സാഹിബിന്റെ ഖുർആൻ പാരായണത്തോടെയാണ് ചടങ്ങ് ആരംഭിച്ചത്. തുടർന്ന് ഖലീഫത്തുൽ മസീഹ് (ഖാമിസ്) ഉദ്ഘാടന പ്രഭാഷണം നടത്തി.

വിശുദ്ധഖുർആനിലെ 5-ാം അധ്യായത്തിലെ 8-ാം വചനവും 24-ാം അധ്യായത്തിലെ 53-ാം വചനവും പാരായണം ചെയ്തുകൊണ്ടാണ് ഹുസൂർ തന്റെ പ്രഭാഷണം ആരംഭിച്ചത്. "തഖ്‌വ അഥവാ ദൈവഭയത്തെക്കുറിച്ച് വിശുദ്ധഖുർആൻ ആവർത്തിച്ചാവർത്തിച്ച് പറയുന്നുണ്ട്. അനുഗ്രഹം സിദ്ധിച്ച ഒരു സത്യവിശ്വാസിയുടെ അടയാളമാണിത്. ഈയൊരു ആത്മാവ് തന്റെ ജമാഅത്തിൽ സൃഷ്ടിക്കാൻ വേണ്ടിയാണ് വാഗ്ദത്ത മസീഹ്(അ) ജൽസ സംഘടിപ്പിച്ചത്. ആ മഹാത്മാവിന്റെ പ്രതീക്ഷയ്ക്കൊത്ത നിലയിലുള്ള അഹ്മദികളായിത്തീരുന്നതിന് അദ്ദേഹത്തിന്റെ വാക്കുകളിൽ ചിന്തിച്ച് അതിന്റെ സകല വശങ്ങളും നാം പ്രാവർത്തികമാക്കേണ്ടതാണ്.' ഹുസൂർ പറഞ്ഞു.

26-ാം തിയ്യതി ശനിയാഴ്ച ഇന്ത്യൻ സമയം 2.30-ന് നടന്ന സെഷനിൽ ഇന്തോനേഷ്യൻ അമീർ മൗലാനാ അബ്ദുൽ ബാസിത് സാഹിബ് ശാഹിദ് അധ്യക്ഷം വഹിച്ചു. ഖാരി നവാബ് അഹ്മദ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെയാണ് സെഷൻ ആരംഭിച്ചത്. തുടർന്ന് റാവേൽ ബുഖാറേവ് സാഹിബ് (വർത്തമാനകാലത്ത് ഖിലാഫത്തിന്റെ പ്രസക്തി), മൗലാനാ നസീർ അഹ്മദ് ഖമർ സാഹിബ് (അഹ്മദിയ്യാ ഖിലാഫത്തും ഖുർആനിക സേവനവും), മൗലാനാ അത്വാഉൽ മുജീബ് സാഹിബ് റാശിദ് (ഖിലാഫത്തെ റാശിദ) എന്നിവർ പ്രസംഗിച്ചു.

ഇന്ത്യൻ സമയം വൈകീട്ട് 4.30-ന് അമീറുൽ മുഅ്മിനീൻ ലജ്നാംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയുണ്ടായി. ഇസ്‌ലാമിൽ സ്ത്രീകൾക്കുള്ള സ്ഥാനവും അവരുടെ അവകാശ സംരക്ഷണവും എന്നതായിരുന്നു വിഷയം. അനാവശ്യകാര്യങ്ങൾക്കെതിരെ അഹ്മദിസ്ത്രീകൾ തങ്ങളുടെ വീടുകളിൽ ആത്മീയരോഷം പ്രകടിപ്പിക്കുകയാണെങ്കിൽ ആ വീട് ഒരിക്കലും നശിക്കുകയില്ല. ഭൗതിക കാര്യങ്ങൾക്കുവേണ്ടി ഭർത്താക്കന്മാരോട് നിർബന്ധിക്കുന്നതുപോലെ ആത്മീയകാര്യങ്ങളിലും നിർബന്ധിക്കേണ്ടതാണ് എന്നു പറഞ്ഞ ഹുസൂർ, സ്ത്രീകളെ മർദ്ദിക്കരുതെന്നും ഇസ്‌ലാം അവർക്കു നൽകിയിട്ടുള്ള അവകാശം വകവെച്ചുകൊടുക്കണമെന്നും അവരോട് നല്ല നിലയിൽ പെരുമാറി മാതൃകാപരമായ ജീവിതം നയിക്കണമെന്നും പുരുഷന്മാരെ ഉപദേശിക്കുകയും ചെയ്തു.

ഇന്ത്യൻസമയം രാത്രി 8.40-ന് നടന്ന മൂന്നാം സെഷനിൽ 2007-08 വർഷത്തിൽ നടന്ന പ്രവർത്തനങ്ങളും അതിന്റെ നേട്ടങ്ങളും വിവരിച്ചുകൊണ്ട് ഹുസൂർ സംസാരിക്കുകയുണ്ടായി. നടപ്പുവർഷം അല്ലാഹു ജമാഅത്തിനുമേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾ അക്കമിട്ട് നിരത്തിയപ്പോൾ അത് ലോകത്തിന് അത്ഭുതവും ജമാഅത്തംഗങ്ങൾക്കിടയിൽ വിശ്വാസത്തിന്റെ ആവേശവും ഉളവാക്കി.

സമാപനദിവസമായ 27-ാം തിയ്യതി ഞായറാഴ്ച ഇന്ത്യൻ സമയം ഉച്ചക്ക് 2.30-ന് നാലാമത്തെ സെഷൻ ഖാരി ആശിഖ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. തുടർന്ന് സയ്യിദ് മഹ്മൂദഹ്മദ് സാഹിബ് (ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ), റഫീഖ് അഹ്മദ് ഹയാത്ത് സാഹിബ് (ഖിലാഫത്തിന്റെ നൂറു വർഷം) മീർ മഹ്മൂദഹ്മദ് സാഹിബ് എന്നിവർ സംസാരിച്ചു.

ഇന്ത്യൻസമയം വൈകീട്ട് 5.45-ന് ആഗോള ബയ്അത്ത് നടന്നു. അതോടൊപ്പം ലോകത്തിന്റെ സകല ഭാഗങ്ങളിലുമുള്ള അഹ്മദികളും ചേരുകയുണ്ടായി. മുഴുവൻ അഹ്മദികളും എം.ടി.എയുടെ മുന്നിലായിരുന്നു. ഈ വർഷം 3,54,638 പേരാണ് ബയ്അത്ത് ചെയ്തത്.

ഇന്ത്യൻ സമയം രാത്രി 8 മണിക്ക് സമാപന സമ്മേളനം ആരംഭിച്ചു. ഫിറോസ് ആലം സാഹിബിന്റെ ഖുർആൻ പാരായണത്തോടെയാണ് സമ്മേളനം ആരംഭിച്ചത്. ഹുസൂറിന്റെ സമാപനപ്രസംഗത്തിനുശേഷം പ്രാർത്ഥനയോടെ സമ്മേളനത്തിന് പരിസമാപ്തിയായി.

വാർഷികസമ്മേളനത്തിൽ പാർലമെന്റംഗങ്ങളും മേയർമാരും ഡെപ്യൂട്ടി മേയർമാരും കൗൺസിലർമാരും വിദേശരാജ്യ പ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥന്മാരും പങ്കെടുത്തു. ലജ്ന സമ്മേളനത്തിൽ വൈജ്ഞാനികരംഗത്ത് തിളക്കമാർന്ന വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥിനികൾക്കും സമാപനസമ്മേളനത്തിൽ വിദ്യാർത്ഥികൾക്കും മെഡലുകൾ വിതരണം ചെയ്യുകയുണ്ടായി. ഖിലാഫത്ത് ജൂബിലി വർഷത്തിൽ നടന്ന ഈ ജൽസ അതിഥികളുടെ ആധിക്യംകൊണ്ട് ശ്രദ്ധേയമായിരുന്നു.

●

---

*പേജ് 36-ൽ നിന്ന്*

തൊട്ടടുത്ത പേജിൽത്തന്നെ ലേഖനമെഴുതിയ ലോകപ്രശസ്ത ഇസ്ലാമികപണ്ഡിതൻ ഹാറൂൻയഹ്‌യ, മുഹമ്മദ് നബി(സ) തന്റെ ശേഷം നിയോഗിതനാവുന്ന മഹ്ദി ഇമാം എന്നറിയപ്പെടുന്ന 'അഹ്മദ്' എന്ന പേരോടുകൂടിയ ഒരു പ്രവാചകനെപ്പറ്റി സന്തോഷവാർത്ത അറിയിച്ചിട്ടുണ്ട് എന്ന കരാറിന്റെ ആയത്തുകളെ അടിസ്ഥാനമാക്കി സമർത്ഥിക്കുന്നു (പ്രബോധനം, ലക്കം-45). ഹാറൂൻയഹ്‌യ 'അന്ത്യപ്രവാചക' വിശ്വാസിയാണെന്നു സമർത്ഥിക്കാൻ പ്രബോധനം ലക്കം 48-ൽ പ്രസിദ്ധീകരിച്ച ഇ-മെയിൽ മറുപടി, വാക്കുകൾ വിട്ടുകളഞ്ഞും തർജ്ജമയിൽ തെറ്റിദ്ധാരണ സൃഷ്ടിച്ചും പ്രസിദ്ധീകരിച്ചതാണെന്നും, ഹാറൂൻയഹ്‌യ മുഹമ്മദ് നബിക്കുശേഷം 'അഹ്മദ്' എന്ന പ്രവാചകൻ വരുമെന്ന് ഖുർആന്റെ വെളിച്ചത്തിൽ വിശ്വസിക്കുന്ന ആളാണെന്നും പ്രബോധനം ലക്കം 50-ൽ തെളിവു സഹിതം സമർത്ഥിക്കുന്നു. ഈ വിഷയത്തിൽ ശബാബിന്റെ വക ജവാബ് വല്ലതുമുണ്ടോ?

●

---

*പേജ് 36-ൽ നിന്ന്*

വരികയാണല്ലോ പതിവ്. ഇത് നേരെമറിച്ച് 40 സ്പീഡിൽ വണ്ടി മുകളിലേക്ക് നീങ്ങും. അദ്ദേഹം വീണ്ടും വീണ്ടും ഇത് പരീക്ഷിച്ചുനോക്കുകയുണ്ടായി. ഈ പ്രതിഭാസം മിയാസാഹിബിനെ വല്ലാതെ ആകർഷിച്ചു. ഇവിടുത്തെ പ്രസിഡന്റിന്റെ നേതൃത്വത്തിൽ അദ്ദേഹത്തിന് ഒരു നല്ല സ്വീകരണം കൊടുക്കാൻ കഴിഞ്ഞതും, അദ്ദേഹത്തിന്റെ സാമീപ്യം അനുഭവിക്കാൻ കഴിഞ്ഞതും ജീവിതത്തിലെ നല്ല മുഹൂർത്തങ്ങളിലൊന്നായി ജമാഅത്തിലെ ഓരോ അംഗവും സ്മരിക്കുന്നു.

സലാലയിലും പരിസരങ്ങളിലുമായി നിരവധി സ്മാരകങ്ങളും, ഖബറുകളും, ചിഹ്നങ്ങളുമുണ്ട്.പ്രത്യക്ഷ സ്മാരകങ്ങൾ ഒരുപാട് ചരിത്രസത്യങ്ങൾ വിളിച്ചോതുന്നു. ചരിത്രഗവേഷകർക്കും, ചരിത്രവിദ്യർത്ഥികൾക്കും അനർഘങ്ങളായ അനേകം സത്യങ്ങൾ ഉറങ്ങിക്കിടക്കുന്നുണ്ടീമണ്ണിൽ. മാത്രവുമല്ല അല്ലാഹു ശാപമിറക്കിയത് എന്നു പറയപ്പെടുന്ന ആ പ്രദേശം എല്ലാ മനുഷ്യർക്കും ഒരു താക്കീത് എന്ന കണക്കെ നിലകൊള്ളുന്നു.

●

---

# ജൽസസാലാന ഖാദിയാൻ

## ഡിസംബർ 26, 27, 29, 29 തിയ്യതികളിൽ

### ഖാദിയാൻ ദാറുൽ അമാനിൽ

**ഖിലാഫത്ത് ശതവാർഷിക ജൂബിലി സമാപന സമ്മേളനമായ ഈ ചടങ്ങിൽ ഖലീഫത്തുൽ മസീഹ് ഖാമിസ് അഭിസംബോധന ചെയ്യുന്നു**

ലേഖനം

മുഹമ്മദ് ഇസ്മായിൽ

# പീപീയുടെ ജല്പനങ്ങൾ

സിറാജ് പത്രത്തിൽ (ജൂൺ 24) വന്ന 'ഖാദിയാനികളുടെ ഖിലാഫത്ത്' എന്ന തലക്കെട്ടോടെ പി.പി. അബ്ദുർറഹ്മാൻ പെരിങ്ങാടിയുടെ എഴുത്താണ് ഈ കുറിപ്പിന്നാധാരം. കത്തിലെ ഓരോ വരിയും ഓരോ ആക്ഷേപമാണ്. അതിനൊക്കെ ഞങ്ങൾ മറുപടി നല്കിയിട്ടുള്ളതുമാണ്.

ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)യുടെ പ്രവചനപ്രകാരം അല്ലാഹു വാഗ്ദത്ത മഹ്ദി മസീഹായി നിയോഗിച്ച മഹാനാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) എന്നാണ് ഖാദിയാനികൾ എന്ന് ആക്ഷേപകൻ പരിചയപ്പെടുത്തിയ അഹ്മദികളായ ഞങ്ങൾ വിശ്വസിക്കുന്നത്. ആ മഹാത്മാവിനെ സംബന്ധിച്ച് ഇതിലപ്പുറമൊരു വിശ്വാസം ഞങ്ങൾക്കില്ലതന്നെ. ഞങ്ങൾ മുസ്ലിംകളാണോ എന്ന് തീരുമാനിക്കേണ്ടത്, ഇക്കാലത്ത് മുസ്ലിംകളാണെന്ന് പറഞ്ഞുനടക്കുന്ന പെരിങ്ങാടിയെപോലുള്ളവരോ അവരുടെ പണ്ഡിതന്മാരോ റാബിത്തയോ പണ്ഡിതസഭകളോ മുസ്ലിംരാഷ്ട്രങ്ങളോ പാക്ക് സർക്കാരോ ജിദ്ദക്കാരോ ആണെന്ന് ഞങ്ങൾ തരിമ്പും വിശ്വസിക്കുന്നില്ല. ആദരണീയനായ നബി(സ)- നഊദുബില്ലാഹ് കള്ളപ്രവാചകനാണെന്നും മാന്ത്രികനാണെന്നും ഭ്രാന്തനാണെന്നും ജനങ്ങളിൽ ഛിദ്രതയുണ്ടാക്കുന്നവനാണെന്നും അബൂജഹ്ലും അബൂലഹ്ബും അവരുടെ പണ്ഡിതസഭയും മക്കയിലെ മുശ്രിക്കുകളും ഒരുമിച്ച് 'ഫത്വ' കൊടുത്തിട്ട് ആ മഹാത്മാവ്(സ) സത്യപ്രവാചകനല്ലാതായോ? അവസാനം അവർ മക്കയിൽനിന്ന് ആ പുണ്യപുമാനെ പുറത്താക്കുകകൂടി ചെയ്തില്ലേ? ഞങ്ങൾ മുസ്ലിംകാണെന്നതിന് ആ ധന്യാത്മാവായ നബിയുടെ അംഗീകാരം മാത്രം മതി ഞങ്ങൾക്ക്. ആരാണ് മുസ്ലിം? ഹദ്റത്ത് അനസ് ബിൻ മാലിക്(റ) നിവേദനം ചെയ്യുന്നു. നബി(സ) അരുൾ ചെയ്തു: "നമ്മെപ്പോലെ നമസ്കരിക്കുകയും നമ്മുടെ ഖിബ്ലക്ക് അഭിമുഖമായി നില്ക്കുകയും നാം അറുത്തത് ഭക്ഷിക്കുകയും ചെയ്യുന്നയാൾ മുസ്ലിമാണ്. അയാളുടെ സംരക്ഷണച്ചുമതല അല്ലാഹുവും റസൂലും ഏറ്റെടുത്തിരിക്കുന്നു" (ബുഖാരി കിത്താബുസ്സലാത്ത്). മുസ്ലിം എന്നതിന് ഇസ്ലാമിൽ ഇതല്ലാത്ത ഒരു നിർവചനമുണ്ടെങ്കിൽ കൊണ്ടുവരുവിൻ.

"ഖലീഫയ്ക്ക് ഒരിടത്തും ഭരണമില്ല. അതുകൊണ്ട് ഖാദിയാനി ഖലീഫ, ഖലീഫയല്ല'' എന്നതാണ് ആക്ഷേപകന്റെ മറ്റൊരു വാദം. ആക്ഷേപകന്റെ വാദം ശരിയാകണമെങ്കിൽ ലോകം മുഴുവൻ ഖലീഫയുടെ നിയന്ത്രണത്തിൽ ഭരണമുണ്ടാകേണ്ടതായിരുന്നു. അത് സിദ്ദീഖുൽ അക്ബറിന്റെ(റ) കാലം മുതൽ ഇന്നുവരെ ഉണ്ടായിട്ടില്ല. ഇനിയുണ്ടാകുമെന്ന് കരുതാനും തരമില്ല. അതിനാൽ ഭൗതികഭരണമല്ല ഏതു രാജ്യത്തുമുള്ള സത്യവിശ്വാസികളുടെ ആത്മാവിൽ അവരുടെ ആത്മീയോന്നമനത്തിനായി ഖലീഫ നടത്തുന്ന ആത്മീയഭരണമാണതെന്ന് കരുതാനേ നിവൃത്തിയുള്ളൂ. അത് ഇന്ന് അഹ്മദികളായ ഞങ്ങൾ അനുഭവിച്ചറിയുന്ന കാര്യമാണ്. പെരിങ്ങാടിക്ക് അത് മനസ്സിലാകുകയില്ല.

ഖാദിയാനികൾ പല കക്ഷികളുണ്ടെന്നും, അവരെല്ലാം മിർസാ ഗുലാം അഹ്മദ്(അ)നെ പലരീതിയിലും വിശ്വസിക്കുന്നുവെന്നുമാണ് മറ്റൊരാക്ഷേപം. ഏതെങ്കിലും പ്രസ്ഥാനത്തിൽനിന്ന് ഒന്നോ രണ്ടോ ആളുകൾ വേർപെട്ടുപോയി വേറൊരു സംഘടനയുണ്ടാക്കി അവരുടെ ഇഷ്ടത്തിനൊത്ത് പ്രവർത്തിക്കുന്നു എന്നത് സാധാരണമാണ്. അത് അതുപോലെ നശിക്കുകയും ചെയ്യും. അതുകൊണ്ടാണല്ലോ അദ്ദേഹമെണ്ണിയ കക്ഷികളുടെ നേതാക്കന്മാരെ-ഖലീഫമാരെ എടുത്തുദ്ധരിക്കാൻ സാധിക്കാതിരുന്നത്. ഇനിയൊട്ടു കാണിക്കാനും സാധ്യമല്ല. എന്നല്ല അവരെയൊന്നും ആക്രമിക്കാൻ മുതിരാതെ ഖലീഫയുടെ കീഴിൽ വ്യവസ്ഥിതിയോടെ ലോകം മുഴുവൻ ഇസ്ലാമിക പ്രചാരണം നടത്തിവരുന്ന അഹ്മദിയ്യാ ജമാഅത്തിനു നേരെയല്ലാതെ മറ്റേതെങ്കിലും കക്ഷികൾക്കെതിരെ പെരിങ്ങാടി ഉൾപ്പെടെയുള്ളവർ ആക്ഷേപത്തിന്റെ വാൾ ഓങ്ങാത്തതുതന്നെ അവയെല്ലാം നിർജീവമായി പോയി എന്നതിന് വ്യക്തമായ തെളിവാണ്. ശവത്തിനുമേൽ ആരെങ്കിലും കുത്തുമോ?

അഹ്മദിയ്യ ജമാഅത്ത് ബ്രിട്ടീഷ് സൃഷ്ടിയാണെന്നും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് എതിരായിരുന്നുവെന്നുമാണ് മറ്റൊരാക്ഷേപം. 1835-ലാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) ജനിച്ചത്. ഒന്നാം സ്വാതന്ത്ര്യസമരം 1857-ൽ നടക്കുമ്പോൾ അദ്ദേഹത്തിന് 22 വയസ്സായിരുന്നു. ആരാലും അറിയപ്പെടാതെ അദ്ദേഹം ഇസ്ലാമിന്റെ ശോച്യാവസ്ഥയ്ക്കുള്ള പരിഹാരം അല്ലാഹുവിൽനിന്ന് തേടി

ക്കൊണ്ടിരുന്ന കാലമായിരുന്നു അത്. ആര്യസമാജികളും ക്രിസ്ത്യാനികളും ഇസ്‌ലാമിനും നബി(സ)യ്ക്കുമെതിരിൽ ഉന്നയിച്ച ആക്ഷേപങ്ങൾക്ക് ഇസ്‌ലാമിന്റെ ആ കർമ്മയോഗി 1880-ൽ ബറാഹീനെ അഹ്മദിയ്യ എന്ന ബൃഹത്ഗ്രന്ഥം രചിച്ചതോടെയാണ് അറിയപ്പെടാൻ തുടങ്ങിയത്. മുസ്‌ലിംലോകത്ത് വൻ സ്വീകാര്യമായിരുന്നു ആ ഗ്രന്ഥത്തിന്. 1889-ലാണ് ദൈവേച്ഛപ്രകാരം സ്വശിഷ്യത്വത്തിലേക്ക് അദ്ദേഹം ജനങ്ങളെ സ്വീകരിച്ചുതുടങ്ങിയത്. അതിനു നാലു വർഷം മുമ്പേ 1885 ഡിസംബർ 28-നാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് രൂപീകരിക്കുന്നത്. ബ്രിട്ടീഷ് ഭരണത്തോട് കൂറു പ്രഖ്യാപിച്ചുകൊണ്ടാണ് കോൺഗ്രസ്സ് പ്രവർത്തനം തുടങ്ങിയത്. (മനോരമ ഇയർ ബുക്ക്, 1989, പേജ് 204).

1906-ലാണ് സർവ്വേന്ത്യാ മുസ്‌ലിം ലീഗ് ജന്മംകൊള്ളുന്നത്. 1907-ൽ കറാച്ചിയിൽ ചേർന്ന അതിന്റെ പ്രഥമ സമ്മേളനത്തിലെടുത്ത മൂന്ന് തീരുമാനങ്ങളിൽ ആദ്യത്തേത്, 'മുസൽമാന്മാരിൽ ബ്രിട്ടീഷ് ഗവർമ്മെന്റിനോടുള്ള കൂറ് വളർത്തിക്കൊണ്ടുവരികയും ഇന്ത്യയിൽ അവരെടുക്കുന്ന നടപടികളെപ്പറ്റിയും ഉദ്ദേശ്യങ്ങളെപ്പറ്റിയും വല്ല സംശയവുമുണ്ടെങ്കിൽ അത് ദൂരീകരിക്കുകയും ചെയ്യുക' എന്നതായിരുന്നു (മുസ്‌ലിം നവോത്ഥാനത്തിന്റെ കഥ- 44, ഇ.അഹ്മദ്, ചന്ദ്രിക, 1989 ജൂൺ 24, വാരാന്തപ്പതിപ്പ്). അതിന് തൊട്ടടുത്ത വർഷം 1908 മെയ് 26-ന് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) ദിവംഗതനാവുകയും ചെയ്തു. സംഭവമിങ്ങനെയിരിക്കെ, ആ മഹാത്മാവ് സ്വാതന്ത്ര്യസമരത്തിന്നെതിരായിരുന്നു എന്ന് ആക്ഷേപകൻ തട്ടിവിട്ടത് എന്തു കണ്ടുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല.

പി.പി. മുഹമ്മദ് കോയ പരപ്പിൽ എഴുതിയ 'കോഴിക്കോട്ടെ മുസ്‌ലിംകളുടെ ചരിത്രം' എന്ന പുസ്തകത്തിൽ ചക്രവർത്തിക്കും രാജ്ഞിക്കും വേണ്ടി മുസ്‌ലിം പള്ളികളിൽ ദ്വാരക്കുകയും ഖുർആൻ ഓതുകയും ചെയ്തതൊക്കെ വ്യക്തമായും വിവരിച്ചിട്ടുണ്ട്.

"ഇന്ത്യയെന്ന പതിക്ക് സ്വയംഭരണം കിട്ടാ-

നാശിച്ചെന്തിനെടോ തകരാറിന്ന് പോണിക്കാലത്ത്

എത്തറയും മരിയാദയിലെന്നെന്നും ഇന്നാടുഭരിക്കാൻ

ഇത്തറ നല്ലൊരു മന്നവനുണ്ടോ ലോകത്ത്"

എന്ന് മഹാകവി പുലിക്കോട്ടിൽ ഹൈദർ ബ്രിട്ടീഷുകാരെക്കുറിച്ച് ചോദിച്ചപ്പോൾ മറ്റൊരു കവി പാടിയത് ഇങ്ങനെയാണ്.

"പട്ടര് ചെട്ടി നായര് നമ്പൂതിരിക്കീ നാടുഭരിക്കാൻ

കിട്ടിയാൽ കഷ്ടപ്പാടൊരുകാലം തീരുമോ?"

ഇതൊക്കെ കക്ഷത്തിലിറുക്കിവെച്ചുകൊണ്ടാണ്, 'ഖാദിയാനികൾ സ്വാതന്ത്ര്യസമരത്തിന്നെതിരായിരുന്നു' എന്ന് പെരിങ്ങാടി പറയുന്നത്. എന്തിനാ പീപീ മലർന്നുകിടന്ന് തുപ്പുന്നത്?

## അനുസ്മരണം

### *കെ. മുഹമ്മദ് ബശീർ സാഹിബ്*



കരുനാഗപ്പള്ളി ജമാഅത്തംഗമായ കെ. മുഹമ്മദ് ബശീർ സാഹിബ് ആഗസ്റ്റ് 23-ന് സ്വവസതിയിൽ നിര്യാതനായി. (ഇന്നാലില്ലാഹി വ ഇന്നഇലയ്ഹി റാജിഊൻ) കുറച്ചുകാലമായി രോഗബാധിതനായി കഴിയുകയായിരുന്നു. കരുനാഗപ്പള്ളിയിലെ തട്ടയ്ക്കാട് തറവാട്ടിലെ അംഗമായ പരേതൻ കരുനാഗപ്പള്ളി കോഴിക്കോട് കൂട്ടുംഗൽ കുടുംബാംഗമായ മർഹൂം കുട്ടിഹസ്സൻ മുസ്ല്യാരുടെ മകനാണ്. ആദിനാടിലെ ഫാത്തിമാ ബീവി സാഹിബയാണ് ഭാര്യ. കരുനാഗപ്പള്ളി ജമാഅത്ത് മാൽസെക്രട്ടറി കെ.ബശീറുദ്ദീൻ മഹ്മൂദഹ്മദ് ജ്യേഷ്ഠസഹോദരനും സഫിയാബീവി, സൽമാബീവി എന്നിവർ സഹോദരിമാരുമാണ്. പരേതന് അല്ലാഹു മഗ്ഫിറത്ത് നൽകി അനുഗ്രഹിക്കുമാറാകട്ടെ.

മക്കൾ: നസീമാബീവി, നിസാം, നിസാർ അഹ്മദ്, നാസിർ അഹ്മദ്.

മരുമക്കൾ: നിസാർ അഹ്മദ്, വഹീദ നിസാം, നൂരിയ നിസാർ, തസ്‌ലീമ നാസിർ.

### *കെ.പി. സിദ്ദീഖ് സാഹിബ്*

പത്തപ്പിരിയം ജമാഅത്തിലെ കെ.പി. സിദ്ദീഖ് സാഹിബ് ജൂലായ് 30-ന് ബുധനാഴ്ച നിര്യാതനായി. (ഇന്നാലില്ലാഹി വ ഇന്നഇലയ്ഹി റാജിഊൻ). അലനല്ലൂർ ജമാഅത്തംഗമായിരുന്ന കെ.പി. കുഞ്ഞലവി മൗലവി സാഹിബിന്റെ മകനാണ്. പത്തപ്പിരിയം അൻസാറുല്ലാ സയീം, ജമാഅത്തിലെ ഇമാം സ്വലാത്ത് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന പരേതൻ തബ്‌ലീഗ് രംഗത്തും ധനത്യാഗരംഗത്തും മുന്നിട്ടുനിന്നിരുന്നു. കെ.പി. മുഹമ്മദ് സാഹിബ്, കെ.പി. അബ്ദുൽലത്തീഫ് സാഹിബ്, കെ.പി. ബശീർ അഹ്മദ് സാഹിബ് എന്നിവർ സഹോദരങ്ങളും മർഹൂം കെ.പി. ആയിശ സാഹിബ സഹോദരിയുമാണ്.

മക്കൾ: കെ.പി. ശംസുദ്ദീൻ, കെ.പി. ശരീഫ്, കെ.പി. താഹിർ, കെ.പി. നൂർജഹാൻ, കെ.പി. ശംസീറ, കെ.പി. ജസീല.

അബൂ അയ്മൻ

# അനുഗൃഹീത ഖിലാഫത്ത്

പ്രകാശമാണെന്നു ദൈവം പ്രവചിച്ച സംവിധാനം
പ്രശംസയ്ക്കായന്നു ചിലർ ത്യജിച്ചകന്നു
പ്രയോജനമേകിയില്ല പ്രയത്നങ്ങൾ വ്യർത്ഥമല്ലോ
പ്രവൃത്തിയതവരുടെ എത്ര നൈർലജ്യം

പ്രവാചകനരുളിയ 'ഖുദ്റത്തെ സാനിയ' ഈ
പ്രവചിത നേരത്തുതാൻ വന്നു പ്രത്യക്ഷം
പ്രകൃതികൊണ്ടിരിരുദേഹം പ്രവൃത്തിയിലൊരുരൂപം
പ്രവാചകൻ തന്റെ തനി പ്രതിനിധാനം

പ്രഥമ ദൃഷ്ടിയിൽ വെറും മനുഷ്യകേവലനെന്നാൽ
പ്രതിദിനമേറി പ്രഭ വദനത്തിങ്കൽ
പ്രവഹിച്ചതല്ലോ ജനം പ്രിയ ഹുസൂറിൻ ദർശനം
പ്രശാന്തമായല്ലോ മനം പ്രഭാഷണത്താൽ

പ്രചോദനമുണ്ട് മധുകരമതിൽ മതിയോളം
പ്രകൃതിതൻ പ്രബോധനം സാരഥ്യം വേണം
പ്രക്ഷുബ്ദമീ ശത്രുപക്ഷം പ്രകോപത്താൽ ഖിലാഫത്തിൻ
പ്രവേശനം കാൺകേ നവശതകത്തിങ്കൽ

പ്രതികരിക്കില്ല നമ്മൾ പ്രലോഭനങ്ങൾക്കൊണ്ടൊന്നും
പ്രകൃതിതൻ പ്രഹരങ്ങൾ പ്രാപിച്ചോളൂ
പ്രഗൽഭരും പ്രഖ്യാപിച്ചു തകർക്കെന്നാലവർക്കു താൻ
പ്രത്യാഘാതമൊടുക്കം നാം പ്രചരിച്ചല്ലോ

പ്രപഞ്ചനാഥന്റെ നിത്യനിയമമീ ഖിലാഫത്ത്
പ്രതിഫലം വിശ്വാസ സൽപ്രവൃത്തികൾക്ക്
പ്രകടനമസാധ്യം നിൻ കൃതജ്ഞത ദാസരാലീ
പ്രദാനത്തിൻ ഖിലാഫത്താം സൽവരത്തിൻ

പ്രവൃത്തികൾ ഖിലാഫത്തിൻ ഭൂവിലജ്ഞർ തടഞ്ഞപ്പോൾ
പ്രസരിച്ചു പ്രക്ഷേപണം വാനത്തുനിന്നും
പ്രവാഹകമതിൽ നാദപ്രകാശങ്ങൾ ഖിലാഫത്തിൻ
പ്രബോധനം പ്രവഹിച്ചു പൃഥ്വിയിൽ നീളെ

പ്രചരിച്ചിതിൻ ശാഖകൾ സകല നാടുകൾതോറും
പ്രകീർത്തിയും ദിനംപ്രതി പെരുകിവന്നു
പ്രസിദ്ധീകരിച്ചിരുന്നു പതിറ്റാണ്ടുകൾക്കും മുന്നേ
പ്രസ്തുത പുരോഗതികൾ ബറാഹീനിലും

പ്രളയങ്ങൾ പിന്നെ തുടർപ്രകമ്പനങ്ങളുമെല്ലാം
പ്രസ്താവിതമല്ലോ സ്പഷ്ട മൊഴിയവയിൽ
പ്രത്യക്ഷമായിന്ന് സത്യപ്രവചനമായും സൽ
പ്രമാണവും ഖിലാഫത്തിൻ പരിശുദ്ധിയും

പ്രതാപവാനരുളിയ കയറിതിൽ പതറാതെ
പ്രബലമായ് പിടിച്ചു നാം മുഴുലോകത്തും
പ്രവാചകവരേണ്യർതൻ പതാകകൾ പറത്തീടാൻ
പ്രതിജ്ഞയുമടുത്തല്ലോ ഖലീഫയൊപ്പം.